# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഒക്ടോബർ 7 | ദീപം 54 | നാളം 27 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# കരുത്താർജിക്കുന്ന കർഷകപ്രക്ഷോഭം





പ്രഫ. റോണി കെ. ബേബി

കഴിഞ്ഞ വർഷം പാർലമെന്റു പാസാക്കിയ മൂന്നു കർഷകവിരുദ്ധനിയമങ്ങൾ പിൻവലിക്കുക, സ്വാമിനാഥൻ കമ്മീഷൻ നിശ്ചയിച്ച ഉത്പാദനച്ചെലവും അതിന്റെ അമ്പതു ശതമാനവും വർദ്ധിപ്പിച്ച തുകയും നൽകുക, സംഭരണം ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിവിധ കർഷകസംഘടനകൾ രാജ്യവ്യാപകമായി നടത്തുന്ന കർഷകപ്രക്ഷോഭം പത്തു മാസം പിന്നിട്ടിരിക്കുകയാണ്. ഓൾ ഇന്ത്യാ കിസാൻ സംഘർഷ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന കർഷകസമരത്തിൽ അഞ്ഞൂറോളം കർഷകസംഘടനകളാണു ഭാഗമായിരിക്കുന്നത്. രാജ്യമെമ്പാടും വിപുലമായ കർഷക ഐക്യം ഉണ്ടാക്കിയെടുക്കാൻ ഈ സമരത്തിനു കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. ബലപ്രയോഗത്തിലൂടെ ഈ സമരത്തെ തുടച്ചുനീക്കാൻ ഇതുവരെ കേന്ദ്രസർക്കാരിനു കഴിയാതെപോയത് വൻതോതിലുള്ള കർഷകപങ്കാളിത്തംമൂലമാണ്.

കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനാണ് പുതിയ നിയമങ്ങളെന്നു സർക്കാർ പറയുമ്പോഴും കാർഷിക മേഖലയുടെ നട്ടെല്ലൊടിക്കുന്നതാണ് നിയമമെന്നാണു കർഷകസംഘടനകളുടെ വാദം. കാർഷികോത്പാദന വ്യാപാര, വാണിജ്യ (പ്രോത്സാഹന) നിയമം 2020, കാർഷികസേവന വിലസ്ഥിരത സംബന്ധിച്ച് കർഷകരുടെ (ശക്തീകരണം, സംരക്ഷണം) കരാർനിയമം, അവശ്യവസ്തു (ഭേദഗതി) നിയമം 2020 എന്നിവയാണ് വിവാദമായ മൂന്നു നിയമങ്ങൾ. മൂന്നു നിയമങ്ങളും പൂർണമായി പിൻവലിക്കണമെന്നാണു കർഷകരുടെ ആവശ്യം. പിൻവലിക്കില്ല, പകരം ഭേദഗതിയാകാമെന്നാണു സർക്കാരിന്റെ നിലപാട്. ഇതു പക്ഷേ, കർഷകസംഘടനകൾ അംഗീകരിക്കുന്നില്ല.

ഡൽഹിയുടെ അതിർത്തികൾ വളഞ്ഞ് 2020 നവംബർ 26 നാണ് ദേശീയ പാതകൾ ഉപരോധിച്ച് ഗതാഗതം സ്തംഭിപ്പിച്ചുള്ള പ്രതിഷേധത്തിനു കർഷകർ തുടക്കമിട്ടത്. മരംകോച്ചുന്ന തണുപ്പിനെയും ഉരുകിയൊലിക്കുന്ന ചൂടിനെയും മാത്രമല്ല, മഹാമാരിയെയും വകവയ്ക്കാതെയാണു വയോധികരും കൊച്ചുകുട്ടികളും ഗർഭിണികളും ഉൾപ്പെടെയുള്ള ജനസഞ്ചയം പ്രക്ഷോഭത്തിന്റെ ഭാഗമായി റോഡുകളിലും തെരുവിലും ടെന്റുകളിലും സമരം തുടരുന്നത്. ഡൽഹിയുടെ അതിർത്തികളായ തിക്രിയിൽ 16-17 കിലോമീറ്റർ ദൂരത്തിലും സിംഗുവിൽ ഒൻപതു കിലോമീറ്റർ ദൂരത്തിലും പതിനായിരക്കണക്കിനു കർഷകർ പ്രതിഷേധവുമായി തമ്പടിച്ചിരിക്കുകയാണ്. പത്തു മാസമായി നടന്നുവരുന്ന കർഷകപ്രക്ഷോഭത്തിലൂടെ കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് അനുകൂലനയങ്ങൾ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടുന്നതിൽ കർഷകസംഘടനകൾ വിജയിച്ചിട്ടുണ്ട്.

▶13



# ചൈനയെ മെരുക്കാൻ ഇന്തോ-പസഫിക് മേഖലയിൽ പുതിയ പോർമുഖം



തോമസ് കുഴിഞ്ഞാലിൽ

ഓസ്ട്രേലിയ, യു.എസ്., ജപ്പാൻ, തുടങ്ങിയ രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ചേർന്ന് 2007 ൽ രൂപം കൊടുത്ത ചതുർരാഷ്ട്രകൂട്ടായ്മയായ 'ക്വാഡി'ന്റെ (quadrilateral security dialogue - 'Quad')രണ്ടാമത് ഉച്ചകോടി വാഷിങ്ടണിൽ സമാപിച്ചു. ഈ വർഷം മാർച്ചിൽ വെർചലായി സംഘടിപ്പിച്ച ആദ്യ ഉച്ചകോടിയിൽ ചില സുപ്രധാന തീരുമാനങ്ങൾ പ്രഖ്യാപിച്ചിരുന്നെങ്കിലും, നാലു ജനാധിപത്യരാജ്യങ്ങളുടെയും സമുന്നതരായ നേതാക്കൾ ഒരുമിച്ചിരുന്നു ചർച്ചകൾക്ക് നേതൃത്വം നൽകിയത് ഇതാദ്യമാണ്. യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ, ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ, ജാപ്പനീസ് പ്രധാനമന്ത്രി യോഷിഹിതെ സുഹ, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരും ഓരോ രാജ്യങ്ങളുടെയും വിദേശകാര്യമന്ത്രിമാരും സംഘാംഗങ്ങളും ഉച്ചകോടിയിൽ പങ്കെടുത്തു. ഉഭയകക്ഷി ബന്ധങ്ങൾ ആഴപ്പെടാനും കോവിഡ് മഹാമാരിമുതൽ കാലാവസ്ഥാവ്യതിയാനം വരെയുള്ള സമകാലികപ്രശ്നങ്ങൾ നേരിടാനുമായിരുന്നു യു.എസ്. പ്രസിഡന്റ് ജോ ബൈഡന്റെ നേതൃത്വത്തിൽ ഉച്ചകോടി വിളിച്ചുകൂട്ടിയത്.

### ഉച്ചകോടിയിലെ സുപ്രധാന തീരുമാനങ്ങൾ

- 2022 അവസാനത്തോടെ 100 കോടി ഡോസ് കോവിഡ് വാക്സിൻ നിർമിച്ച് ഏഷ്യൻരാജ്യങ്ങളിൽ വിതരണം ചെയ്യും.
- ഇന്ത്യാ-പസഫിക് മേഖല സ്വതന്ത്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമാകണം.
- നിയമാനുസൃതമായ ലോകക്രമത്തിനും മേഖലയുടെ സുരക്ഷയ്ക്കുംവേണ്ടി യോജിച്ചു പ്രവർത്തിക്കും.
- സാങ്കേതികമികവോടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കും.
- പരിസ്ഥിതിക്കു ദോഷം വരാത്ത രീതിയിൽ സൗഹൃദ ഷിപ്പിങ് ശൃംഖലയ്ക്ക് ആരംഭം കുറിക്കും.
- ബഹിരാകാശഗവേഷണത്തിനുള്ള ഒരു വർക്കിങ് ഗ്രൂപ്പ് രൂപീകരിക്കും.
- നാലു രാജ്യങ്ങളിലെയും സമർത്ഥരായ നൂറു വിദ്യാർത്ഥികൾക്കു ശാസ്ത്രം, ഗണിതം, എഞ്ചിനീയറിങ്, സാങ്കേതികവിദ്യ എന്നിവയിൽ ഫെലോഷിപ്പ് നൽകും.
- കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്ന കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കും.

### പുതിയ പോർമുഖം തുറക്കുന്നു

സുരക്ഷാസഹകരണമല്ല നാലു രാജ്യങ്ങളും ലക്ഷ്യമിടുന്നതെന്നും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ വെളിപ്പെടുത്തിയെങ്കിലും സ്വതന്ത്ര രാജ്യമായ തായ്‌വാൻ തങ്ങളുടെ പ്രവിശ്യയാണെന്നും, ദക്ഷിണ ചൈനാക്കടൽ തങ്ങളുടേതുമാത്രമാണെന്നുമുള്ള ചൈനയുടെ അവകാശവാദങ്ങളിലുള്ള ആശങ്ക ക്വാഡ് പങ്കുവയ്ക്കുന്നുണ്ട്. ചൈനയുടെ മുന്നേറ്റങ്ങളെ പ്രതിരോധിക്കാൻ ഓസ്ട്രേലിയയ്ക്ക് ആണവ അന്തർവാഹിനികൾ നിർമിച്ചുനല്കാനുള്ള യു.കെയുടെയും യു.എസിന്റെയും ത്രിരാഷ്ട്ര കരാർ (Australia, United Kingdom, United State - AUKUS) പ്രഖ്യാപിച്ച് ഒരാഴ്ച പിന്നിടുമ്പോൾ വിളിച്ചുചേർത്ത ക്വാഡ് ഉച്ചകോടിക്ക് ഏറെ പ്രസക്തിയുണ്ട്. ഔക്കുസ് ഉടമ്പടിപ്രകാരം അമേരിക്കൻ സാങ്കേതികസഹായത്തോടെ ഓസ്ട്രേലിയയിൽ ആണവ അന്തർവാഹിനികൾ നിർമിക്കും. ദശാബ്ദങ്ങൾക്കിടയിലെ ഏറ്റവും വലിയ പ്രതിരോധ ഉടമ്പടിയാണിതെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപപ്പെടുന്ന ഏറ്റവും വലിയ സൈനികസഖ്യമാണ് ഔക്കുസ്.

▶8

# ഹൃദയപൂർവം ഒരു ഡോക്ടർ

**മൂന്നു പതിറ്റാണ്ടോളമായി കേരളത്തിലെ ഹൃദയചികിത്സാരംഗത്തു മികവിന്റെ മുദ്രകൾ അടയാളപ്പെടുത്തിയ ഡോ. ജോർജ് തയ്യിലിനെ ഈയിടെ ഇക്കണോമിക്സ് ടൈംസ് ഇന്ത്യയിലെ പ്രമുഖ ഹൃദ്രോഗവിദഗ്ധരിലൊരാളായി തിരഞ്ഞെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അനുഗൃഹീതമായ ആതുരശുശ്രൂഷയുടെയും ആശുപത്രിമുറികൾക്കു പുറത്തെ അതുല്യസേവനത്തിന്റെയും വിശേഷങ്ങളറിയാം.**



**■ സിജോ പൈനാടത്ത്**

*രോഗം വന്നശേഷം ചികിത്സിക്കുന്നവൻ ഭിഷഗ്വരൻ. രോഗം തീവ്രമാകുന്നതിനുമുമ്പു ചികിത്സിക്കുന്നവൻ മികച്ച ഭിഷഗ്വരൻ. രോഗം ഉണ്ടാകാതെ തടയുന്നവൻ ഏറ്റവും മികച്ച ഭിഷഗ്വരൻ.*
*(ഹുവാങ് ദി നൈചിങ്*
*ചൈനീസ് വൈദ്യശാസ്ത്രപണ്ഡിതൻ)*

രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധത്തെക്കുറിച്ചും ഗൗരവമായി മനുഷ്യൻ ചിന്തിക്കുന്ന കാലത്തു ഹൃദ്രോഗത്തെ ജീവിതത്തിൽനിന്ന് അകറ്റിനിർത്താനും ഹൃദയങ്ങൾക്കു കരുതലും കാവലുമാകാനും നിരന്തരപരിശ്രമങ്ങൾ തുടരുന്ന ഒരു ഭിഷഗ്വരൻ നമുക്കിടയിലുണ്ട്. ചൈനീസ് വൈദ്യശാസ്ത്രപണ്ഡിതദർശനത്തിൽ ഏറ്റവും മികച്ച ഭിഷഗ്വരനെന്ന് അഭിമാനത്തോടെ വിളിക്കണം പ്രമുഖ ഹൃദയചികിത്സാവിദഗ്ധൻ ഡോ. ജോർജ് തയ്യിലിനെ.

ഹൃദ്രോഗസാധ്യതകളിൽനിന്ന് അകന്നുനടക്കാൻ, രോഗഭീതിയില്ലാതെ ജീവിക്കാൻ, ആരോഗ്യജീവിതം ക്രമീകരിക്കാൻ അനേകർക്കു പ്രചോദനവും പാഠപുസ്തകവുമായെന്നതാണ് ഡോ. ജോർജ് തയ്യിലിനെ ഹൃദയചികിത്സാരംഗത്തു സവിശേഷവ്യക്തിത്വമാക്കുന്നത്. 2021 ലെ ഡോക്ടേഴ്സ് ഡേയുടെ ഭാഗമായി ഇക്കണോമിക് ടൈംസ് നടത്തിയ സർവേയിൽ ഇന്ത്യയിലെ മികച്ച ഹൃദ്രോഗവിദഗ്ധരിലൊരാളായി ഡോ. ജോർജ് തയ്യിൽ തിരഞ്ഞെടുക്കപ്പെട്ടതും അതുകൊണ്ടുതന്നെ. ചികിത്സയ്ക്കു പ്രാധാന്യം കൊടുക്കുന്നതിനൊപ്പം, രോഗികൾക്കിടയിലെ ബോധവത്കരണപരിപാടികൾക്കും സമൂഹത്തിന്റെ പൊതുവായ ആരോഗ്യവളർച്ചയ്ക്കും സംഭാവനകൾ നൽകുന്നവരെയാണു സർവേയിൽ ഉൾപ്പെടുത്തിയത്.

**കുറുപ്പന്തറയിൽനിന്നു കൊച്ചിവരെ**

കോട്ടയം കുറുപ്പന്തറ മാഞ്ഞൂർ തയ്യിൽ കുടുംബത്തിൽ കുര്യൻ ചാക്കോയുടെയും അന്നമ്മയുടെയും അഞ്ച് ആൺമക്കളിൽ നാലാമനാണ് ഡോ. തയ്യിൽ. കുറുപ്പന്തറ സെന്റ് സേവ്യേഴ്സ്, മൂവാറ്റുപുഴ നിർമല സ്കൂളുകളിൽ പ്രാഥമികവിദ്യാഭ്യാസം. പ്രീഡിഗ്രി കുറവിലങ്ങാട് ദേവമാതായിൽ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ ബിരുദപഠനത്തിൽ ഡോ. എം.ജി. ശശിഭൂഷണും ഡിജിപി ജേക്കബ് പുന്നൂസുമെല്ലാം സഹപാഠികളായി.

പഠനകാലത്തു പത്രപ്രവർത്തകനാകാനായിരുന്നു മോഹം. ദീപികയിലും കുടുംബദീപം വാരികയിലും ചെറുകഥകളും പ്രമുഖ എഴുത്തുകാരുമായുള്ള അഭിമുഖങ്ങളും എഴുതി. മംഗളം ദ്വൈവാരികയുടെ ആദ്യ എഡിറ്ററായി ജോലിയിൽ പ്രവേശിച്ചെങ്കിലും പിതാവിന്റെ നിർബന്ധത്തിനു വഴങ്ങി ഉപരിപഠനത്തിനു ജർമനിയിലേക്കു പോയി.

1974 ൽ സ്കോളർഷിപ്പോടെ മ്യൂണിക്കിലെ ലുഡ്വിങ് മാക്സ്മില്യൻ യൂണിവേഴ്സിറ്റിയിൽനിന്ന് എംബിബിഎസും തുടർന്ന് എംഡിയും. എഫ്എഎംഎ, എഫ്സിസിപി, എഫ്എസിസി, എഫ്ഐസിസി, എഫ്ഇഎസ് സി, എഫ്ആർസിപി എന്നിവയും ഡോ. തയ്യിലിന്റെ മികവിന്റെ പട്ടികയിലുണ്ട്.

ജർമനി, സൗദി അറേബ്യ, ഓസ്ട്രിയ, എന്നിവിടങ്ങളിലെ പ്രമുഖ ഹാർട്ട് കെയർ സെന്ററുകളിലെ സേവനത്തിനുശേഷമാണു വരാപ്പുഴ ആർച്ചുബിഷപ്പായിരുന്ന ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ ക്ഷണം സ്വീകരിച്ചു കൊച്ചിയിലെ ലൂർദ് ആശുപത്രിയിലെത്തുന്നത്.

1992 ൽ ലൂർദിലെത്തിയ ഡോ. തയ്യിൽ, ഇവിടുത്തെ കാർഡിയോളജി വിഭാഗത്തിന്റെ സ്ഥാപകമേധാവിയും സീനിയർ കൺസൾട്ടന്റും ഡപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടുമാണ്.

**ആശ്വാസമാണ് അക്ഷരങ്ങൾ**

ജർമനിയിലെ മ്യൂണിച്ചിൽ തുടങ്ങിയ ഡോ. തയ്യിലിന്റെ ഹൃദയചികിത്സാസപര്യ, കഴിഞ്ഞ 29 വർഷമായി എറണാകുളത്തെ ലൂർദ് ആശുപത്രിയിലൂടെ മികവിന്റെ പുതിയ ഉയരങ്ങൾ സ്വന്തമാക്കി. ആശുപത്രിമുറിയിൽ മാത്രമല്ല, അക്ഷരങ്ങളിലും ആശ്വാസത്തിന്റെ വെളിച്ചം കരുതിവയ്ക്കുന്നുണ്ട് ഡോ. ജോർജ് തയ്യിൽ.

ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ട ആറ് അമൂല്യഗ്രന്ഥങ്ങൾ, ഇംഗ്ലീഷിലും മലയാളത്തിലും പേരുകേട്ട ആനുകാലികങ്ങളിലെ സ്ഥിരം പംക്തികൾ, ടെലിവിഷൻ പരിപാടികൾ എന്നിവയിലൂടെയെല്ലാം ഡോ. തയ്യിൽ തന്റെ പ്രതിഭ പ്രകാശിപ്പിച്ചു. ചികിത്സയ്ക്കൊപ്പം അദ്ദേഹത്തിന്റെ എഴുത്തുകളും വാക്കുകളും അനേകരുടെ ആരോഗ്യജീവിതത്തിനു കരുത്തുപകർന്നു.

'ഹാർട്ട് അറ്റാക്ക് ഭയപ്പെടാതെ ജീവിക്കാം' എന്ന ശ്രദ്ധേയഗ്രന്ഥത്തിന്റെ മൂന്നു പതിപ്പുകൾ പ്രസിദ്ധീകരിച്ചു. ഹൃദ്രോഗം മുൻകരുതലും ചികിത്സയും, ഹൃദ്രോഗചികിത്സ പുതിയ കണ്ടെത്തലുകളിലൂടെ, ഹൃദയാരോഗ്യത്തിനു ഭക്ഷണവും വ്യായാമവും, ഹൃദയപൂർവം ഒരു ഹെൽത്ത് ഗൈഡ്, സ്ത്രീകളും ഹൃദ്രോഗവും എന്നിവയാണ് ഡോ. ജോർജ് തയ്യിലിന്റെ മറ്റു പുസ്തകങ്ങൾ.



**ഡോ. ജോർജ് തയ്യിൽ**

മലയാളത്തിലെ ടെലിവിഷൻ ചാനൽ മേഖലയിൽ ആദ്യമായി ആരോഗ്യാധിഷ്ഠിത പരിപാടികൾ ആരംഭിച്ചത് ഇന്ത്യാ വിഷനിലൂടെ ഡോ. തയ്യിലാണ്. പ്രമുഖ ടെലിവിഷൻ ചാനലുകളിലെ ഡോ. ലൈവ്, മൈ ഡോക്ടർ പരിപാടികളിൽ സ്ഥിരസാന്നിധ്യമാണ് ഇദ്ദേഹം. രണ്ടു വർഷത്തിലധികം പരമ്പരയായി പ്രക്ഷേപണം ചെയ്ത ശാലോം ടെലിവിഷനിലെ ജീസസ് ദി ഡിവൈൻ ഹീലർ എന്ന പരിപാടി ശ്രദ്ധേയമായിരുന്നു.

ബിഎസ്സിക്കു പഠിക്കുമ്പോൾ യൂണിവേഴ്സിറ്റി കോളജ് മാഗസിനിൽ പ്രസിദ്ധീകരിക്കാനുള്ള വലിയ ആഗ്രഹത്തോടെ ഒരു കഥയും ലേഖനവും മലയാളം വിഭാഗം മേധാവിയായിരുന്ന കൃഷ്ണപിള്ളയെ അദ്ദേഹം ഏല്പിച്ചു. കഥ വായിച്ച കൃഷ്ണപിള്ള ഡോ. തയ്യിലിനെ സാക്ഷിയാക്കിത്തന്നെ അതു നിഷ്കരുണം കീറിക്കളഞ്ഞു! അത് അദ്ഭുതവും സങ്കടവുമുണ്ടാക്കിയെങ്കിലും തൊട്ടുപിന്നാലെ ഡോ. തയ്യിലിന്റെ ലേഖനം വായിച്ച കൃഷ്ണപിള്ള മികച്ചതെന്നു പറഞ്ഞ് അഭിനന്ദിച്ചു, പ്രസിദ്ധീകരിച്ചു. ഇനിയും ലേഖനങ്ങൾ എഴുതണമെന്ന് അദ്ദേഹം ഓർമിപ്പിക്കുകയും ചെയ്തത് വലിയ പ്രചോദനമായെന്നും ഡോ. തയ്യിൽ ഓർക്കുന്നു. പിന്നീട് കോട്ടയത്തെ യുവജന സാഹിത്യവേദിയും, പ്രതിമാസബുള്ളറ്റിനുമെല്ലാം എഴുതിത്തെളിയാൻ തന്നെ സഹായിച്ചെന്നും അദ്ദേഹം പറഞ്ഞു.

**അന്നത്തെ ആത്മീയഗുരു, ശേഷം പാപ്പ**

മ്യൂണിക്കിലെ ലുഡ്വിങ് മാക്സ്മില്യൻ യൂണിവേഴ്സിറ്റിയിലെ മെഡിക്കൽ പഠനഘട്ടത്തിൽ, പരിചയപ്പെട്ടൊരു വ്യക്തിത്വം തന്റെ ആത്മീയഗുരുവായതും പിന്നീടു സാർവത്രിക കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായതും ഡോ. തയ്യിലിന്റെ സ്മൃതികൾക്കു നിറം പകരുന്നതാണ്. ഇതേ യൂണിവേഴ്സിറ്റിയിൽ തിയോളജി പ്രഫസറായി ഫാ. ജോസഫ് റാറ്റ്സിങ്ങറും ഉണ്ടായിരുന്നു. അദ്ദേഹവുമായുള്ള പരിചയം ആ കുടുംബവുമായുള്ള സൗഹൃദമായി വളർന്നു. പലവട്ടം ആ കുടുംബത്തിൽ അതിഥിയായി. ഫാ. റാറ്റ്സിങ്ങർ ബെനഡിക്ട് പതിനാറാമൻ പാപ്പയായശേഷവും മൂന്നുവട്ടം അദ്ദേഹത്തെ സന്ദർശിച്ചു.

ബെനഡിക്ട് പതിനാറാമൻ പാപ്പായുമായുള്ള ആത്മീയബന്ധവും ഊഷ്മളസൗഹൃദവും വിഷയമാക്കി ഡോ. ജോർജ് തയ്യിൽ പുതിയ പുസ്തകത്തിന്റെ പണിപ്പുരയിലാണ്. 'ഞാൻ അറിയുന്ന ബെനഡിക്ട് പതിനാറാമൻ' എന്ന പേരിലുള്ള ഗ്രന്ഥം ഉടൻ പ്രസിദ്ധീകരിക്കും.

**അംഗീകാരപ്പെരുമ**

ഗ്ലോബൽ മലയാളി കൗൺസിലിന്റെ ഗ്ലോബൽ എക്സലൻസി മെഡിക്കൽ അവാർഡ്, കുടുംബദീപം അവാർഡ്, സർവോദയം കുര്യൻ അവാർഡ്, കെസിബിസി ദാർശനിക വൈജ്ഞാനിക പുരസ്കാരം, മികച്ച ഡോക്ടർക്കുള്ള ചീഫ് മിനിസ്റ്റേഴ്സ് ആരോഗ്യരത്ന പുരസ്കാരം, ഗുഡ്നെസ് ടിവി മെഡിക്കൽ എക്സലൻസി അവാർഡ്, റോട്ടറി കോസ്മോസ് കൊച്ചിൻ ഹാർട്ട്കെയർ എക്സലൻസ് അവാർഡ്, ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം എന്നിവയും ഡോ. തയ്യിലിന്റെ സേവനങ്ങൾക്കുള്ള അംഗീകാരങ്ങളാണ്.

**പൊതുരംഗത്തും സജീവം**

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നൂറോളം മെഡിക്കൽ ക്യാമ്പുകൾ ഡോ. ജോർജ് തയ്യിലിന്റെ നേതൃത്വത്തിൽ നടത്തി. അഗതികൾക്കായി സൗജന്യ മെഡിക്കൽ പരിശോധന നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നു.

ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജി, അക്കാദമി ഓഫ് എക്കോകാർഡിയോഗ്രഫി എന്നിവയുടെ സംസ്ഥാന പ്രസിഡന്റ്, എക്കോകാർഡിയോഗ്രഫി അക്കാദമിയുടെയും ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജിയുടെയും കേരള ചാപ്റ്ററിലെ സയന്റിഫിക് കമ്മിറ്റി ചെയർമാൻ തുടങ്ങിയ നിലകളിലും സേവനം ചെയ്തു.

കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജി, ഇന്ത്യൻ അക്കാദമി ഓഫ് എക്കോ കാർഡിയോളജി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ജർമൻ സൊസൈറ്റി ഓഫ് കാർഡിയോളജി, ഓസ്ട്രിയൻ സൊസൈറ്റി ഓഫ് കാർഡിയോളജി, യൂറോപ്യൻ അസോസിയേഷൻ ഫോർ കാർഡിയോ വാസ്കുലാർ പ്രിവൻഷൻ ആൻഡ് റിഹാബിലിറ്റേഷൻ, അമേരിക്കൻ കോളജ് ഓഫ് കാർഡിയോളജി, യൂറോപ്യൻ സൊസൈറ്റി ഓഫ് കാർഡിയോളജി എന്നിവയിൽ ഡോ. തയ്യിൽ അംഗമാണ്.

**കുടുംബം**

ന്യൂറോ സൈക്യാട്രിസ്റ്റായ ഡോ. ശുഭ പാലാക്കുന്നേലാണ് ഡോ. തയ്യിലിന്റെ ജീവിതപങ്കാളി. തലവേദന ചികിത്സകളിൽ പ്രഗല്ഭയായ ഇവർ കൊച്ചിയിൽ ഇതിനായി പ്രത്യേക സ്ഥാപനം നടത്തുന്നു. ആൻമേരിയും എലിസ് മേരിയുമാണു മക്കൾ.

രോഗം വന്നിട്ടു ചികിത്സിക്കുന്നതിനെക്കാൾ വരാതെ സൂക്ഷിക്കണമെന്ന വൈദ്യശാസ്ത്രത്തിന്റെ എക്കാലത്തെയും പ്രസക്തമായ ഓർമപ്പെടുത്തലിന്റെ പ്രായോഗികസാക്ഷ്യമാണു മൂന്നു പതിറ്റാണ്ടു പിന്നിട്ട ഡോ. തയ്യിലിന്റെ ആതുരശുശ്രൂഷാജീവിതം. നൂറുകണക്കിനു ഹൃദ്രോഗികളെ, അതും തീവ്രമാകാമായിരുന്നവരെ, അദ്ദേഹം കൈപിടിച്ചു സാധാരണജീവിതത്തിലേക്കു തിരിച്ചെത്തിച്ചു. അതിനുമപ്പുറം ബൈപ്പാസ് നടത്തേണ്ടിയിരുന്ന രോഗികളുടെ ആരോഗ്യശീലങ്ങളിൽ പുനഃക്രമീകരണം നിർദേശിച്ചു. ശസ്ത്രക്രിയയില്ലാതെ സാധാരണ ജീവിതത്തിലേക്കു മടങ്ങിയെത്തിയവരും അക്കൂട്ടത്തിലുണ്ട്.

ഹൃദയചികിത്സാരംഗത്തെ അത്യാധുനിക സങ്കേതങ്ങളും സാധ്യതകളും കാലാനുസൃതമായി പ്രയോജനപ്പെടുത്തി പ്രഫഷനിൽ മികവുയർത്തുമ്പോഴും, ഡോ. ജോർജ് തയ്യിലിന്റെ ജീവിതം തനിക്കു ചുറ്റുമുള്ളവരുടെ ആരോഗ്യസംരക്ഷണത്തിനുള്ള സമർപ്പിതസപര്യയാകുന്നു; ഹൃദയംകൊണ്ടെഴുതിയ കവിതയാകുന്നു.

■

# അടങ്ങാത്ത വിശപ്പും നിലയ്ക്കാത്ത ധൂർത്തും



ടോണി ചിറ്റിലപ്പിള്ളി

**ലോ**കത്ത് ഒരു വിഭാഗം ജനങ്ങൾ അമിതഭക്ഷണംമൂലമുള്ള പ്രയാസങ്ങൾ നേരിടുമ്പോൾ മറ്റൊരു വിഭാഗം ആവശ്യത്തിനു ഭക്ഷണമില്ലാതെ വിഷമിക്കുകയാണ്. ഏകദേശം 820 മില്യൺ ആളുകളാണ് പട്ടിണിയെത്തുടർന്നുള്ള രോഗങ്ങളുമായി ജീവിക്കുന്നത്. അതേസമയം 670 മില്യണിലധികം ജനങ്ങൾ അമിതവണ്ണവും അതുമായി ബന്ധപ്പെട്ടുള്ള മറ്റ് അസുഖങ്ങളുമായി കഴിയുന്നു.

ലോകത്ത് ഓരോ ദിവസവും അഞ്ചു വയസ്സിൽ താഴെയുള്ള അഞ്ചു മില്യൺ കുട്ടികൾ പോഷകക്കുറവിനെത്തുടർന്നു മരിക്കുന്നുവത്രേ. ഒരു വർഷം നമ്മൾ പാഴാക്കുന്ന ഭക്ഷണത്തിന് ഒമ്പതു ദശലക്ഷം ജീവനുകളുടെ വിലയുണ്ടെന്നർത്ഥം.

ആഗോളതലത്തിൽ, ഉത്പാദിപ്പിക്കുന്ന ഭക്ഷണത്തിന്റെ 14 ശതമാനത്തോളം വിളവെടുപ്പിനും കച്ചവടസ്ഥലത്തിനുമിടയിൽ നഷ്ടപ്പെടുന്നു. മൊത്തം ആഗോള ഭക്ഷ്യോത്പാദനത്തിന്റെ 18 ശതമാനം പാഴാക്കപ്പെടുന്നു (11 ശതമാനം വീടുകളിൽ, 5 ശതമാനം ഭക്ഷ്യസേവനത്തിൽ, 2 ശതമാനം ചില്ലറവില്പനയിൽ).

അമേരിക്കയിലെ വൻകിട ഹോട്ടലുകളിൽ പാഴാക്കുന്ന ഒരു ദിവസത്തെ ഭക്ഷണംകൊണ്ട് സോമാലിയപോലുള്ള ദരിദ്രരാഷ്ട്രങ്ങളിലെ ഒരു ദിവസത്തെ ഭക്ഷണാവശ്യം മൊത്തം നിറവേറ്റാനാകുമെന്നാണ് കണക്ക്.

ത്രീ കോഴ്സ്, ഫോർ കോഴ്സ് ഡിന്നറിനെക്കുറിച്ചു കേട്ടിട്ടുണ്ടാവും. എന്നാൽ, 30 കോഴ്സ് ഡിന്നറിനെപ്പറ്റി കേട്ടിട്ടുണ്ടോ? ഇന്ത്യയിലെ ഒരു രാഷ്ട്രീയപ്പാർട്ടിയുടെ നേതാവിന്റെ മകന്റെ കല്യാണം കുറച്ചുകാലംമുമ്പ് ഡൽഹിയിൽ നടന്നപ്പോൾ തായ്, ചൈനീസ്, മെഡിറ്ററേനിയൻ വിഭവങ്ങളടക്കം 100 ഇനങ്ങളുമായാണ് സദ്യയൊരുക്കിയത്.

സങ്കടകരമായ ഒരു വസ്തുത നമ്മുടെ സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയാണ്.



രാജ്യത്ത് ലക്ഷങ്ങൾ പട്ടിണി കിടക്കുമ്പോൾ നമ്മുടെ എഫ്സിഐ ഗോഡൗണുകളിലെ ധാന്യങ്ങൾ അഴുകിയും എലികൾ തിന്നും നശിക്കുന്നു.

ഇരുട്ടിലെ ലക്ഷ്യത്തിലേക്കു കൃത്യമായി എറിയാൻ മാത്രം ഒളിമ്പിക്സിൽ മത്സരമുണ്ടായാൽ സ്വർണവും വെള്ളിയും വെങ്കലവും മലയാളിക്കു ലഭിക്കും. അത്ര കൃത്യമാണ് വീട്ടിൽ സൂക്ഷിച്ചുവച്ച മാലിന്യം പ്ലാസ്റ്റിക് കവറിലാക്കി ഇരുട്ടിൽ അടുത്ത പറമ്പിലോ തെരുവോരത്തോ എറിയാനുള്ള മലയാളിയുടെ പാടവം.

രാത്രികളിൽ അറവുശാലകളിലെ മാലിന്യം ലോറിയിൽ കൊണ്ടുവന്ന് റോഡരികിലും പുഴയോരത്തും വയലുകളിലും നിക്ഷേപിച്ച് ആളുകൾ ഓടിമറയുന്നു. ആദ്യം മലയാളി വൃത്തിയാക്കേണ്ടത് സ്വന്തം മനസ്സിലെ മാലിന്യമാണ്. 'എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്വം' ആയിരിക്കണം.

വ്യക്തിശുചിത്വത്തിന്റെ ഭാഗമായി ദിവസവും കുളിക്കുകയും നല്ല വസ്ത്രം ധരിക്കുകയും ചെയ്യുന്ന മലയാളി സാമൂഹികശുചിത്വം എന്ന പാഠം കൃത്യതയോടെ ഒരിക്കലും പഠിക്കുന്നില്ല. വീടിന്റെ അകം വൃത്തിയാക്കുന്നതിൽ ശ്രദ്ധാലുക്കളായ നാം ഭക്ഷ്യാവശിഷ്ടങ്ങളും പ്ലാസ്റ്റിക് കൂടുകളും അലക്ഷ്യമായി വലിച്ചെറിയുന്നു. കേരളീയന്റെ ശുചിത്വബോധത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഈ 'പെരുമാറ്റദൂഷ്യ'ത്തെ അകറ്റാൻ ആർക്കും കഴിഞ്ഞതുമില്ല.

**ഇലക്ട്രോണിക് മാലിന്യങ്ങൾ**

സംസ്ഥാനത്ത് നിക്ഷേപിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ അഥവാ 'ഇ-മാലിന്യങ്ങൾ' ഗുരുതര ഭീഷണിയായി മാറിയിരിക്കുകയാണിന്ന്. ഒരു സാധാരണ കമ്പ്യൂട്ടറിൽ മാത്രം ആയിരത്തോളം വിഷപദാർഥങ്ങൾ അടങ്ങിയിട്ടുണ്ട്. ലെഡ്, കാഡ്മിയം, മെർക്കുറി തുടങ്ങിയ ഘനലോഹങ്ങൾ ഇവയിൽപ്പെടും. ഇവ കൂടാതെ താലിയം, ബോറോൺ, ബോറിലിയം, കോബാൾട്ട്, റോഡിയം തുടങ്ങി അസംഖ്യം വസ്തുക്കൾ ഇലക്ട്രോണിക് മാലിന്യങ്ങളായി പുറന്തള്ളപ്പെടുന്നു. ഇക്കൂട്ടത്തിൽ പലതും നാഡീവ്യൂഹം, വൃക്കകൾ, തലച്ചോറ് എന്നിവയ്ക്കു തകരാറുണ്ടാക്കാൻ പോന്നവയാണ്. കാൻസറിനു കാരണമാകുന്നവ വേറെയുമുണ്ട്.

മനുഷ്യന്റെ തലച്ചോറിനെ തകർക്കുന്ന വിഷ അഡിറ്റീവുകളോ മെർക്കുറിപോലുള്ള അപകടകരമായ വസ്തുക്കളോ അടങ്ങിയിരിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രതിസന്ധിയാണ് ഇ-മാലിന്യങ്ങൾ. ലോകത്ത് 52.7 ദശലക്ഷം ടൺ ഇലക്ട്രോണിക് മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന് യുഎൻ റിപ്പോർട്ട് പറയുന്നു. ഇ-മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യനിർമാർജന പദ്ധതികളിലൂടെ സംഭരിച്ച് ശാസ്ത്രീയ പുനഃചംക്രമണത്തിനു വേർതിരിച്ചു നൽകുന്നതിന് കേരളത്തിൽ സർക്കാർ മുൻകൈയെടുത്തു



രൂപീകരിച്ച ക്ളീൻ കേരള കമ്പനി ഈ രംഗത്ത് പുതിയ പ്രതീക്ഷ നൽകുന്നു.

ചില രാജ്യങ്ങൾ മാലിന്യങ്ങൾ അനുഗ്രഹങ്ങളാക്കി മാറ്റുന്നുവെന്നത് ശുഭോദർക്കമായ കാര്യമാണ്. ടോക്കിയോ ഒളിമ്പിക്സിനുവേണ്ടി ജപ്പാൻ ശേഖരിച്ചത് 80,000 ടണ്ണോളം ഇലക്ട്രോണിക്സ് ഗാഡ്ജറ്റുകളാണ്. ഇത്തവണ ഒളിമ്പിക്സ് ഇനങ്ങളിൽ വിജയികളായവർ കഴുത്തിലണിഞ്ഞത് ഈ ഉപകരണങ്ങളിൽ നിന്നു വേർതിരിക്കുന്ന ലോഹങ്ങൾകൊണ്ടു നിർമിച്ച മെഡലുകളായിരുന്നു.

പൊങ്ങച്ചത്തിന്റെയും ദുരഭിമാനത്തിന്റെയും പ്രതീകങ്ങളാകുന്നതാണ് ഭക്ഷണധൂർത്തിന്റെ മൂലകാരണങ്ങൾ. പണം എങ്ങനെ, ഏതുവഴിയിൽ ചെലവഴിക്കണമെന്നു നിശ്ചയമില്ലാത്തവരാണ് നമ്മുടെ സമൂഹത്തിൽ ഭൂരിപക്ഷവും. അനാവശ്യമായി പണം ധൂർത്തടിച്ചും പാഴാക്കിയും അവസാനം പാപ്പരായി മാറിയവർ നമ്മുടെയിടയിൽ ധാരാളമുണ്ട്.

വിദേശനാണ്യം ഒഴുകാൻ തുടങ്ങിയതു മുതലാണ് കൊച്ചുകേരളത്തിൽ ധൂർത്തു വ്യാപിച്ചത്. കഞ്ഞിക്കു വകയില്ലാതെ പാടത്തും പറമ്പത്തും എല്ലുമുറിയെ പണിയെടുത്തിരുന്ന പാവപ്പെട്ട മലയാളികളാണ് അല്പം 'വിദേശപണം' കൈയിൽ വന്നപ്പോഴേക്കും വന്നവഴി മറന്ന് ധൂർത്തന്മാരും അത്യാഗ്രഹികളുമായി മാറിയത്. വിദേശത്ത് മുൻസിപ്പാലിറ്റിയിലും മറ്റുമായി അഴുക്കുചാലുകളും മലിനപ്രദേശങ്ങളും വൃത്തിയാക്കുന്നവർ വരെ ലീവിനു നാട്ടിൽ വരുമ്പോൾ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാനും ധൂർത്തിനും മുമ്പിൽ നിൽക്കുന്നത് ഈ 'സംസ്കാര'ത്തിന്റെ വ്യാപനംകൊണ്ടാണ്.

നിയന്ത്രണമില്ലാത്ത ധൂർത്തും ആഡംബരപൂർണമായ ജീവിതവും മലയാളിയുടെ ജീവിതത്തിന്റെ സാംസ്കാരികമൂല്യങ്ങളെ ഊറ്റിക്കളയുന്നു. ഭക്ഷണം പാഴാക്കുന്നതിനെക്കുറിച്ചുള്ള ബോധവത്കരണത്തോടൊപ്പം പട്ടിണിയും വിശപ്പും സമഗ്രമായി കാണേണ്ടതിന്റെ ആവശ്യകതയാണ് യുഎൻ 2021 ലെ ഭക്ഷ്യമാലിന്യസൂചിക റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നത്.

ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്, വിട്ടുമാറാത്ത ദാരിദ്ര്യം, തെറ്റായ ഭക്ഷ്യവിതരണം, സംഘർഷങ്ങൾ, ഉയർന്ന ജനസംഖ്യ ഉയർത്തുന്ന ഭീഷണികൾ, ഭക്ഷണം പാഴാക്കൽ എന്നിവയെല്ലാം പ്രശ്നം രൂക്ഷമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യങ്ങളുടെ നഷ്ടം, പരിസ്ഥിതിമലിനീകരണം, മാലിന്യങ്ങൾ കുറയ്ക്കൽ എന്നിവയെ വളരെ ഗൗരവപൂർവം സമീപിക്കണമെന്നും, ഗവൺമെന്റുകളും പൗരൻമാരും ഭക്ഷ്യമാലിന്യങ്ങൾ കുറയ്ക്കുന്നതിൽ വഹിക്കുന്ന പങ്ക് നിർണായകമാണെന്നും യുഎൻഎക്സിക്യൂട്ടീവ് ഡയറക്ടർ ഇംഗർ ആൻഡേഴ്സൺ സൂചിപ്പിക്കുന്നു.

സ്വന്തം മാലിന്യങ്ങൾ കുറയ്ക്കുന്നതിന് ഓരോരുത്തർക്കും ചെയ്യാൻ കഴിയുന്ന കാര്യങ്ങളുണ്ട്. പക്ഷേ, വ്യവസ്ഥാപരമായ പ്രവർത്തനത്തിന്റെ അടിസ്ഥാനം നമ്മുടെ രാജ്യത്തിന്റെ നേതൃത്വത്തിൽനിന്നു വരേണ്ടിയിരിക്കുന്നു. ദേശീയതലത്തിൽ ഈ വിഷയം ഒരു മുൻഗണനയായി ഉന്നയിക്കാം. അല്ലെങ്കിൽ നമ്മുടെ വിഭവങ്ങളും പാഴായിപ്പോകുന്ന ഭക്ഷണവും അതു കഴിക്കാൻ കഴിയാത്ത നമ്മുടെ വിശക്കുന്ന അയൽവാസികളും നമ്മുടെ മുമ്പിൽ എന്നും ചോദ്യചിഹ്നങ്ങളായി നിലനിൽക്കും. ■

---

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## കാലപ്പകർച്ച



രണ്ട് ആൺമക്കളുണ്ടായിട്ടും അയാളും ഭാര്യയും വൃദ്ധസദനത്തിലാണ്.

നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നാണല്ലോ പ്രമാണം. അച്ഛനമ്മമാരെ സ്നേഹിക്കാത്ത മക്കൾ അയൽക്കാരെ സ്നേഹിക്കുമോ? അതുപോലെ, സ്വാർത്ഥതയിൽ പരസ്പരം മത്സരിക്കുന്ന മക്കളോട് നിന്നെപ്പോലെ നിന്റെ സഹോദരനെയെങ്കിലും സ്നേഹിക്കുക എന്നു പറഞ്ഞാലും അവർ കേൾക്കില്ല.

കാലപ്പകർച്ചയെക്കുറിച്ചോർത്ത് നെടുവീർപ്പിട്ടു അയാളും ഭാര്യയും.

# മൗനമുടഞ്ഞ ശബ്ദം



സി. ഡോ. തെരേസ് ആലഞ്ചേരി SABS

**ഇ**ലത്തുമ്പിൽ വീണ മഞ്ഞുതുള്ളിപോലെ മൃദുലമായിരുന്നു മൗനമുടഞ്ഞ ശബ്ദം. അവരാരും അവിടെ ഉണ്ടായിരുന്നില്ല. താൻ സൗഖ്യം കൊടുത്ത മനുഷ്യർ, എന്തിനേറെ ജീവൻ തിരിച്ചുകിട്ടിയ ലാസർപോലും... 'ആരെയാണ് ഞാൻ സ്വതന്ത്രനാക്കേണ്ടത്' എന്ന പീലാത്തോസിന്റെ ചോദ്യത്തിനുമുന്നിൽ പ്രിയപ്പെട്ടവർ എന്നു കരുതിയവർ പാലിച്ച മൗനമാണ് യേശുവിനെ ക്രൂശിലേക്കു നയിച്ചത്.

പണ്ഡിതരും രാജഗുരുക്കന്മാരും ഉണ്ടായിരുന്നിട്ടും ആ സ്ത്രീക്കുവേണ്ടി ആരും സംസാരിച്ചതായി കാണുന്നില്ല, പാഞ്ചാലിയുടെ കാര്യംതന്നെ. ഭഗവാൻ കൃഷ്ണന്റെ കരുതലിൽ അവർ സ്വയം വീണ്ടെടുക്കപ്പെടുകയാണുണ്ടായത്.

കൊടിയ യാതനകളിലൂടെയും അലച്ചിലുകളിലൂടെയും ധ്യാനത്തിലൂടെയും ഒരാൾ കണ്ടെത്തുന്ന സത്യം അതു വെളിപ്പെടുത്തുമ്പോൾ ആ വ്യക്തി സ്വയം മുറിവേൽക്കുന്നുണ്ട്. എന്നാൽ, ആ പോറലുകൾപോലും ധ്യാനപൂർവം സ്വീകരിച്ച പ്രകാശംകിട്ടിയ മനുഷ്യർ നമുക്കു ചുറ്റുമുണ്ട് എന്നത് ആശ്വാസകരംതന്നെ. ഇത്തരം വെട്ടംകിട്ടിയ മനുഷ്യരാണ് ഈ ഭൂമിയുടെ ആശീർവാദം. പല വീടുകളുടെയും അകത്തളങ്ങളിൽനിന്നുയരുന്ന കൂട്ടനിലവിളികൾക്കുനേരേ ചെവിയടയ്ക്കാൻ ഇവർക്കു കഴിയില്ല. അതുകൊണ്ടാണ് മുറിവേൽക്കുമെന്നറിഞ്ഞിട്ടും രക്ഷിക്കാനായി ഇറങ്ങിത്തിരിക്കുന്നത്. ഇവിടെയൊക്കെ തർക്കിച്ചു തോൽപ്പിക്കാനല്ല സ്വയം അറിയാനും മറ്റുള്ളവരെ മനസ്സിലാക്കാനും കഴിയുന്ന വിനീതഭാഷണങ്ങളിലൂടെ മുറിവേറ്റവരെ സുഖപ്പെടുത്താനും ഭൂമിയുടെ സൗന്ദര്യം വീണ്ടെടുക്കാനുമാണ് നാം ശ്രദ്ധിക്കേണ്ടത്.

പ്രതികരിക്കാനും പ്രതിരോധിക്കാനും സ്വാതന്ത്ര്യവും അവകാശവും ഉണ്ടായിരുന്നിട്ടും ചില ജ്ഞാനികൾ കുലീനമായി മൗനം പാലിക്കാറുണ്ട്. എന്നാൽ, നിഷ്കളങ്കരുടെ നിലവിളികൾക്കു മുന്നിൽ ഇവർ വാചാലരാകും. കാലികസംഭവങ്ങൾ മാറിനിന്നു നോക്കുമ്പോൾ മനസ്സു മുറിയും. കാരണം, സത്യത്തിന്റെമേലുള്ള ആക്രോശങ്ങളും നീതിരഹിതമായ വിചാരണകളും അത്രമേലുണ്ട്. എന്നാൽ, ഇവിടെയും അപമാനങ്ങളെ മൂലധനമാക്കാൻ കരുത്തുള്ള ആന്തരികലോകമുള്ളവരാണ് ഇന്നിന്റെ പ്രതീക്ഷ. ആരോപണങ്ങളുടെ ലുത്തിനിയാകൾകൊണ്ട് ആക്രമണത്തിനെത്തുന്നവർ തങ്ങളുടെ ഉള്ളിലേക്ക് ഒന്നു യാത്ര ചെയ്തിരുന്നെങ്കിൽ അസ്വസ്ഥതകൾ ഒഴിവാക്കാമായിരുന്നു. അപരനെ നിയന്ത്രിക്കാനും മര്യാദ പഠിപ്പിക്കാനും വേണ്ടി നമ്മൾ പൊട്ടിത്തെറിക്കുമ്പോൾ നമുക്കു നമ്മുടെമേലുള്ള നിയന്ത്രണം നഷ്ടമാകുന്നു

> **കാലികസംഭവങ്ങൾ മാറിനിന്നു നോക്കുമ്പോൾ മനസ്സു മുറിയും. കാരണം, സത്യത്തിന്റെ മേലുള്ള ആക്രോശങ്ങളും നീതിരഹിതമായ വിചാരണകളും അത്രമേലുണ്ട്. എന്നാൽ, ഇവിടെയും അപമാനങ്ങളെ മൂലധനമാക്കാൻ കരുത്തുള്ള ആന്തരികലോകമുള്ളവരാണ് ഇന്നിന്റെ പ്രതീക്ഷ. ആരോപണങ്ങളുടെ ലുത്തിനിയാകൾ കൊണ്ട് ആക്രമണത്തിനെത്തുന്നവർ തങ്ങളുടെ ഉള്ളിലേക്ക് ഒന്നു യാത്ര ചെയ്തിരുന്നെങ്കിൽ അസ്വസ്ഥതകൾ ഒഴിവാക്കാമായിരുന്നു.**

എന്നറിയുക പ്രധാനം.

അവന്റെ മൗനം ദേശത്തിന്റെ അധിപനെ അദ്ഭുതപ്പെടുത്തി എന്നത് ക്രിസ്തുവിനെക്കുറിച്ച് ബൈബിളിന്റെ സാക്ഷ്യം. എന്നാൽ, മൗനം ഭേദിച്ച ചില സമയങ്ങളിൽ ധ്യാനം നിറച്ച വാക്കുകൾ പരിസരങ്ങളെ പ്രകാശപൂരിതമാക്കിയെന്നതും സത്യം. ഞാൻ പറഞ്ഞത് സത്യമാണെങ്കിൽ എന്തിന് നീ എന്നെ അടിച്ചു എന്നു ചോദിക്കാനുള്ള ആർജവവും ക്രിസ്തുവിനുണ്ടായിരുന്നു.

വിമോചനത്തിന്റെ നിലവിളികളോടു കരുണ കാണിക്കാൻ കഴിയണം. നാം ജീവിക്കുന്ന ഇടങ്ങളിൽ വലിഞ്ഞുമുറുകിയ ഞരമ്പുകളും പുഞ്ചിരിമാഞ്ഞ മുഖങ്ങളും ഉണ്ടെന്ന തിരിച്ചറിവാണ് നന്മ നിറഞ്ഞ മനുഷ്യരെ വാചാലരാക്കുന്നത്. ഹൃദയപൂർവം സംസാരിക്കുന്നതിനുമുമ്പ് അവർ മൗനംകൊണ്ട് ഒരുങ്ങിയവരാണ്. അവർ ഭൂമിയുടെ സുഗന്ധമാണെന്ന കാര്യം മറക്കരുത്.

സാരമില്ല, എല്ലാം ശരിയാകും എന്നു വിചാരിച്ച് കരുണയോടെ കാത്തിരിക്കുന്നവരിൽ മൗനത്തിന്റെ വിശുദ്ധിയുണ്ട്. കലഹിക്കുന്നവരെ നോക്കി ആശീർവദിക്കാൻ കഴിയുന്ന ഇവർ ക്രിസ്തുവിന്റെ പരിമളമാണെന്നു തിരിച്ചറിയുമ്പോൾ നാം ജീവിക്കാനുള്ള ഊർജം സംഭരിക്കുകയാണ്. എന്നാൽ, അപകടമാകുന്നു എന്നു കാണുമ്പോൾ ഇവർ വാചാലരാകും. അത്തരം ചില ഇടപെടലുകളാണ് സമൂഹനിർമിതിക്കു കളമൊരുക്കുന്നത്. നിസ്സംഗതയോടുകൂടിയ ചില മൗനങ്ങളുണ്ട്. അതു നമ്മിലെ ജൈവഘടികാരത്തിന്റെ നേർക്കുള്ള ധിക്കാരമാണ്. നാലുമണിപ്പൂവ് നാലുമണിക്കാണു വിടരുന്നത്. പത്തുമണിപ്പൂവ് പത്തുമണിക്കും. അതുവരെ അതു തപസ്സിലാണ്. ഉചിതമായ സമയത്തെ ഉണർവാണ് നമുക്കാവശ്യം. ഉള്ളിലെ ഉണർവാണല്ലോ ജാഗ്രത.

ഒരു സിംഹം കാല്പാദങ്ങളിൽ ഉരുമ്മിക്കിടക്കുന്നതായിട്ടാണ് നാം വി. ജെറോമിന്റെ ചിത്രം കാണുന്നത്. തന്റെ കാലിൽ തുളച്ചുകയറിയ മുള്ളെടുത്തുമാറ്റിയതിന്റെ നന്ദിയായി ആ സിംഹം ആശ്രമംവിട്ടുപോയില്ല. അവിടെയുള്ള കഴുതയോടൊപ്പം കാട്ടിൽ വിറകുശേഖരിക്കാൻ പോകുമ്പോൾ അകമ്പടി സേവിക്കാറുണ്ട്. ഒരുനാൾ കഴുത തിരികെവന്നില്ല. ആശ്രമവാസികൾ സംശയിച്ചു. സിംഹം കൊന്നതാണ്. സിംഹത്തിന്റെ മനസ്സുപിടഞ്ഞു. അന്നുമുതൽ അതു പലപ്പോഴും പട്ടിണി കിടന്നിരുന്നു. ഒരിക്കൽ മരുഭൂമിയിലൂടെ യാത്ര ചെയ്ത കൊള്ളക്കാരുടെകൂടെ സിംഹം കഴുതയെ കണ്ടു. സടകുടഞ്ഞെണീറ്റ് അവരിൽനിന്നു കഴുതയെ മോചിപ്പിച്ചു. പേടിച്ചരണ്ട ആ യാത്രക്കാർ ആശ്രമത്തിലാണ് അഭയം തേടിയത്. ഏതാനും നിമിഷങ്ങൾക്കകം സിംഹം കഴുതയെയുംകൊണ്ട് ആശ്രമത്തിലെത്തി. താൻ നിരപരാധിയാണെന്ന് ആശ്രമത്തിലുള്ളവർ മനസ്സിലാക്കിയല്ലോ എന്നു വിചാരിച്ച് നിറമിഴികളോടെ സിംഹം പുണ്യവാനായ ജറോമിന്റെ പാദങ്ങളിൽ നമസ്കരിച്ചുകിടന്നുവെന്നു ചരിത്രത്തിൽ നാം വായിക്കുന്നു. നിരപരാധികളുടെ കണ്ണീരു വീണു കുതിർന്ന മണ്ണിൽ ചവിട്ടിനിൽക്കുന്ന നമുക്ക് എങ്ങനെ മിണ്ടാതിരിക്കാനാവും?

# ആസ്വദിച്ചുകഴിക്കാം ആഹാരം!



ഷാജി മാലിപ്പാറ

**ഈ**യിടെ ഒരമ്മ പറഞ്ഞു: "എന്റെ മകൾ ഇടതുകൈയിൽ നോക്കിയാണ് ആഹാരം കഴിക്കുന്നത്."

മൊബൈൽ ഫോണിന്റെ ഇരിപ്പിടമാണല്ലോ ഇടതുകൈ.

വിവിധ വിദ്യാലയങ്ങളിലെ രക്ഷിതാക്കൾക്കായി സംഘടിപ്പിച്ച ഓൺലൈൻ സെമിനാറുകളിൽ ഉന്നയിച്ച ഒരു ചോദ്യം ഇതായിരുന്നു: "നിങ്ങളുടെ കുട്ടികൾ ആഹാരം കഴിക്കുന്നത് എവിടെനോക്കിയാണ്?"

ഗൂഗിൾ മീറ്റിങ്ങിലെ ചാറ്റ് ബോക്സിൽ രക്ഷിതാക്കൾ എഴുതിയിട്ട ഉത്തരങ്ങൾ ടിവി, മൊബൈൽഫോൺ, ലാപ്ടോപ്പ് എന്നൊക്കെയായിരുന്നു. അതിലൊക്കെ നോക്കി ആഹാരം കഴിക്കരുതെന്നു പലവട്ടം വിലക്കിയിട്ടും ഫലമില്ലെന്നാണ് രക്ഷിതാക്കളുടെ വിലാപം. നന്നേ ചെറുപ്പത്തിൽ കുഞ്ഞുങ്ങളെ ഭക്ഷണം കഴിപ്പിക്കാനുള്ള എളുപ്പവഴിയായി ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായം തേടിയത് രക്ഷിതാക്കൾതന്നെയാണെന്ന പരമാർഥം ഇപ്പോൾ തിരിച്ചടിയാകുന്നു. എങ്കിലും പ്രത്യാശയ്ക്കു വകയുണ്ട്, മുതിർന്നവർ പക്വതയോടെ ഇത് കൈകാര്യം ചെയ്യുമെങ്കിൽ.

കുട്ടികളോട് ഏതു കാര്യം പറയുമ്പോഴും അത് മുതിർന്നവരുടെ അധികാരമുറപ്പിക്കാനുള്ള അവസരമായി മാറരുത്. ഒരു കാര്യം പറയുന്നെങ്കിൽ അതിന്റെ കാരണവും പറയണം. കാര്യകാരണസഹിതം അവതരിപ്പിക്കുന്ന ശൈലി രക്ഷിതാക്കൾ വളർത്തണം. അങ്ങനെ ചെയ്യണം/ചെയ്യരുത് എന്നു പറയാനുള്ള കാരണം കൊച്ചുകുട്ടികൾക്കുപോലും വ്യക്തമാകണം. അപ്പോഴവർ അതു പാലിക്കാൻ സാധ്യത കൂടുതലാണ്. അനുസരണത്തിന്റെ വാൾപ്പയറ്റുകൊണ്ട് ഇനിയുള്ള കാലം ഏറെയൊന്നും നേടാനാവില്ല എന്നോർക്കുക. അതേസമയം യുക്തിയുക്തമായി ഒരു കാര്യം അവതരിപ്പിച്ചാൽ ഫലമേറുകയും ചെയ്യും.

കുട്ടികളുടെ തെറ്റായ ആഹാരശീലങ്ങളെ തിരുത്തണമെന്ന് ആഗ്രഹിക്കുന്ന രക്ഷിതാക്കൾ ഇവിടെയെന്താണ് ചെയ്യേണ്ടത്?

ശരിയായ ഭക്ഷണരീതികൾ അവർ ആദ്യമേ ശീലിക്കുകയും പാലിക്കുകയും ചെയ്യുക. അടുത്തതായി ആഹാരശീലങ്ങളിലെ നന്മതിന്മകളെ വേർതിരിച്ച് അവതരിപ്പിക്കുക.



ആഹാരം കഴിച്ചാൽ അതു ശരീരത്തിനു ഗുണകരമായി മാറണം. അതിനു ശരിയായ ദഹനം നടക്കണം. ദഹനപ്രക്രിയയെ സഹായിക്കുന്നത് ഉമിനീരാണ്. അത് സ്വയമേവ വായിൽ ഉൽപാദിപ്പിക്കപ്പെടണം.

അങ്ങനെ സംഭവിക്കുന്നത് എപ്പോഴാണ്? നമ്മളൊരു ഐസ്ക്രീം കപ്പിന്റെ മുമ്പിലിരിക്കുന്നുവെന്നു കരുതുക. മനോഹരമായ വർണ്ണക്കപ്പിന്റെ മൂടി മാറ്റുന്നു, സ്പൂൺ എടുത്ത് കപ്പിൽ താഴ്ത്തി, ഐസ്ക്രീം നാവിൽ വച്ച് രുചിച്ച്, ആസ്വദിച്ച് കഴിക്കുന്നു. വീണ്ടും സ്പൂണിൽ ഐസ്ക്രീം കോരിയെടുക്കുന്നു. വായിൽ വയ്ക്കുന്നു.

ഈ വിവരണം കേൾക്കുമ്പോൾത്തന്നെ കുട്ടികളുടെ വായിൽ വെള്ളമൂറും. ഉമിനീർ നിറഞ്ഞുകവിയും.

ഭക്ഷണസാധനത്തെക്കുറിച്ച് കേൾക്കുമ്പോൾ, ഓർക്കുമ്പോൾ, കാണുമ്പോൾ, മണക്കുമ്പോൾ, രുചിക്കുമ്പോൾ ഒക്കെ നമ്മുടെ ഉമിനീർഗ്രന്ഥികൾ പ്രവർത്തിക്കും. ചുരുക്കിപ്പറഞ്ഞാൽ ആസ്വദിച്ചുകഴിക്കുമ്പോഴാണ് ശരിയായ ദഹനപ്രക്രിയ നടക്കുന്നത്. അപ്പോഴേ അത് ശരീരത്തിന് ഉപയോഗപ്രദമാവുകയുള്ളൂ.

ടിവിയിലും ഫോണിലും നോക്കി ആഹാരം കഴിക്കുന്നവർ പ്ലേറ്റിലുള്ളത് എന്താണെന്നുപോലും ശ്രദ്ധിക്കുന്നില്ല. അവർ ആസ്വദിക്കുന്നത് ഊട്ടുമേശയിലെ വിഭവങ്ങളല്ല, സ്ക്രീനിലെ കാഴ്ചകളാണ്. അതവരുടെ ശരീരത്തിനു ഗുണമല്ല, ദോഷമാണുണ്ടാക്കുന്നത്. ആഹാരസമയത്ത് ആസ്വദിച്ചു ഭക്ഷിക്കാനും വിനോദസമയത്ത് ആസ്വദിച്ചു വീക്ഷിക്കാനും കുട്ടികൾ ശീലിക്കട്ടെ. ഒരേസമയം എല്ലാം കൂട്ടിക്കലർത്തി ചെയ്ത്, ഒന്നും ശരിയായി ആസ്വദിച്ചുചെയ്യാൻ കഴിയാതെ പോകരുത്. ജീവിതം ആസ്വാദ്യമാവുന്നത് ഓരോന്നും അതിന്റേതായ വിധത്തിൽ നേരായി ചെയ്യുമ്പോഴാണല്ലോ.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും.

ഏശയ്യാ 41:10

**എഡിറ്റോറിയൽ**

# പ്രവാസിക്കിടമുണ്ടാകണം പിറന്ന മണ്ണിൽത്തന്നെ

**കൊ**വിഡ്കാല പ്രതിസന്ധിയിൽ തൊഴിലും ജീവിതവും നഷ്ടപ്പെടുത്തി മടങ്ങേണ്ടിവന്ന ലക്ഷക്കണക്കിനു പ്രവാസികൾ കേരളത്തിന്റെ സങ്കടക്കാഴ്ചയാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലെന്നുവരെ പ്രകീർത്തിക്കപ്പെട്ട പ്രവാസികളുടെ പ്രയാസകാലത്ത് അവരെ ചേർത്തുപിടിക്കേണ്ടത് ഓരോ മലയാളിയുടെയും കടമയും കടപ്പാടുമാണ്. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും പാതിവഴിയിൽ ഉപേക്ഷിച്ചുപോന്നവർക്ക് തങ്ങളുടെ കഴിവും നൈപുണ്യവുമനുസരിച്ച് തൊഴിലവസരങ്ങളും സാധ്യതകളും തുറന്നുകൊടുക്കാനുള്ള ബാധ്യത സർക്കാരിനുണ്ടാവണം.

2021 ഓഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച്, 15,56,715 പേരാണ് കൊവിഡ് കാലത്ത് കേരളത്തിൽ മടങ്ങിയെത്തിയത്. ഇതിൽ 11,13,997 പേരും തൊഴിൽ നഷ്ടപ്പെട്ടു വന്നവരാണെന്നാണ് നോർക്കയുടെ കണക്ക്. വിദേശത്തുള്ള 21,21,877 മലയാളികളിൽ എന്നന്നേക്കുമായി പ്രവാസം അവസാനിപ്പിച്ച് നാട്ടിലുള്ളവർ 12,94,796 പേരാണെന്നത് നിസ്സാരമായി കാണാനാവില്ല.

തൊഴിൽ നഷ്ടപ്പെട്ടു നാട്ടിലെത്തിയവരെ ചേർത്തുപിടിക്കാൻ കേന്ദ്രസംസ്ഥാനസർക്കാരുകൾ വേണ്ടത്ര ശ്രദ്ധയും കരുതലും കാണിക്കുന്നില്ലായെന്നത് കുറേ വർഷമായി കേരളം ആവർത്തിക്കുന്നതാണ്. തിരിച്ചെത്തിയ പ്രവാസികൾക്കായി സർക്കാരും നോർക്കയും വാഗ്ദാനം ചെയ്യുന്ന ഏറ്റവും പ്രധാന പദ്ധതിയാണ് നോർക്ക പുനരധിവാസപദ്ധതി (എൻ.ഡി.പി.ആർ.എം.). സംരംഭങ്ങൾ തുടങ്ങാൻ 30 ലക്ഷം രൂപ വരെ ബാങ്കുവായ്പ ലഭിക്കും. കൃത്യമായി തിരിച്ചടച്ചാൽ 15 ശതമാനം നോർക്കയുടെ വകയായി സബ്സിഡി. പലിശയാകട്ടെ മൂന്നു ശതമാനം റിബേറ്റും. പദ്ധതി പൊതുവെ ആകർഷകമായി തോന്നാമെങ്കിലും അനുഭവങ്ങൾ ആശ്വാസം പകരുന്നവയല്ല. കൊവിഡ് തുടങ്ങിയ ശേഷം തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചെത്തിയ പതിനൊന്നു ലക്ഷത്തിലധികം മലയാളികളിൽ വായ്പ കിട്ടിയത് ആയിരത്തിൽത്താഴെപേർക്കു മാത്രമാണ്. സാമ്പത്തികഭദ്രതയില്ലാത്തവർക്ക് വായ്പ കിട്ടില്ല എന്നതാണു വാസ്തവം. പത്തു ലക്ഷം രൂപവരെ ഈടില്ലാതെ വായ്പ കിട്ടുമെന്നു പറയുന്നുണ്ടെങ്കിലും, ഈടില്ലാതെ വായ്പ തരാൻ മിക്ക ബാങ്കുകളും തയ്യാറാകുന്നില്ല. സംരംഭങ്ങൾക്കു സബ്സിഡിയും പലിശയിളവുമാണ് സർക്കാർ നല്കുന്ന ഏക ആനുകൂല്യം. വായ്പയുടെ കാര്യത്തിൽ നോർക്കയ്ക്കോ സർക്കാരിനോ ഇടപെടാനാവുന്നില്ല.

തിരിച്ചെത്തിയ പ്രവാസികളുടെ വ്യത്യസ്തമായ ആശയങ്ങളും അഭിരുചികളും തിരിച്ചറിഞ്ഞുകൊണ്ടാകണം സർക്കാർ വികസനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. പതിനഞ്ചുലക്ഷം പ്രവാസികൾ തിരിച്ചെത്തിയെന്നു പറയുമ്പോൾ അത്രയും മനുഷ്യവിഭവശേഷി സംസ്ഥാനത്തേക്കെത്തിയെന്നുകൂടി നാം തിരിച്ചറിയണം. അവരുടെ കഴിവും തൊഴിൽ വൈദഗ്ധ്യവും ലോകപരിചയവും നാടിന്റെ വികസനത്തിനായി ഉപയോഗിക്കാൻ തക്ക നൂതനസംരംഭങ്ങൾക്ക് സർക്കാർ തുടക്കംകുറിക്കണം.

പേരും പെരുമയും സ്ഥാപനങ്ങളുമുള്ള വ്യവസായികളുടെ നാടാണു കേരളം. സ്വദേശത്തും വിദേശത്തുമുള്ള പ്രവാസിവ്യവസായികളുമായി ഒന്നിച്ചു ചർച്ചയ്ക്കിരിക്കാൻ സർക്കാർ സന്മനസ്സു കാണിച്ചാൽ, വ്യവസായസഹൃദസംസ്ഥാനമാക്കി നമ്മുടെ സുന്ദരകേരളത്തെ മാറ്റിയെടുക്കാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല. നമ്മുടെ നാടിന്റെ നാളിതുവരെയുള്ള വികസനസംരംഭങ്ങളെയെല്ലാം പിറകോട്ടടിക്കുന്നത് കക്ഷിരാഷ്ട്രീയപ്പോർവിളികളും തൊഴിലാളി യൂണിയൻ പ്രശ്നങ്ങളും അധികാരത്തേർവാഴ്ചകളുമാണെന്ന് ലജ്ജയോടെ തിരിച്ചറിയാൻ ബന്ധപ്പെട്ടവർക്കാകുമെങ്കിൽ, പ്രവാസിക്കിനിയും ആകാശസ്വപ്നങ്ങൾ കാണാനാവും, പിറന്ന മണ്ണിൽ പാദമുറപ്പിച്ചുകൊണ്ടുതന്നെ.

തിരിച്ചെത്തിയ തൊഴിലാളികളിൽ അവിദഗ്ധർക്ക് ഇവിടെ ധാരാളം തൊഴിൽ സാധ്യതകളുണ്ട്. അതുകൊണ്ടാണല്ലോ നാല്പതു ലക്ഷത്തോളം ഇതരസംസ്ഥാനത്തൊഴിലാളികൾ ഇവിടെ വ്യത്യസ്ത തൊഴിലുകളിലേർപ്പെട്ടിരിക്കുന്നത്. പുറത്തു ചെയ്തിരുന്ന അതേ ജോലി പിറന്ന മണ്ണിലും ചെയ്യാൻ മലയാളി മടി വിചാരിക്കുന്നത് അനാവശ്യമായ 'ഈഗോ' ഉള്ളിൽ സൂക്ഷിക്കുന്നതുകൊണ്ടാണ്. അതിനു മാറ്റമുണ്ടായേ തീരൂ. സ്വയം സംരംഭകരാകാൻ ശേഷിയില്ലാത്തവർ, വായ്പയെടുത്ത് ബിസിനസു നടത്തി കടക്കെണിയിലാകുന്നതിലും ഭേദം, സാധ്യമായ തൊഴിൽ ചെയ്തു മാന്യമായി ജീവിക്കുന്നതാണ്.

കേരളം പ്രതിസന്ധിയിലൂടെ കടന്നുപോയപ്പോഴെല്ലാം പ്രവാസികളുടെ പരിപാലനമാണ് പണമായി കടൽകടന്നെത്തിയതെന്ന കാര്യം നാം വിസ്മരിച്ചുകൂടാ. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടു തിരികെയെത്തിയ പ്രവാസികളുടെ പ്രയാസദുരിതങ്ങളിൽ സാന്ത്വനം പകരാൻ നമുക്കു കൈകോർക്കാം.

■



## പ്രതികരണം

## ചാനൽച്ചർച്ചകൾക്കു പരീക്ഷണാടിസ്ഥാനത്തിലെങ്കിലും ഒരു മാറ്റം വരുത്തിക്കൂടേ?

ചാനലുകളിലെ അന്തിച്ചർച്ചകൾ പൊതുജീവിതത്തിന്റെ അവശ്യഘടകമായി മാറിയിട്ടുണ്ട്. മിക്കവാറും പൊതുരംഗത്തെ വളരെ പുതിയതും പ്രധാനപ്പെട്ടതുമായ വിഷയങ്ങളാണ് ഒരു മണിക്കൂർ ചർച്ചയ്ക്കു പ്രതിഷ്ഠിക്കുന്നത്.

ഇപ്പോൾ കണ്ടുവരുന്നതനുസരിച്ച് അവതാരകന്റെ ആമുഖാവതരണശേഷം ഓരോരുത്തരെ പറയാൻ ക്ഷണിക്കുകയാണ്. ഒരു ചർച്ചാപ്പങ്കാളി (അങ്ങനെ ഒരു വാക്കില്ലായിരിക്കും, ക്ഷമിക്കുക), പറഞ്ഞു തുടങ്ങിയാൽ, അവരെ/അദ്ദേഹത്തെ തടസ്സപ്പെടുത്തുക മാത്രമാണ് ആങ്കറുടെ 'രസം.' ചില അവതാരകർ ആരെയും മിണ്ടാൻ അനുവദിക്കുക പോലുമില്ല. ലോകത്തിലെ അറിവിന്റെ കാര്യത്തിൽ സർവജ്ഞപീഠം കയറാത്ത അവതാരകരില്ല. അവർ പറഞ്ഞുസ്ഥാപിക്കാൻ മുതിരുന്നതിനെതിരേ ഒരക്ഷരം ഉരിയാടാൻ ചർച്ചാപ്പങ്കാളിയെ അനുവദിക്കുകയുമില്ല. കേട്ടിരിക്കുന്ന ചിലരെങ്കിലും ടിവി എറിഞ്ഞുടയ്ക്കാത്തത്, സ്വന്തം മുതൽ നഷ്ടപ്പെടുമെന്നതുകൊണ്ടാണ്. ഈ അവസ്ഥ ഒട്ടു വളരെപ്പേർക്കും താങ്ങാനാവുന്നില്ല. ഒരു മാറ്റം നിർദ്ദേശിക്കാതെ വയ്യ.

ഈ ചർച്ച ഒരു സെമിനാർ രൂപത്തിലേക്കു മാറ്റുക. ഹ്രസ്വമായി വിഷയം അവതരിപ്പിച്ച് ആങ്കർ പിന്നിലേക്കു മാറട്ടെ.

ചർച്ചക്കാർക്കു സമയം അനുവദിച്ച് അവരെ സംസാരിക്കാൻ അനുവദിക്കുക. ഇടയ്ക്ക് ആങ്കർ ഉൾപ്പെടെ ആരും മിണ്ടരുത്.

അനുവാദമില്ലാതെ ഒരാളുടെ സംസാരം തടഞ്ഞ് അവതാരകൻ തോന്നുന്നതു പറഞ്ഞുതുടങ്ങുന്നതും സംസാരം തടയുന്നതും ക്ഷണിച്ചുവരുത്തുന്നവരെ അവഹേളിക്കലാണ്.

ഇതുകണ്ട് പ്രേക്ഷകർ രോഷംകൊള്ളാറുണ്ട്. സമയം തീരുന്നതിനു സിഗ്നൽ കൊടുക്കണം. ചർച്ചക്കാർ സംസാരിച്ചുകഴിഞ്ഞ്, ആങ്കർ ഒരു മോഡറേറ്ററായി ചർച്ച ഉപസംഹരിക്കണം.

ഇപ്പോൾ നടക്കുന്നത് വെറും ചന്തച്ചർച്ചയെക്കാൾ മോശം കടിപിടിയാണ്. ഇതിന്റെ പ്രധാന കുറ്റക്കാരൻ ആങ്കർ മുതലാളിതന്നെ. ചർച്ച, തന്റെ ചിന്താവഴിക്കു തിരിച്ചുവിടാൻ ആങ്കർക്ക് ഒരവകാശവുമില്ല. അല്ലെങ്കിൽ ആ കാര്യം നേരത്തേ പറഞ്ഞു ചർച്ച തുടങ്ങണം.

നാട്ടിലെ ടിവി പ്രേക്ഷകർ ഉണർന്നു ചിന്തിക്കണം, പ്രതികരിക്കണം. സന്ധ്യാവേളകളിലെ ഈ പേക്കൂത്ത് നിറുത്തണം.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

## മാധ്യമങ്ങളുടെ മനസ്സറിയാൻ

കേരളത്തിലെ മാധ്യമങ്ങളുടെ മനസ്സറിയുവാൻ അതിന്റെ ഉടമസ്ഥതയും, പ്രധാന പ്രവർത്തകരുടെ രാഷ്ട്രീയവും, മനോഭാവങ്ങളെ നിയന്ത്രിക്കുന്ന ഘടകങ്ങളും മനസ്സിലാക്കുന്നതു നന്നായിരിക്കും. മാധ്യമങ്ങൾക്കു പരസ്യങ്ങൾ നല്കുന്നവരും ചർച്ചകൾ സ്പോൺസർ ചെയ്യുന്ന വ്യവസായഗ്രൂപ്പുകളും ആരെന്ന് അന്വേഷിക്കുമ്പോൾ, ക്രൈസ്തവവിരുദ്ധ വാർത്തകളുടെയും വീക്ഷണങ്ങളുടെയും ഉറവിടം കണ്ടെത്താൻ എളുപ്പമാണ്.

വിവിധ കാരണങ്ങളാൽ വിശ്വാസം നഷ്ടപ്പെട്ട വ്യക്തികൾ, അവർ രൂപീകരിച്ച പ്രസ്ഥാനങ്ങൾ എന്നിവയുടെ സഹകരണവും അവ പ്രയോജനപ്പെടുത്തുന്ന രീതിയും കൂടിവരുന്നുണ്ട്. വിശ്വാസം, സഭാകാര്യങ്ങൾ എന്നിവ വേണ്ടതുപോലെ ലഭിക്കാത്തവരെ തിരഞ്ഞുപിടിച്ച്, ചർച്ചകളിൽ സ്ഥിരം ക്ഷണിക്കുന്നത് മാധ്യമതന്ത്രങ്ങളുടെ ഭാഗമാണെന്നു സംശയിക്കുന്നു. എന്തെങ്കിലുമൊക്കെപ്പറഞ്ഞ് 'തോറ്റുകൊടുക്കുന്ന' പ്രദർശനമത്സരം!

അവഹേളനത്തിന്റെ ആവർത്തനം കണ്ടുമടുത്ത കുടുംബങ്ങളിപ്പോൾ ചാനൽച്ചർച്ചകൾ ഒഴിവാക്കുന്നു. അന്തിച്ചർച്ചകൾ കാണുന്നവരുടെ എണ്ണം വളരെ കുറഞ്ഞുവെന്ന യാഥാർത്ഥ്യം പരസ്യക്കാർ അറിയാതിരിക്കാൻ ചാനലുകാർ ശ്രമിക്കുന്നു. മുട്ടനാടുകളെ ഏറ്റുമുട്ടിക്കാൻ ശ്രമിച്ച കുറുക്കന്മാർ പല വേഷങ്ങളിൽ മാറിമാറി എത്തുന്നു.

**സാബു ജോസ്**
**എറണാകുളം**

## സാമൂഹികവിപത്തിനെതിരേ പോരാടുക

പോയവാരം ഗുജറാത്തിലെ മുന്ദ്ര തുറമുഖത്ത് പിടിച്ചെടുത്തത് 21,000 കോടിയുടെ മയക്കുമരുന്നാണ്. ആറുമാസംമുമ്പ് പിടിച്ചെടുത്തത് 3000 കോടിയുടേതും. (മാതൃഭൂമി 22-09-21) ഏറിയും കുറഞ്ഞും നമ്മുടെ വിമാനത്താവളങ്ങളിലും മിക്കവാറും ഇത്തരം ലഹരിമരുന്നുകൾ പിടിക്കപ്പെടുന്നുണ്ട്. ഇവയെല്ലാം വിറ്റഴിച്ച് സമ്പത്താർജിക്കുന്നവർ, ഈ രാജ്യത്തെ യുവതയെ ചതിക്കുഴിയിൽ വീഴ്ത്തി ദുരന്തത്തിലേക്കു നയിക്കുന്നു. ഈ സാമൂഹികവിപത്തിനെതിരേ ഏവരും ജാഗ്രത പുലർത്തേണ്ടത് കാലട്ടത്തിന്റെ അനിവാര്യതയാകുന്നു. അത്തരം പോരാട്ടങ്ങളെ തേജോവധം ചെയ്യാനുള്ള ഏതൊരു ശ്രമവും അപലപനീയമാണ്.

**പി.സി. എറികാട്**
**അടൂർ**

## ദീപനാളം ആകർഷകമാകുന്നു

ദീപനാളത്തിലെ എഡിറ്റോറിയലും കവർസ്റ്റോറിയും ലേഖനങ്ങളും കവിതകളും കഥകളും മറ്റെല്ലാ പംക്തികളും കൂടുതൽ മെച്ചപ്പെട്ടു കാണുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്. കൊവിഡ് കാലത്ത് പ്രതിസന്ധികൾ രൂക്ഷമായിരുന്ന സമയത്തും ഒന്നിനും കുറവില്ലാതെ, മുടക്കംകൂടാതെ ദീപനാളം കൈയിൽ കിട്ടിയിരുന്നു. ദീപനാളത്തിന്റെ അണിയറശില്പികൾക്കും എഴുത്തുകാർക്കും എന്റെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ!

**അഡ്വ. എ. റ്റി. തോമസ് വാളനാട്ട്**
**കോട്ടയം**

# കാലം കൊളുത്തിയ കെടാവിളക്ക്

**ധന്യൻ വർഗീസ് പയ്യപ്പിള്ളിയച്ചന്റെ ചരമവാർഷികം ഒക്ടോബർ അഞ്ചിന് എറണാകുളത്ത് കോന്തുരുത്തി പള്ളിയിൽ**



**മേരി സെബാസ്റ്റ്യൻ**

**കേ**രളത്തിലെ ക്രൈസ്തവസമൂഹത്തിന് രണ്ടായിരം വർഷങ്ങളുടെ വിശ്വാസപാരമ്പര്യമാണുള്ളത്. കാലാകാലങ്ങളിൽ ചില വ്യക്തികളെ ദൈവം തിരഞ്ഞെടുക്കുകയും പ്രത്യേക നിയോഗങ്ങൾക്കായി വേർതിരിക്കുകയും എടുത്തുപയോഗിക്കുകയും ചെയ്യുന്നു. ആ ഗണത്തിൽപ്പെട്ട അനേകം വിശുദ്ധാത്മാക്കൾ കാലയവനികയ്ക്കുള്ളിൽ മറയുകയും സ്വർഗത്തിൽ വിരാജിക്കുകയും ചെയ്യുന്നു. അവരിലൊരാളാണ് ധന്യൻ വർഗീസ് പയ്യപ്പിള്ളിയച്ചൻ.

എറണാകുളം തേവരയ്ക്കടുത്തുള്ള കോന്തുരുത്തിയെന്ന പ്രകൃതിരമണീയമായ ചെറുഗ്രാമമാണ് അച്ചന്റെ ജന്മം കൊണ്ട് അനുഗൃഹീതമായ ഭൂപ്രദേശം. കോന്തുരുത്തിയിലെ ഒരു ഉത്തമ കത്തോലിക്കാക്കുടുംബമായ പയ്യപ്പിള്ളി പാലയ്ക്കാപ്പിള്ളി തറവാട്ടിൽ ലോനൻ-കുഞ്ഞുമറിയം ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമനായി 1876 ഓഗസ്റ്റ് 8 ന് അച്ചൻ ജനിച്ചു. പിതാവ് ലോനൻ കൃഷിയിൽ തത്പരനും ആയുർവേദചികിത്സയിൽ നിപുണനുമായിരുന്നു. തന്മൂലം കുഞ്ഞുമറിയമാണ് കുടുംബകാര്യങ്ങൾ കൃത്യമായും ചിട്ടയായും നിർവഹിച്ചിരുന്നത്. തന്റെ മക്കളിൽ ദൈവസ്നേഹത്തിന്റെ ബാലപാഠങ്ങൾ കുറിച്ചിടാനും തിരുക്കുടുംബഭക്തിയിൽ വളർത്താനും സന്ധ്യാപ്രാർത്ഥനയ്ക്ക് പരമപ്രാധാന്യം നൽകാനും കുഞ്ഞുമറിയം നിതാന്തജാഗ്രത പുലർത്തിയിരുന്നു.

ഹൈസ്കൂൾവിദ്യാഭ്യാസകാലഘട്ടത്തിൽത്തന്നെ തനിക്കൊരു വൈദികനാകണമെന്ന തീവ്രമായ ആഗ്രഹം വർഗീസ് ഹൃദയത്തിൽ സൂക്ഷിച്ചു. അദ്ദേഹത്തിന്റെ പിതൃസഹോദരനായിരുന്ന ബഹു. ഗീവർഗീസച്ചനോടാണ് ആദ്യം പറഞ്ഞത്. പിന്നീട് മാതാപിതാക്കളെയും തന്റെ ഇംഗിതം അറിയിച്ചു. ഗീവർഗീസച്ചന്റെ എല്ലാ പിന്തുണയും പ്രോത്സാഹനവും വലിയൊരാശ്വാസമായി ഭവിച്ചു. എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ലൂയിസ് പഴേപറമ്പിൽ പിതാവാണ് വൈദികപഠനത്തിനായി വർഗീസിനെ ശ്രീലങ്കയിലെ 'കാണ്ടി' സെമിനാരിയിലേക്കയച്ചത്. വ്യത്യസ്ത വ്യക്തിത്വങ്ങൾ, ഭാഷകൾ, ദേശങ്ങൾ, സംസ്കാരങ്ങൾ തുടങ്ങിയവയുടെ സംഗമവേദിയായിരുന്നു കാണ്ടി സെമിനാരി. പത്തു വർഷത്തെ സെമിനാരി ജീവിതം നിസ്വാർത്ഥസ്നേഹത്തിന്റെയും സുവിശേഷമൂല്യങ്ങളുടെയും ക്രിസ്തീയപുണ്യങ്ങളുടെയും വിളനിലമായി വർഗീസ് ശെമ്മാശ്ശനെ മാറ്റി.

1907 ൽ കാണ്ടി പേപ്പൽ സെമിനാരിയിലെ ബലിവേദിയിൽ തന്റെ ഹൃദയാഭിലാഷത്തിന്റെ സാക്ഷാത്കാരമായ പ്രഥമബലി അർപ്പിച്ചു. നാട്ടിൽ തിരിച്ചെത്തിയ നവവൈദികനെ കടമക്കുഴിപ്പള്ളി വികാരിയായി മാർ ലൂയിസ് പഴേപറമ്പിൽ നിയമിച്ചു. പിന്നീട് ആലങ്ങാട്, ആരക്കുഴ എന്നീ പള്ളികളിൽ വികാരിയായും അതിരൂപതയുടെ



ധന്യൻ വർഗീസ് പയ്യപ്പിള്ളിയച്ചൻ

ഭാരിച്ച ഉത്തരവാദിത്വങ്ങളേറ്റെടുത്തും സ്തുത്യർഹമാംവിധം സേവനം ചെയ്തു. വർഗീസച്ചന്റെ ഉത്തരവാദിത്വബോധവും നേതൃപാടവവും അർപ്പണമനോഭാവവും ജീവിതവിശുദ്ധിയും ഏറെ പ്രശംസനീയവും മാതൃകാപരവുമായിരുന്നു.

വർഗീസച്ചന്റെ പരോപകാര തത്പരതയും ദീനാനുകമ്പയും സമത്വചിന്തയും വിസ്മയാവഹമായിരുന്നു.1914 ൽ നടന്ന ഒന്നാം ലോകമഹായുദ്ധവും അതിന്റെ പരിണതഫലമായുണ്ടായ സാമ്പത്തികബുദ്ധിമുട്ടുകളും പട്ടിണിയും അച്ചന്റെ ഹൃദയത്തെ വല്ലാതെ ഉലച്ചു. 1924 ലെ മഹാപ്രളയം വരുത്തിവച്ച കഷ്ടനഷ്ടങ്ങളും പടർന്നുപിടിച്ച പകർച്ചവ്യാധികളും ദാരിദ്ര്യംകൊണ്ടു പിടയുന്ന രോഗികളും വൃദ്ധരും തലചായ്ക്കാനിടമില്ലാത്ത നിസ്സഹായരും അച്ചന്റെ ഹൃദയത്തിൽ വേദനയായി. "എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തുതന്നത്" (മത്താ. 25:40) എന്ന തിരുവചനം. തന്റെ വിളിക്കുള്ളിലെ വിളിയായി സ്വീകരിച്ചുകൊണ്ട് അധികാരികളുടെ അനുഗ്രഹവും അനുവാദവും ഏറ്റുവാങ്ങി വിപ്ലവകരമായ ഒരു ചുവടുവയ്പിനു നാന്ദി കുറിച്ചു.

കാലത്തിനു മുമ്പേ നടന്ന ക്രാന്തദർശിയും കർമയോഗിയുമായ വർഗീസച്ചൻ ചുണങ്ങംവേലിൽ ഒരു അഗതിമന്ദിരവും അർത്ഥിനികൾക്കുള്ള ഒരു സന്ന്യാസഭവനവും സ്ഥാപിച്ചു. നാനാജാതിമതസ്ഥരായ പൗരപ്രമുഖരുടെ സഹായവും സഹകരണവും തേടി. എന്നിട്ടും തികയാതെ വന്നപ്പോൾ ഭിക്ഷാപാത്രവുമായി അച്ചൻ പല പടിവാതിലുകളിലും മുട്ടി. കച്ചവടസ്ഥാപനങ്ങളുടെ മുമ്പിൽ കരങ്ങൾ നീട്ടി. രാത്രിയുടെ യാമങ്ങളിലെ ഉറക്കമില്ലാതെയുള്ള പ്രാർത്ഥനയും പകൽവേളകളിലെ വിശ്രമമില്ലാതെയുള്ള കഠിനാദ്ധ്വാനവും ഉപവാസവും നോമ്പും എല്ലാം ചേർന്നപ്പോൾ അച്ചന്റെ ആരോഗ്യം അനുദിനം വഷളായി. അതോടൊപ്പം ടൈഫോയിഡും പിടിപെട്ടു. താൻ ഈ ലോകത്തോടു വിട പറയുവാനുള്ള നാളുകൾ അടുത്തുവരുന്നു എന്നു മനസ്സിലാക്കി അച്ചൻ ഒരു വിൽപ്പത്രം തയ്യാറാക്കി ഒപ്പുവച്ചു. അതോടൊപ്പം താൻ സ്ഥാപിച്ച സന്ന്യാസ സമൂഹത്തിനുള്ള നിയമാവലിയും എഴുതിവച്ചു. പലവിധ രോഗങ്ങൾ കലശലായപ്പോൾ അഭിവന്ദ്യപിതാവ് കണ്ടത്തിൽ തിരുമേനിയിൽനിന്ന് അന്ത്യകൂദാശ സ്വീകരിച്ച് സമാധാനത്തോടും കൃതാർത്ഥതയോടുംകൂടി 1929 ഒക്ടോബർ അഞ്ചാം തീയതി തന്റെ 53 -ാമത്തെ വയസ്സിൽ ഈ ലോകത്തോടു വിടപറഞ്ഞ് സ്വർഗപ്രാപ്തനായി. അദ്ദേഹത്തിന്റെ പൂജ്യശരീരം കോന്തുരുത്തിപ്പള്ളിയിലെ കല്ലറയിൽ സംസ്കരിച്ചു.

ഈ പുണ്യശ്ലോകന്റെ ജീവിതവിശുദ്ധിയും കരുണാർദ്രസ്നേഹവും കേട്ടറിഞ്ഞ നാനാജാതിമതസ്ഥരായ ജനങ്ങൾ കബറിടം സന്ദർശിക്കുകയും പ്രാർത്ഥനകളും കൃതജ്ഞതകളുമർപ്പിച്ച് അദ്ഭുതങ്ങളും അടയാളങ്ങളും ഏറ്റുവാങ്ങി കടന്നുപോകുന്ന സാക്ഷ്യങ്ങൾ നിരവധിയാണ്. 2003 ൽ നാമകരണനടപടികൾക്ക് ആരംഭം കുറിച്ചു. 2009 ഓഗസ്റ്റ് 25 ന് അദ്ദേഹത്തെ ദൈവദാസപദവിയിലേക്കുയർത്തി. 2018 ഏപ്രിൽ 14 ന് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പാ ദൈവദാസൻ പയ്യപ്പിള്ളിയച്ചനെ ധന്യപദവിയിലേക്ക് ഉയർത്തി.

ഇന്ന് ഈ സമൂഹത്തിൽനിന്ന് പന്ത്രണ്ടോളം രാജ്യങ്ങളിലായി ആയിരത്തഞ്ഞൂറിലധികം സഹോദരിമാർ ഈശോയെ പകർന്നുനൽകി അനേകായിരങ്ങൾക്ക് ആതുരസേവനം ചെയ്തുകൊണ്ട് ധന്യനച്ചന്റെ കാല്പാടുകൾ പിന്തുടരുന്നു.

■

കവിത

**പ്രഫ. എ. ടി. എബ്രഹാം വാളനാട്ട്**

# പുഴുവിൽനിന്നൊരു പാഠം

നാളുകളേറെക്കട, ന്നന്നൊരിക്കൽ ഞാൻ
നാടൊന്നിലൂടവേ പോയിടുമ്പോൾ
കാണായി മന്ദം നടന്നു നീങ്ങുന്നൊരു
ചേണാർന്ന പ്രാണിയെത്തൊട്ടുമുമ്പിൽ.
സൂക്ഷിച്ചു നോക്കി ഞാൻ തെല്ലിട നേരമാ-
കാംക്ഷയോടാ ജീവിതൻ പ്രയാണം.
എണ്ണപ്പുഴുവെന്നാ നാട്ടിൽ വിളിക്കുമി-
പ്പുണ്യ സമൃദ്ധനൊരദ്ഭുതം താൻ.
ഓരോ ചുവടും തന്നാരോമൽക്കാൽകളാൽ
നേരേ യടുത്തങ്ങു നീങ്ങിടുമ്പോൾ
മന്ദമൊഴുക്കീ സുഗന്ധമെഴുന്നൊരു
സുന്ദരദ്രവ്യമക്കൊച്ചുജീവി.
ബാലഗണം പാഠശാലയിൽ പോകുന്ന
വേളയിലിക്കാഴ്ച കാണുന്നേരം
ചേലെഴും പിഞ്ചുകരങ്ങളെപ്പൂഴിയി-
ലാലസ്യമേശാതെറിഞ്ഞുകൊണ്ട്
പുണ്യമെഴുന്നതാമെണ്ണയെന്നോതീട്ടു
പൂർണമായൊപ്പിയെടുത്ത ദ്രവം.
ചിന്തകൾകൊണ്ടേറെ വ്യാപൃതൻ ഞാൻ പുനർ-
ചിന്തനം ചെയ്തീലിക്കാര്യമുടൻ.
കാലമമ്മട്ടു കടന്നു കുറച്ചിന്നു
കാൺകയായ് ഭിന്നമാം കാഴ്ചയൊന്നും
ചത്തുചീഞ്ഞോരുരഗത്തിനെ മെല്ലവേ
കൊത്തിവലിച്ചുമിഴച്ചുമഹോ!
അന്തികേയാർക്കുമണഞ്ഞിടാനാവാത്ത
ഗന്ധം വമിപ്പിച്ചും ചുറ്റുപാടും
ആകെ മലീമസമാക്കിയുമങ്ങനെ
പോകയായീയൊരു കാകവൃന്ദം.
അക്കാഴ്ച കാണവേ ചിക്കെന്നു പൊന്തിയെ-
ന്നുൾക്കാമ്പിലബ്ഭൂതകാലചിത്രം
എണ്ണ നല്കുന്നാപ്പുഴുവിനെപ്പോലെന്നും
മന്നിതിൽ സ്നേഹം പരത്തുവോരും
ദുർഗന്ധവാഹകർ കാകരെപ്പോൽ സദാ
ദുഷ്കർമവ്യാപൃതരായവരും
ഈ വിധം രണ്ടു തരക്കാരായല്ലയോ
ഭൂവിൽ നാം കാണ്മതു ജീവികളെ
അന്യനു നന്മ സദാ ചെയ്തു ജീവിതം
ധന്യമാക്കുന്നാപ്പുഴുവിൻ കഥ
ഏറെ സ്വാധീനിച്ചെൻ മാനസത്തെ,യതിൻ
ചാരുതയൊട്ടെന്നെയാകർഷിച്ചു.
കാഴ്ചയിൽ നന്നേ ചെറുതെന്നിരിക്കിലും
കർമംകൊണ്ടെത്ര വലിയോനിവൻ.
ഇല്ലത്ര ഭംഗിയും ബാഹ്യമായി,ട്ടെന്നാൽ
തെല്ലുമില്ലല്ലോ കുറവിതിനാൽ.
ഉള്ളതോർത്തീടിൽ യഥാർത്ഥമാം സൗന്ദര്യ-
മുള്ളിലല്ലോ കുടികൊൾവതാർക്കും.
പിന്നാലേ കാൽ വേച്ചു വന്നീടുവോർക്കെല്ലാം
ധന്യമായുള്ള കുഴമ്പു നല്കി
ശക്തിയും വീര്യവും വർഷിച്ചു സാദ വി-
മുക്തി നല്കിടിന പുണ്യജീവി,
ഏതു വഴിക്കു നീ കാലൂന്നി നീങ്ങി, യാ-
പ്പാതകളൊക്കെയും പാവനമായ്
ആവോളം സൗരഭ്യം ചുറ്റും പരത്തുമ-
പ്പൂവിന്റെപോൽ ശ്രേഷ്ഠം നിൻ ജീവിതം.
ഏറട്ടെ ഭൂവിൽ നിനക്കു സമാനരാം
വാരുറ്റ ജീവിതമാതൃകകൾ.
ക്ഷീണിതനായിങ്ങലയും മനുഷ്യനി-
ക്ഷോണിയാത്രയ്ക്കു വീര്യം പകരാൻ.

# കൈക്കുമ്പിളിൽ നിറയും ദൈവികജീവൻ



ഫാ. ഡോ. ജോർജ് കാരാംവേലിൽ

**ആ**ധുനികലോകത്തെ ഭരിക്കുന്നത് കായികശക്തിയും സാമ്പത്തിക ശക്തിയും രാഷ്ട്രീയശക്തിയുമാണെന്ന് പൊതുവേ പറയപ്പെടുന്നു. വിഘടന ശക്തിയും പ്രതികാരചിന്തയും ഉപഭോഗസംസ്കാരവും ഈ സമൂഹത്തിന്റെ പ്രത്യക്ഷസവിശേഷതകളായി മാറിക്കഴിഞ്ഞു.

ലോകജനത ശക്തരെന്നും അശക്തരെന്നും ലാഭമുള്ളവരെന്നും നഷ്ടമുള്ളവരെന്നും വിഭജിക്കപ്പെട്ടിരിക്കുകയാണ്. ക്രൂരവും തത്ത്വദീക്ഷയില്ലാത്തതുമായ ഉപഭോഗസംസ്കാരം ഈ അളന്നുതിരിക്കലിന് ആക്കംകൂട്ടി. ഇവിടെ ധാർമികമൂല്യങ്ങൾ ഉയർത്തിനിർത്തിയ സംരക്ഷണത്തിന്റെയും കാരുണ്യത്തിന്റെയും ചട്ടങ്ങളെ പുല്ലുപോലെ ചവിട്ടിയരച്ച് ശക്തർ അശക്തരുടെ ജീവനിൽ പിടിമുറുക്കുന്ന ദാരുണമായ കാഴ്ച പതിവായിരിക്കുന്നു. കുടുംബവ്യവസ്ഥിതിയുടെ അകത്തളങ്ങളിൽപോലും ഇന്ന് ഈ വ്യവസ്ഥിതി സ്വാധീനമുറപ്പിച്ചിരിക്കുന്നു. തങ്ങളുടെ സുഖജീവിതത്തിനു തടയിടുന്നവരെയും വിഘ്നങ്ങളായി മാറുന്നവരെയും ഗർഭച്ഛിദ്രത്തിന്റെയും കാരുണ്യവധത്തിന്റെയും ചിതയിൽ വലിച്ചെറിയുന്ന ഭീകരാവസ്ഥ!

വിത്തുകളിൽനിന്നു 'സൂപ്പർ വിത്തു'കളിലേക്കും ശിലായുഗത്തിൽനിന്നു സൈബർ സ്പേസിലേക്കും വളർന്ന മനുഷ്യന്റെ അവസ്ഥകളും പ്രവൃത്തികളും ജീവിതവ്യാപാരങ്ങളും, പക്ഷേ, വൈരുദ്ധ്യത്തിന്റേതാണ്. ഉത്തരവാദിത്വം മറന്ന് പ്രപഞ്ചത്തെ കീഴടക്കാൻ കച്ചകെട്ടിയിറങ്ങിയവർ തങ്ങളുടെ വ്യക്തിത്വങ്ങൾ ഉപഭോഗസംസ്കാരത്തിനും ക്രൂരമായ കോർപ്പറേറ്റ് വ്യവസ്ഥിതിക്കും അടിയറവച്ചിട്ട് പുലമ്പുകയാണ്: "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?" (ഉത്പ. 4:9).

**ജീവന്റെ സുവിശേഷം**

വിശുദ്ധ കൂദാശയായ വിവാഹത്തിലൂടെ ലഭ്യമാകുന്ന പ്രസാദത്തിൽ നിറഞ്ഞ് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഒരു ഭർത്താവ് കാഴ്ചയായി അർപ്പിക്കുന്ന ബീജാംശവും(sperm) ഭാര്യ കാഴ്ചയായി അർപ്പിക്കുന്ന അണ്ഡാംശവും (egg)അനുകൂലമായ പരിതസ്ഥിതിയിൽ സമന്വയിപ്പിച്ച് ആ പ്രഥമകോശത്തിൽ (zygotte cell) ജീവന്റെ ചൈതന്യത്തെ നിക്ഷേപിക്കുന്നത് ദൈവമാണ്. ദൈവംതന്നെയാണ് സൃഷ്ടികർത്താവ്. മാതാപിതാക്കൾ സഹസൃഷ്ടികർത്താക്കളും.

ജീവന്റെ അതുല്യവും അമൂല്യവുമായ പരിശുദ്ധിയെ ഉയർത്തിക്കാട്ടാനും ജീവസംരക്ഷണത്തിന്റെ മഹാത്മ്യം വിളിച്ചോതാനും ജീവനിലേക്കു മനുഷ്യമനഃസാക്ഷിയുടെ കണ്ണുകളെ തിരിക്കാനുമാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'ജീവന്റെ സുവിശേഷം' എന്ന പ്രമാണരേഖ പുറപ്പെടുവിച്ചതുതന്നെ.

**'AMORIS LAETITIA' (The Joy of Love)**

കുടുംബബന്ധങ്ങളുടെയും വൈവാഹികസ്നേഹത്തിന്റെയും ആനന്ദത്തെയും സൗന്ദര്യത്തെയും കുറിച്ച് 'ആമോരിസ് ലെറ്റിഷ്യ' എന്ന അപ്പസ്തോലികപ്രബോധനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ലോകജനതയോടു സംസാരിച്ചു. ഇതിന്റെ അഞ്ചാം വാർഷികത്തിൽ, 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെയുള്ള ഒരു വർഷത്തെ 'കുടുംബവർഷം' ആയും പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചു. 2022 ൽ റോമിൽ നടക്കുന്ന പത്താം ലോക കുടുംബസമ്മേളനത്തോടെയാണ് ഇതു സമാപിക്കുന്നത്.

**കുടുംബം ഗാർഹികസഭ**

കൊവിഡ് ഭീകരതയുടെ അനുഭവം 'കുടുംബം ഒരു ഗാർഹികസഭ' ആണെന്ന സത്യത്തെ ഒരിക്കൽക്കൂടി വെളിപ്പെടുത്തിയിരിക്കുന്നു. കുടുംബങ്ങൾ തമ്മിലുള്ള സാമൂഹികബന്ധത്തിന്റെ പ്രാധാന്യത്തെയും ഇതു വെളിവാക്കി. ആത്മീയവും അജപാലനപരവും സാംസ്കാരികവുമായ കർമപരിപാടികളിലൂടെ കുടുംബബന്ധത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ പരിശുദ്ധ പിതാവ് ലോകത്തിലെ എല്ലാ ക്രിസ്തീയകുടുംബാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

**അനിവാര്യമായ ഒരുക്കങ്ങൾ**

കുടുംബ ആദ്ധ്യാത്മികതയെക്കുറിച്ചും വിവാഹ ഒരുക്കത്തിനുള്ള ക്രമീകരണങ്ങളെക്കുറിച്ചും യുവജന വിദ്യാഭ്യാസ പരിശീലനങ്ങളെക്കുറിച്ചും വിവാഹിതരായവരുടെ വിശുദ്ധിയെക്കുറിച്ചും വ്യക്തമായ കർമപദ്ധതികളും കാഴ്ചപ്പാടുകളും സൃഷ്ടിക്കുവാൻ മാർപാപ്പ ആഗ്രഹിക്കുന്നു.

**കുടുംബവർഷത്തിന്റെ ലക്ഷ്യങ്ങൾ**

അമോറിസ് ലെറ്റിഷ്യ എന്ന പ്രബോധനത്തിന്റെ സന്ദേശങ്ങൾക്ക് വിപുലമായ പ്രചാരം നൽകുക. ജീവിതത്തെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന ആനന്ദമായി കുടുംബസുവിശേഷത്തെ കാണുവാനും അനുഭവിക്കുവാനും ജനതയെ പ്രേരിപ്പിക്കുക. മനുഷ്യസ്നേഹത്തെ പരിവർത്തനം ചെയ്യാൻ കഴിവുള്ള വിവാഹമെന്ന വിശുദ്ധ കൂദാശയുടെ വിലമതിക്കാനാകാത്ത മൂല്യത്തെ പ്രഘോഷിക്കുക. കുടുംബപ്രേഷിതവേലകളിൽ ക്രിയാത്മകമായ സഹകാരികളാകാൻ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുക. കുടുംബനവീകരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കുറെക്കൂടി വിശാലമാക്കുക. അവിടെ കുട്ടികളെയും യുവജനതയെയും വൃദ്ധജനങ്ങളെയും കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങളെയും ഉൾപ്പെടുത്തുക. വിവാഹബന്ധത്തിന്റെയും കുടുംബസ്നേഹത്തിന്റെയും സൗന്ദര്യത്തെ പ്രഘോഷിക്കുക.



ജീവനും ജീവന്റെ കൂടാരമായ കുടുംബവും സ്നേഹമാകുന്ന ചരടിൽ വിളക്കിച്ചേർത്ത് ദൈവികപദ്ധതിയുടെ ഭാഗമായിക്കണ്ട് അതിന്റെ സാക്ഷികളും സംരക്ഷകരും ആയിത്തീരുവാനാണ് ഈ പ്രമാണരേഖയിലൂടെ ക്രിസ്തുവിന്റെ മൗതികശരീരമായ സഭ നമ്മോടാവശ്യപ്പെടുന്നത്.

**ജീവൻ: അനുപമദാനം**

ജീവൻ എപ്പോഴും നന്മതന്നെയാണ്; അതിന്റെ നിരാസമോ തിന്മയും. ദൈവത്തിന്റെ കൈയൊപ്പുമായാണ് ഓരോ മനുഷ്യജീവനും പിറക്കുന്നത്. ചിതറിപ്പോകാവുന്ന മണൽത്തരികൾകൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എങ്കിൽ അവയെ ഏകീഭവിപ്പിക്കുന്ന രൂപഭാവമാണ് ജീവൻ എന്ന സത്യം. മനുഷ്യന്റെ സൃഷ്ടികർമം ആയിരുന്നല്ലോ സ്രഷ്ടാവുമായുള്ള പ്രത്യേകവും സവിശേഷവുമായ ബന്ധം സ്ഥാപിക്കുവാനുള്ള അടയാളം.

ദൈവമാണ് മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് (ഉത്പ. 1 :26). ആ ദൈവം തന്നെയാണ് മനുഷ്യജീവന്റെ ഉടയവൻ. മനുഷ്യൻ സൂക്ഷിപ്പുകാരനും കാര്യസ്ഥനും സംരക്ഷകനും മാത്രം. ജീവനെ കളങ്കപ്പെടുത്താനോ ഇല്ലായ്മ ചെയ്യാനോ അവന് അധികാരമില്ല. ജനിമൃതികളുടെ നാഥൻ (നിയമ.32:39) തന്റെ ഉടമസ്ഥാവകാശം പരിപാലനയുടെയും താത്പര്യത്തിന്റെയും അടയാളമായി ഉപയോഗിക്കുന്നു. ദൈവം ആഗ്രഹിക്കുന്നത് മരണമല്ല; മറിച്ച്, ജീവന്റെയും അത് ഏല്പിക്കപ്പെട്ടിരിക്കുന്ന കുടുംബത്തിന്റെയും നിലനില്പാണ്.

**ജീവനും സ്നേഹവും കുടുംബമാകുന്ന കൈക്കുമ്പിളിൽ**

ദൈവത്തിൽനിന്നു നാം സ്വീകരിക്കുന്ന അസ്തിത്വം സമയത്തിലുള്ള അതിന്റെ കെട്ടുപാടുകളിൽ ഒതുങ്ങിക്കൂടുന്നില്ല (നമ്പർ 37). സ്ഥലസമയാദികൾക്കപ്പുറം നീളുകയാണ് മനുഷ്യജീവൻ. "രണ്ടു വ്യക്തികളുടെ ദാമ്പത്യബന്ധത്തിൽനിന്ന് ഒരു പുതിയ വ്യക്തി ജനിക്കുമ്പോൾ അവൻ ഭൂമിയിലേക്ക് ദൈവത്തിന്റെ ഛായയും സാദൃശ്യവും കൊണ്ടു വരുന്നു." (കുടുംബങ്ങൾക്ക് ഒരെഴുത്ത്, നമ്പർ 9). തന്റെ ഛായയും സാദൃശ്യവും പുതിയ സൃഷ്ടിക്കു പകർന്നുകൊടുക്കുന്നതിൽ ദൈവത്തിന്റെ സഹകാരികളാണ് മാതാപിതാക്കൾ. എല്ലായ്പ്പോഴും ജീവനു തണലേകുക എന്ന കടമയിൽ എല്ലാവരും ഒരുപോലെ പങ്കുചേരണം (മത്താ.25: 31 – 45). ദൈവത്തിന്റെ സാന്നിധ്യവും വ്യക്തിത്വവുമായ ജീവനെ കൈക്കുമ്പിളിൽ എന്നപോലെ സ്വീകരിച്ചു പരിപാലിക്കേണ്ടവരാണ് ഓരോ കുടുംബവും.

**കുടുംബത്തിൽ ജീവനെയും സ്നേഹത്തെയും പ്രഘോഷിക്കുക**

ജീവന്റെ സുവിശേഷം ഈശോതന്നെയായ സുവിശേഷത്തിന്റെ അവശ്യഭാഗമാണ് (നമ്പർ 78). ഈശോയിൽ ജീവന്റെ സുവിശേഷം പ്രഘോഷിക്കപ്പെടുകയും പൂർണമായും നൽകപ്പെടുകയും ചെയ്തു. (നമ്പർ 29). ജീവന്റെ ജനവും ജീവന്റെ കൂട്ടായ്മയും എന്ന നിലയിൽ ജീവന്റെ സുവിശേഷം പ്രഘോഷിക്കാൻ ഓരോ കുടുംബവും വിളിക്കപ്പെട്ടിരിക്കുന്നു.

'പുതിയ ജീവനുകളെ' ശക്തമായി പിന്തുണയ്ക്കാനും കാര്യക്ഷമമായി പ്രവർത്തിക്കാനും നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ജീവന്റെ സംരക്ഷണത്തെയും വളർത്തലിനെയും സംബന്ധിച്ച് ഏതെങ്കിലും ഒരു വ്യക്തിക്കോ സമൂഹത്തിനോ ഏകാധികാരമില്ല; പ്രത്യുത, ഓരോ വ്യക്തിയുടെയും ദൗത്യവും ഉത്തരവാദിത്വവുമാണ് (നമ്പർ 91).

**കുടുംബവർഷ പ്രഖ്യാപനം – പുത്തൻ ഉണർവിന്**

വെല്ലുവിളികൾ നിറഞ്ഞ ആനുകാലിക പശ്ചാത്തലത്തിൽ കുടുംബങ്ങളെ സഹായിക്കാനും അനുധാവനം ചെയ്യാനും പര്യാപ്തമായ ആത്മീയവും അജപാലനപരവും സാംസ്കാരികവുമായ സംരംഭങ്ങൾക്കു നേതൃത്വം കൊടുക്കുക.

ഇടവകകളും രൂപതകളും സർവകലാശാലകളും സഭാകൂട്ടായ്മകളും ഈ കുടുംബവർഷം സമുചിതമായി ആചരിക്കാൻ സഹായിക്കുന്നു.

കുടുംബങ്ങളുടെ ജീവിതയാത്രയിൽ അവയെ അനുഗമിക്കുവാനും അവയെ ശ്രവിക്കുവാനും അനുഗ്രഹിക്കുവാനും നാം ക്ഷണിക്കപ്പെട്ടിരുന്നു. മാർഗം വിശദീകരിച്ചു കൊടുക്കുവാൻ അല്ല; മറിച്ച്, കുടുംബങ്ങളോടുകൂടെ യാത്ര ചെയ്യുവാനും വിവേകത്തോടും സ്നേഹത്തോടും കൂടി ആ കുടുംബങ്ങളിൽ പ്രവേശിക്കുവാനും സഭ നിങ്ങളോടൊത്തുണ്ടെന്ന് അവരോടു പറയുവാനും ക്രിസ്തു നിങ്ങൾക്കു സമീപസ്ഥനാണ് എന്ന് അവരെ ബോധ്യപ്പെടുത്താനും ശ്രമിക്കുക.

അമോരിസ് ലെറ്റിഷ്യ എന്ന പ്രമാണരേഖയുടെ സാരാംശങ്ങളെ കൂടുതൽ ആഴത്തിൽ വിചിന്തനത്തിനും ധ്യാനങ്ങൾക്കും വിഷയമാക്കുക.

സഭ കുടുംബങ്ങളുടെ കുടുംബമാണ്. (Church is the family of families).

ഓരോ വിശ്വാസിയെയും വിവാഹബന്ധത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷിയാകാൻ ക്ഷണിക്കുന്നു.

വിവാഹമാകുന്ന രഹസ്യത്തെ അദ്ഭുതത്തോടും വിവേകത്തോടും കരുണയോടുംകൂടി സമീപിക്കാൻ ഓരോരുത്തരെയും മാർപാപ്പ ക്ഷണിക്കുന്നു.

ജീവനെ ആസ്വദിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന കുടുംബങ്ങളാണ് യഥാർത്ഥ ഗാർഹിക സഭാരൂപങ്ങൾ. ദൈവികതയെ പ്രഘോഷിക്കുന്നവരുടെ സ്നേഹക്കൂടാരമാണ് കുടുംബം. വൈവാഹികബന്ധത്തിന്റെ മാധുര്യം ആസ്വദിക്കുന്ന ദമ്പതികളാണ് ദൈവികകുടുംബങ്ങളുടെ നിർമാതാക്കൾ. മക്കളും മാതാപിതാക്കളും മുതിർന്നവരും എല്ലാം സ്നേഹത്തിൽ ഇണങ്ങിച്ചേരുന്ന കൂട്ടായ്മയുടെ സ്വർഗമായിത്തീരട്ടെ നമ്മുടെ കുടുംബങ്ങൾ.



# ചൈനയെ മെരുക്കാൻ ഇന്തോ-പസഫിക് മേഖലയിൽ പുതിയ പോർമുഖം

1-ാം പേജ് തുടർച്ച

രണ്ടു കരാറുകളുടെയും ആത്യന്തികലക്ഷ്യം വ്യത്യസ്തമാണെന്ന് അംഗരാജ്യങ്ങൾ വ്യക്തമാക്കുന്നുണ്ടെങ്കിലും മേഖലയിലെ സമാധാനവും സുസ്ഥിതിയും തകർക്കുന്നതും ആയുധമത്സരത്തിനിടയാക്കുന്നവയുമാണു കരാറുകളെന്നാണ് ചൈന കടുത്ത ഭാഷയിൽ വിമർശിക്കുന്നത്. ശീതയുദ്ധകാലത്തെ നടപടികളാണ് ക്വാഡ് അംഗരാജ്യങ്ങൾ പിന്തുടരുന്നതെന്ന് ചൈന ആരോപിക്കുന്നു. അമേരിക്കയുടെ വാക്കു വിശ്വസിച്ച് ചൈനയ്ക്കെതിരേ പൊരുതാനാണു ഭാവമെങ്കിൽ ക്വാഡ് രാജ്യങ്ങളെ നശിപ്പിക്കാൻ മടിക്കില്ലെന്നുവരെ ചൈനീസ് വൃത്തങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. അതേസമയം, വ്യോമ-നാവിക-സൈനിക സംവിധാനങ്ങൾ വൻതോതിൽ വികസിപ്പിച്ചുകഴിഞ്ഞ ചൈന, ചരിത്രത്തിലെ ഏറ്റവും വലിയ മുതൽമുടക്കാണു നടത്തിയിട്ടുള്ളതെന്ന് ബ്രിട്ടന്റെ പ്രതിരോധമന്ത്രി ബെൻ വാലസ് പറയുന്നു.

ദക്ഷിണ ചൈനാക്കടൽ ഉൾപ്പെടെയുള്ള തർക്കമേഖലകളിൽ ഏതാനും വർഷങ്ങളായി ചൈന സംഘർഷം വളർത്തുകയാണെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിലാണ് 'ഔക്കുസ്' എന്ന ത്രിരാഷ്ട്രസഖ്യത്തിനു രൂപം നല്കിയത്. യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ, ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൻ, ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ എന്നിവർ നടത്തിയ സംയുക്ത വെർച്വൽ പത്രസമ്മേളനത്തിലായിരുന്നു പുതിയ സഖ്യത്തിന്റെ പ്രഖ്യാപനം. "ലോകമെമ്പാടും സുരക്ഷയും സ്ഥിരതയും ഉറപ്പുവരുത്തുകയാണ് 'ഔക്കുസ്' ഉടമ്പടിയുടെ ലക്ഷ്യം. സ്വന്തം ഭൂമിയിൽ നിലനില്ക്കാൻ കഴിയണമെന്ന് ഇന്ത്യാ - പസഫിക് മേഖലയിലെ ഞങ്ങളുടെ പങ്കാളികൾ ആഗ്രഹിക്കുന്നു. ഉടമ്പടി യാഥാർത്ഥ്യമാകുന്നതോടെ നൂറുകണക്കിന് അതിവിദഗ്ധ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും." ബോറിസ് ജോൺസൻ വെളിപ്പെടുത്തി. ന്യൂസിലന്റ്, കാനഡ എന്നീ രാജ്യങ്ങൾകൂടി ഉൾപ്പെട്ട 'പഞ്ചനക്ഷത്ര രഹസ്യാന്വേഷണപങ്കാളിത്ത'ത്തിനു പുറമേയാണു ത്രിരാഷ്ട്രസഖ്യമെന്നതും ശ്രദ്ധേയമാണ്. ആണവ അന്തർവാഹിനികൾ നിർമിക്കുന്നതിനുമപ്പുറം സമാനമനസ്കരായ മൂന്നു രാജ്യങ്ങൾക്കുമിടയിൽ സൈബർ ശേഷിയും അന്തർസമുദ്രസാങ്കേതികവിദ്യകളും പങ്കുവയ്ക്കപ്പെടുമെന്ന പ്രത്യേകതയുമുണ്ട്.

മലേഷ്യ, ബ്രൂണൈ, വിയറ്റ്നാം, ഫിലിപ്പീൻസ്, തായ്വാൻ തുടങ്ങിയ രാജ്യങ്ങൾ അതിരിടുന്ന ദക്ഷിണചൈനാക്കടൽ മുഴുവൻ തങ്ങളുടെ സ്വന്തമാണെന്ന ചൈനയുടെ നിലപാടിനെതിരേയുള്ള ആസൂത്രിതനീക്കങ്ങളാണ് ക്വാഡിന്റെയും ഔക്കുസിന്റെയും രൂപീകരണത്തിനു പിന്നിലുള്ളതെന്നു വ്യക്തമാണ്. ഇക്കഴിഞ്ഞ ഓഗസ്റ്റ് 26 മുതൽ 29 വരെയുള്ള നാലു ദിവസങ്ങൾ ജപ്പാൻ, സിംഗപ്പൂർ, മലേഷ്യ, ബ്രിട്ടൻ എന്നീ രാജ്യങ്ങൾക്കൊപ്പം ഇന്ത്യൻ നേവിയും ചേർന്നു പടിഞ്ഞാറൻ പസഫിക് സമുദ്രത്തിൽ നടത്തിയ നാവികാഭ്യാസങ്ങൾ ഇതിനു തെളിവാണ്. 'മലബാർ നാവികാഭ്യാസം 2021' എന്ന പേരിൽ സംഘടിപ്പിച്ച അഭ്യാസപ്രകടനങ്ങൾ ചൈനയെ ചെറുതായൊന്നുമല്ല പ്രകോപിപ്പിച്ചത്. ബ്രിട്ടന്റെ എച്ച്.എം.എസ്. ക്യൂൻ എലിസബത്ത് എന്ന കൂറ്റൻ യുദ്ധക്കപ്പൽ ദക്ഷിണചൈനാക്കടലിലൂടെ ജപ്പാനിലെത്തിയതു സംഘർഷത്തിനു വക്കോളമെത്തുകയും ചെയ്തു. കഴിഞ്ഞ വർഷവും ഇതേകാലയളവിൽ യു.എസ്., ഓസ്ട്രേലിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളോടൊപ്പം ഇന്ത്യയും പങ്കെടുത്ത നാവികാഭ്യാസങ്ങൾ നടത്തിയിരുന്നു. ജപ്പാനുമായും ചൈനയ്ക്ക് അതിർത്തിത്തർക്കങ്ങൾ നിലനില്ക്കുന്നുണ്ട്.

ചൈനയിൽനിന്നു മധ്യേഷ്യൻ രാജ്യങ്ങളിലൂടെ പശ്ചിമേഷ്യയിലും യൂറോപ്പിലുമെത്തുന്ന 'സിൽക്ക് റോഡ്' പദ്ധതിക്കും പാക്കിസ്ഥാനിലൂടെ അറബിക്കടലിലെത്തുന്ന ചൈന-പാക്കിസ്ഥാൻ സാമ്പത്തിക ഇടനാഴിക്കും ബദലായിട്ടാണ് ക്വാഡ് അംഗരാജ്യങ്ങൾ വിഭാവനം ചെയ്യുന്ന അടിസ്ഥാനസൗകര്യ വികസനപദ്ധതിയെന്നു കരുതപ്പെടുന്നുണ്ട്.

ഔക്കുസ് ഉടമ്പടിപ്രകാരം ഓസ്ട്രേലിയ ആണവ അന്തർവാഹിനികൾ നിർമിക്കുന്നത് മേഖലയിൽ ആയുധമത്സരത്തിനിടയാക്കുമെന്ന ചൈനയുടെ വിമർശനത്തിൽ വലിയ കഴമ്പില്ല എന്നു നിരീക്ഷിക്കുന്നവരുണ്ട്. ആണവ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന 93 ഇനം അന്തർവാഹിനികളും 94 ഇനം ബാലിസ്റ്റിക് മിസൈൽ വാഹകരായ അന്തർവാഹിനികളും ഏറ്റവും കൂടുതൽ കൈവശമുള്ളത് ചൈനയ്ക്കാണെന്നു കണ്ടെത്തിയിട്ടുണ്ട്. ആയുധശേഖരത്തിലും സൈനികരുടെ എണ്ണത്തിലും ചൈന മറ്റു രാജ്യങ്ങൾക്കു മുന്നിലെത്തിക്കഴിഞ്ഞു. അമേരിക്കയെയും റഷ്യയെയും പിൻതള്ളി ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക സൈനികശക്തിയായി ഉയരുന്നതിനുള്ള ചൈനയുടെ തന്ത്രങ്ങളെ തടയുകയെന്നതു പാശ്ചാത്യ രാജ്യങ്ങളുടെ മുഖ്യലക്ഷ്യമാണ്. ചൈനയുമായി അടുപ്പമുള്ള ഇറാൻ, വടക്കൻ കൊറിയ തുടങ്ങിയ രാജ്യങ്ങൾ ആണവായുധങ്ങൾ നിർമിക്കുന്നതിനെതിരേ അന്താരാഷ്ട്ര ഉപരോധം ഏർപ്പെടുത്തിയത് ഇതേ ലക്ഷ്യംവച്ചുകൊണ്ടാണ്. അഫ്ഗാനിസ്ഥാനിൽനിന്നു തിടുക്കത്തിൽ സൈന്യത്തെ പിൻവലിച്ചത് ഇന്തോ-പസഫിക് മേഖലയിൽ ഒരു പുതിയ പോർമുഖം തുറക്കുന്നതിനുവേണ്ടിയായിരുന്നുവെന്നു പുതിയ സംഭവവികാസങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ട്. എന്നാൽ, ലിബിയയിലും ഇറാക്കിലും സിറിയയിലും അഫ്ഗാനിസ്ഥാനിലും സൈനികമായി ഇടപെടുകയും ഒടുവിൽ പിൻവാങ്ങേണ്ടിവരികയും ചെയ്ത യു.എസിന്റെയും സഖ്യകക്ഷികളുടെയും വികലമായ വിദേശനയം ഇവിടെയും വിജയിക്കുമെന്ന് ഇപ്പോൾ പ്രവചിക്കാനാകുന്നില്ല.

വൻശക്തിരാഷ്ട്രങ്ങളുടെ കിടമത്സരങ്ങൾക്കിടയിൽ വിവിധ കരാറുകളിൽ ഏർപ്പെടേണ്ടിവരുന്ന നമ്മുടെ രാജ്യത്തിന്റെ വിദേശനയത്തിലും ഒരു പൊളിച്ചെഴുത്ത് അനിവാര്യമായ കാലഘട്ടംകൂടിയാണിത്. ശത്രുരാജ്യങ്ങളായ പാക്കിസ്ഥാനും ചൈനയുമായിപ്പോലും സൗഹൃദത്തിൽ കഴിയണമെന്ന നയമാണ് രാജ്യം ഭരിച്ചിട്ടുള്ള നേതാക്കന്മാർ തുടക്കംമുതൽ സ്വീകരിച്ചുപോന്നിരുന്നത്. ക്വാഡ് ഉച്ചകോടിയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകൾ ഇന്ത്യയുടെ നിലപാടുകളെന്തെന്ന് അടിവരയിട്ടുറപ്പിക്കുകയും ചെയ്യുന്നുണ്ട്: "ജനാധിപത്യമൂല്യങ്ങളിൽ വിശ്വസിക്കുന്ന ഞങ്ങൾക്കു സ്വാതന്ത്ര്യവും വിശാലവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ലോകക്രമമാണാവശ്യം. മനുഷ്യകുലം നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാണു ഞങ്ങൾ ലക്ഷ്യമിടുന്നത്. ലോകനന്മയ്ക്കുവേണ്ടിയാണു ഞങ്ങൾ ഒത്തുചേർന്നത്. മറ്റെന്നത്തെക്കാളുമധികം അടുത്തിടപെട്ടുകൊണ്ടു സമാധാനവും സുരക്ഷയും ഉറപ്പാക്കുന്നതിനു വേണ്ടിയാണ് ക്വാഡ് രൂപീകരിച്ചത്. ലോകമെമ്പാടും സമാധാനവും സുസ്ഥിതിയും പുലരട്ടെയെന്ന് ആശംസിക്കുന്നു."

ബാലകഥ



സിപ്പി പള്ളിപ്പുറം



# കാറുണ്ണിയും ജേസീബിക്കുട്ടനും



**പാ**റക്കടവിലെ വാറുണ്ണി മൂപ്പീന്നിന്റെ വീട്ടിൽ ഒരു കാറുണ്ണിയും ജേസീബിക്കുട്ടനും ഉണ്ടായിരുന്നു. വാറുണ്ണിമൂപ്പീന്ന് സ്വന്തം മക്കളെപ്പോലെ താലോലിച്ചാണ് രണ്ടുപേരേയും കൊണ്ടുനടന്നിരുന്നത്.

ആരുകണ്ടാലും കൊതിച്ചുപോകുന്ന ഒരു സുന്ദരക്കുട്ടനായിരുന്നു കാറുണ്ണി. വാറുണ്ണി മൂപ്പീന്ന് അവനോടൊപ്പമാണ് എവിടെയും സഞ്ചരിച്ചിരുന്നത്. അതുകൊണ്ട് കാറുണ്ണിക്ക് എപ്പോഴും വലിയ അഹംഭാവമായിരുന്നു. തന്റെ അരികിൽ വരുന്നവരോട് അവൻ പറയും:

*കുന്നു മലയും കേറും ഞാൻ*
*ചീറിപ്പാഞ്ഞു കുതിക്കും ഞാൻ*
*കുണ്ടും കുഴിയും താണ്ടും ഞാൻ*
*വണ്ടികളിൽ ഞാൻ കെങ്കേമൻ*

ജേസീബിക്കുട്ടനെ കാറുണ്ണിക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. പലപ്പോഴും ദിനോസറെന്നു വിളിച്ച് അവൻ ജേസീബിക്കുട്ടനെ കളിയാക്കാറുണ്ടായിരുന്നു.

ഒരിക്കൽ കാറുണ്ണി ഒരു പുഴവക്കത്തുകൂടി ചീറിപ്പാഞ്ഞു പോകുകയായിരുന്നു. അപ്പോൾ പുഴവക്കത്തു കിടന്ന് ജേസീബിക്കുട്ടൻ മണ്ണും ചെളിയും കോരി കരയ്ക്കിടുന്നത് കാറുണ്ണി കണ്ടു. അഴുക്കുചാലിൽ കിടന്ന് പണിയെടുക്കുന്ന ജേസീബിക്കുട്ടനെ ഒന്നു പരിഹസിച്ചിട്ടു പോകാമെന്ന് കാറുണ്ണി വിചാരിച്ചു. കാറുണ്ണി തന്റെ അരികിലേക്കു വരുന്നതുകണ്ട് ജേസീബിക്കുട്ടൻ ശരിക്കും അമ്പരന്നു. അവൻ പറഞ്ഞു:

*"അയ്യോ പൊന്നേ കാറുണ്ണീ*
*ഇങ്ങോട്ടേക്കു വരല്ലേ നീ.*
*എന്നുടെയരികിൽ വന്നെന്നാൽ*
*ചെളിയിൽ വീണു കുഴങ്ങും നീ"*

പക്ഷേ, ജേസീബിക്കുട്ടൻ പറഞ്ഞതൊന്നും കാറുണ്ണി അനുസരിച്ചില്ല. അവൻ മുക്കറയിട്ടുകൊണ്ട് പുഴവക്കത്തെ ചെളിയിലേക്ക് ഒറ്റച്ചാട്ടം! 'ബ്ളും' പിന്നെ അവന് അനങ്ങാൻ കഴിഞ്ഞില്ല.

സകല ശക്തിയുമെടുത്ത് തന്റെ ചക്രങ്ങൾ തിരിക്കാൻ കാറുണ്ണി പണിപ്പെട്ടു നോക്കി. പക്ഷേ എന്തു ഫലം?

ചേറിൽക്കിടന്ന് ഞരങ്ങിയതല്ലാതെ ചെളിയിൽനിന്നു പുറത്തുകടക്കാൻ കാറുണ്ണിക്ക് കഴിഞ്ഞില്ല. ചെളിക്കുണ്ടിൽ തളർന്നുകിടന്ന് അവൻ ഞരങ്ങി.

"ഗ്ർർർ!....ഗ്ർർർ!..."

കുറച്ചുകഴിഞ്ഞപ്പോൾ പുഴയിലെ മണ്ണുമാന്തൽ കഴിഞ്ഞ് ജേസീബിക്കുട്ടൻ കാറുണ്ണിയുടെ അരികിലെത്തി. തന്റെ ചങ്ങാതിയുടെ കിടപ്പുകണ്ട് അവനു വല്ലാത്ത സങ്കടം തോന്നി. അവൻ തന്റെ നീണ്ട കൈകൾകൊണ്ട് പതുക്കെ ഉന്തിത്തള്ളി കാറുണ്ണിയെ ചെളിയിൽനിന്നു രക്ഷപ്പെടുത്തി.

ജേസീബിക്കുട്ടന്റെ നല്ല പ്രവൃത്തികണ്ട് കാറുണ്ണിയുടെ കണ്ണുകൾ നിറഞ്ഞു. ഇത്രയും കാലം അവനെ പരിഹസിച്ചതോർത്ത് കാറുണ്ണി സങ്കടപ്പെട്ടു. "നല്ലവനായ ജേസീബിക്കുട്ടാ, നിന്നെ പരിഹസിച്ചതു തെറ്റായിപ്പോയി. നീ എന്നോടു ക്ഷമിക്കണം.

ജേസീബിക്കുട്ടൻ കാറുണ്ണിക്കു മാപ്പുകൊടുത്തു. അവൻ തന്റെ നീളൻകൈകൊണ്ട് കാറുണ്ണിയെ തഴുകി. അന്നു മുതൽ അവർ നല്ല ചങ്ങാതിമാരായി മാറി.






## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിത്രമാവട്ടെ– ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575



# ഗാനലോകത്തെ വിസ്മയതാരമായി പാലാ സഞ്ജയ്

ദൈവം കനിഞ്ഞുനൽകിയ ശബ്ദമാധുര്യത്താൽ സംഗീതവേദികളിൽ നിറസാന്നിധ്യമാവുകയാണ് 'പാലാ സഞ്ജയ്' എന്നറിയപ്പെടുന്ന പാലാക്കാരൻ സഞ്ജയ് വി. ഐസൺ. അരങ്ങുകളിൽ അമ്പരപ്പിക്കുന്ന പ്രകടനം കാഴ്ചവയ്ക്കുന്ന സഞ്ജയുടെ സ്വരമാധുരിയും മെയ്വഴക്കവും സ്വതഃസിദ്ധമായ നർമവും നിഷ്കളങ്കമായ പുഞ്ചിരിയും പ്രേഷകരെ ഹരം കൊള്ളിക്കുന്നു.

കുറഞ്ഞൊരു കാലംകൊണ്ടുതന്നെ സംഗീതാസ്വാദകരുടെ മനസ്സുകളിൽ സുപ്രധാനമായൊരിടം നേടാനായെങ്കിൽ അതിനു പിന്നിലുള്ള സഞ്ജയുടെ പ്രയത്നങ്ങളും ചെറുതല്ല. ഒന്നാം ക്ലാസ്സുമുതൽ സഞ്ജയ് പാലാ കടയം സ്വദേശി പ്രസാദ്സാറിൽ നിന്ന് കർണാടകസംഗീതം അഭ്യസിച്ചുതുടങ്ങി. ഇപ്പോൾ, പ്രശസ്ത സംഗീതസംവിധായകനും ദേവരാജൻമാസ്റ്ററുടെ ശിഷ്യനുമായ, തിരുവനന്തപുരം സ്വദേശി സതീഷ് രാമചന്ദ്രൻസാറിന്റെ പക്കൽ പഠനം തുടരുന്നു. സിനിമാഗാനങ്ങൾ പഠിപ്പിക്കുന്നത് ടെലിവിഷൻ ഷോകളിലൂടെ സുപരിചിതനായ കൊടുങ്ങല്ലൂർ സ്വദേശി നൗഷാദ്മാസ്റ്ററാണ്. പാലാ സ്വദേശി ഷിബു വിൽഫ്രഡ്സാറിൽനിന്ന് പിയാനോയും അഭ്യസിക്കുന്നു.

പാലാ ചാവറ സി.എം.ഐ. പബ്ലിക് സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ സഞ്ജയ്, നഴ്സറിക്ലാസുകൾ മുതലേ സംഗീതമത്സരങ്ങളിൽ ഒട്ടേറെ സമ്മാനങ്ങൾ വാങ്ങിക്കൂട്ടി. ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾത്തന്നെ പാലാ രൂപത കലോത്സവത്തിൽ സംഗീതമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത് ഏവരെയും അദ്ഭുതപ്പെടുത്തിയിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും ഈ കൊച്ചുമിടുക്കൻ നേടുകയുണ്ടായി.

സഞ്ജയിലെ ഗായകന് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകി കുട്ടിയെ ഉയർത്തിക്കൊണ്ടുവന്നതു നഴ്സറി ക്ലാസ്സിൽ അധ്യാപികയായിരുന്ന ദീപറ്റീച്ചറായിരുന്നു. സഞ്ജയ് ആലപിച്ച "സുനേനാ" എന്ന ഹിന്ദി ഗാനത്തെക്കുറിച്ച് ദീപറ്റീച്ചർ പലപ്പോഴും വാചാലയാകാറുണ്ട്. സ്കൂൾ പ്രിൻസിപ്പൽ ഫാ. സാബു കൂടപ്പാട്ടും മുൻ പ്രിൻസിപ്പൽ ഫാ. മാത്യു കരീത്തറയും അധ്യാപകരായ ബെന്നി സാറും, അനീഷ് സാറും സഞ്ജയ്ക്കു നൽകുന്ന പ്രോത്സാഹനം വലുതാണ്. അരുണാപുരം ഇടവകപ്പള്ളിയിലെ വികാരി ഫാദർ മാത്യു പുല്ലുകാലായിലും വിശ്വാസപരിശീലകരും നൽകുന്ന പിന്തുണയും സഞ്ജയ്ക്കു കരുത്തേകുന്നു.

ശാലോം ടെലിവിഷനിൽ ഹോളി ബീറ്റ്സ് പരിപാടിയിൽ ഗാനങ്ങൾ അവതരിപ്പിച്ചു ശ്രദ്ധേയനായ കാലത്താണ് പാലാ കമ്യൂണിക്കേഷൻസ് ഡയറക്ടറായിരുന്ന ഫാ. ഡോ. ജോയൽ പണ്ടാരപ്പറമ്പിൽ ജൂണിയർ സിങ്ങേഴ്സ് ഗാനമേള ട്രൂപ്പിൽ സഞ്ജയ്ക്ക് അവസരങ്ങൾ നല്കുന്നത്. മനോധൈര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിൽ ജൂനിയർ സിങ്ങേഴ്സ് തനിക്കു നൽകിയ സംഭാവനകൾ കുറച്ചൊന്നുമല്ല - സഞ്ജയ് സാക്ഷ്യപ്പെടുത്തുന്നു.

ഇപ്പോൾ പങ്കെടുത്തുകൊണ്ടിരിക്കുന്ന സീ കേരളം സരിഗമപ ലിറ്റിൽ ചാംപ്സ് സംഗീത റിയാലിറ്റി ഷോയിൽ, വിധികർത്താക്കളായ ഷാൻ റഹ്മാൻ, ഗോപീസുന്ദർ, സുജാത മോഹൻ എന്നിവരും സാങ്കേതിക വിദഗ്ധരും ഷോയിൽ പങ്കെടുക്കുന്നവരും സഞ്ജയ്ക്കു നൽകുന്ന പ്രോത്സാഹനം ചെറുതല്ല. ഏതാനും ഭക്തിഗാന ആൽബങ്ങളിലും സഞ്ജയ് ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

പാലാ സെന്റ് തോമസ് കോളജ് ഭൗതികശാസ്ത്രവിഭാഗം തലവൻ ഡോ. ഐസൺ വി. വഞ്ചിപ്പുരയ്ക്കലാണ് സഞ്ജയുടെ പിതാവ്. മാതാവ് ആശാ ജോൺ പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപികയാണ്. സഹോദരി സേറാ മിയാ ഐസൺ പന്ത്രണ്ടാം ക്ലാസ്സിലും സഹോദരൻ സിയാൻ വി. ഐസൺ ഒന്നാം ക്ലാസ്സിലും പഠിക്കുന്നു. ■



# വിശുദ്ധ കൊച്ചുത്രേസ്യായുടെ മൊഴികൾ

**ഒക്ടോബർ 1**
**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

- എന്റെ മുഴുവൻ ശക്തിയും അടങ്ങിയിരിക്കുന്നത് പ്രാർത്ഥനയിലും ത്യാഗത്തിലുമാണ്. ഇവ എന്റെ അജയ്യമായ കരങ്ങളാണ്; വാക്കുകളെക്കാൾ മികച്ച രീതിയിൽ അവയ്ക്കു ഹൃദയങ്ങളെ ചലിപ്പിക്കാൻ കഴിയും. അത് അനുഭവത്തിലൂടെ എനിക്ക് അറിയാം.
- കർത്താവായ യേശുവാണ് എന്റെ ന്യായാധിപൻ. അതുകൊണ്ട് മറ്റുള്ളവരെക്കുറിച്ചു സൗമ്യമായി ചിന്തിക്കാൻ ഞാൻ ശ്രമിക്കും. അവൻ പറയുന്നു; വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല.
- എന്റെ ജീവിതകാലം മുഴുവൻ സ്നേഹംകൊണ്ട് എന്നെ സമാവരണം ചെയ്യുവാൻ ദൈവം തിരുമനസ്സായി. പുഞ്ചിരിയും അത്യന്തം സ്നേഹമസൃണമായ ലാളനകളുംകൊണ്ടാണ് എന്റെ ആദ്യസ്മരണകൾ മുദ്രിതമായിരിക്കുന്നത്.
- വൈദ്യന്മാരുടെ വൈദ്യനായ ഈശോ വാക്കുകൾ കൂടാതെ പഠിപ്പിക്കുന്നു. അവൻ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. പക്ഷേ, അവൻ ഉള്ളിലുണ്ടെന്ന് എനിക്കറിയാം. ഓരോ നിമിഷവും ഞാൻ ചെയ്യേണ്ട കാര്യങ്ങളിലേക്ക് അവൻ എന്നെ നയിക്കുന്നു.
- സമസ്തവും നല്ല ദൈവത്തിൽനിന്നാണു വരുന്നതെന്ന് സകലരും ഗ്രഹിക്കും. എനിക്ക് ഉണ്ടാകാവുന്ന സമസ്ത മഹിമയും സൗജന്യദാനമായിരിക്കും; അതൊന്നും എന്റെ വക ആയിരിക്കുകയില്ല. ലോകം മുഴുവനും അതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കും.

# GK QUIZ

1. "രക്തവും മാംസവുമുള്ള ഇത്തരമൊരു മനുഷ്യൻ ഈ മണ്ണിൽ ചവിട്ടി നടന്നിരുന്നുവെന്നു വിശ്വസിക്കാൻ വരുംതലമുറ പ്രയാസപ്പെട്ടേക്കാം." ആര് ആരെക്കുറിച്ചു പറഞ്ഞതാണിത്?
2. 'Water, water everywhere, Nor any drop to drink.' ഇത് ആരുടെ വരികളാണ്?
3. ഇന്ത്യയിൽ ഭൂദാനപ്രസ്ഥാനം ആരംഭിച്ചതാര്?
4. എവറസ്റ്റ് കിഴടക്കിയ ആദ്യ ഇന്ത്യൻ വനിത?
5. കേരളത്തിലെ ആദ്യ മിയാവാക്കി ഫോറസ്റ്റ് എവിടെയാണ്?

ഉത്തരങ്ങൾ 11–ാം പേജിൽ

# കേരളചരിത്രത്തിന്റെ നാൾവഴികളിലൂടെ



വിദ്യ വിജയകുമാർ
MA Bhashasasthram
Malayalam Sarvakalasala
Tirur

തിരുവിതാംകൂർ രാജവംശത്തിന്റെയും കേരളത്തിന്റെയും 5500 വർഷത്തോളമുള്ള ചരിത്രമാണ് മനു എസ്. പിള്ളയുടെ ദന്തസിംഹാസനം വിവരിക്കുന്നത്. ക്രിസ്ത്യാനികളെയും സുഗന്ധവ്യഞ്ജനങ്ങളും തേടി 1498 ൽ വാസ്കോ ഡി ഗാമ കേരളമണ്ണിൽ കാലുകുത്തിയതോടെ കേരളത്തിന്റെ ചരിത്രം മറ്റൊന്നായി. നാട്ടുരാജ്യങ്ങൾ തമ്മിൽ ബദ്ധശത്രുക്കളായി. പ്രാദേശികഭരണകൂടങ്ങൾ തകർന്നടിഞ്ഞു. പോർട്ടുഗീസുകാരുടെ സഹായത്തോടെ നാടുവാഴികൾപോലും രാജാക്കന്മാർക്കെതിരേ പടനയിക്കുകയും അധികാരം പിടിച്ചടക്കുകയും ചെയ്ത്, ഒടുവിൽ വിദേശികൾക്ക് തങ്ങളുടെ രാജ്യം വിട്ടുകൊടുക്കേണ്ട ഗതികേടിലേക്ക് എത്തിച്ചേർന്നു.

പൗരാണികകാലംമുതൽ സകല ലോകരാഷ്ട്രങ്ങളുമായും കച്ചവടബന്ധമുണ്ടായിരുന്ന കേരളം പോർച്ചുഗീസുകാരുടെ അധികാരദണ്ഡിൻകീഴിലമർന്നു. ആഭ്യന്തരകലഹങ്ങളും മതസ്പർദ്ധയും കേരളമണ്ണിൽ വിതയ്ക്കാൻ പോർച്ചുഗീസ് അധിനിവേശത്തിനു കഴിഞ്ഞുവെന്നത് വാസ്തവമാണ്. ഇതിന്റെ ഫലമായി രക്തച്ചൊരിച്ചിലിന്റെയും അരാജകത്വത്തിന്റെയും യുഗത്തിനാണ് തുടക്കം കുറിച്ചത്. ഇതിനിടയിൽ അധികാരം കരസ്ഥമാക്കിയ മാർത്താണ്ഡവർമ മഹാരാജാവാണ് തിരുവിതാംകൂറിനെ ഒരു ഏകീകൃതഭരണത്തിൻകീഴിലെത്തിച്ചത്. കേരളചരിത്രത്തിന്റെ നാൾവഴികളുടെ ഓരോ ഏടിലൂടെയും കടന്നുപോകുന്നുണ്ട് ഗ്രന്ഥകാരൻ.

മറ്റൊരു ജനതയ്ക്കും അവകാശപ്പെടാനില്ലാത്ത സാംസ്കാരികത്തനിമ കേരളത്തിനുണ്ടായത് ഒരുപക്ഷേ, അതിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടുകൂടിയായിരിക്കാം. അറബിക്കടലിനും സഹ്യപർവതത്തിനും ഇടയിൽ കിടന്ന കേരളത്തിന് വ്യത്യസ്തമായൊരു സംസ്കാരമാണ് ഉണ്ടായിരുന്നത്. മരുമക്കത്തായം എന്ന വിചിത്രമായ ഒരു പിൻതുടർച്ചാവകാശം കേരളത്തിലെ പല രാജകുടുംബങ്ങളിലും ചില പ്രമുഖ സമുദായങ്ങളിലും നിലനിന്നിരുന്നു. സ്ത്രീകൾക്ക് രാഷ്ട്രീയാധികാരത്തിന്റെ അകത്തളങ്ങളിൽ ശക്തമായ സ്ഥാനം ലഭിക്കാൻ ആ സമ്പ്രദായം കാരണമായി. മരുമക്കത്തായത്തിലെ ദോഷവശങ്ങളെക്കാൾ, കേരളത്തിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും, ഒരു പെണ്ണിന്റെ വ്യക്തിത്വമെന്നത് അവളുടെ വേഷമോ ശരീരമോ അല്ലെന്നുള്ള കാഴ്ചപ്പാടും ഗ്രന്ഥകർത്താവ് പറഞ്ഞുതരുന്നുണ്ട്. സ്ത്രീകൾക്കു ലഭിച്ചിരുന്നുവെന്നു പറയപ്പെടുന്ന അമിതാധികാരത്തിൽ അസ്വസ്ഥരായിരുന്ന പുരുഷസമൂഹത്തിന്റെ അസംതൃപ്തിയും തത്ഫലമായുണ്ടായ മരുമക്കത്തായ സമ്പ്രദായത്തിന്റെ തകർച്ചയും അധികാരവടംവലികളും മനു എസ്. പിള്ള വ്യക്തമായി വിവരിക്കുന്നുണ്ട്. ഈ ചരിത്രവിവരണത്തിൽ സ്ത്രീകളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തൊരു കാലത്തിന്റെ വെളിച്ചമുണ്ട്. രാജവംശത്തെക്കുറിച്ചുമാത്രമല്ല, കേരളത്തിലെ സാമൂഹികചരിത്രം, വാണിജ്യബന്ധങ്ങൾ, പത്രമാധ്യമങ്ങൾ, ചായയുടെ കഥ, ദേവദാസീസമ്പ്രദായം, മലയാളത്തിലെ ആദ്യസിനിമ വിഗതകുമാരനും അതിലെ റോസിയെന്ന താഴ്ന്ന ജാതിക്കാരിയായ നടിയും, തീവണ്ടിപ്പാത, കലാപങ്ങൾ, ആഭിചാരങ്ങൾ, വിപ്ലവം, സ്വതന്ത്രേന്ത്യ തുടങ്ങി അനവധി വിഷയങ്ങൾ ഈ പുസ്തകം ചർച്ച ചെയ്യുന്നു.




രാജകുടുംബത്തിൽ പിൻതുടർച്ചയ്ക്കായി പെൺകുട്ടികൾ ഇല്ലാതെവന്നതിനാൽ ആറ്റിങ്ങൽ കൊട്ടാരത്തിൽനിന്ന് തിരുവിതാംകൂർ രാജകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ട സേതുലക്ഷ്മിബായിയുടെയും സേതുപാർവതിബായിയുടെയും ജീവിതത്തിലൂടെ, രാജകൊട്ടാരത്തിന്റെ അകത്തളങ്ങളിൽ ഉരുത്തിരിയുന്ന പകയുടെയും അധികാരക്കൊതിയുടെയും കഥകൾ പറയുന്ന രചയിതാവ് ചരിത്രാഖ്യാനത്തിന്റെ പുതിയൊരു ശൈലി വായനക്കാരനു തുറന്നുതരുന്നു.

'പണ്ടെനിക്കൊരു രാജ്യമുണ്ടായിരുന്നു' എന്ന സേതുലക്ഷ്മിബായിയുടെ വാക്കുകളിലാണ് പുസ്തകം അവസാനിക്കുന്നത്. ചരിത്രത്തിന്റെ വിസ്മൃതിയിൽ മറഞ്ഞ തിരുവിതാംകൂറിലെ അവസാനത്തെ റാണിയായിരുന്ന സേതുലക്ഷ്മിബായിയുടെ ജീവിതത്തെ കേന്ദ്രീകരിച്ച് തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രവും, അധികാരവടംവലികളുടെയും രണ്ടു സഹോദരിമാരുടെ അധികാരപ്പോരാട്ടങ്ങളുടെയും വിചിത്രകഥകളും വായനക്കാരെ അതിശയിപ്പിക്കും. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ കടന്നുപോകുന്ന മനു എസ്. പിള്ള ഒരു മുത്തശ്ശിക്കഥപോലെ ലളിതമായി ഓരോ അദ്ധ്യായത്തെയും ഒരുക്കിയിരിക്കുന്നു.

ദന്തസിംഹാസനത്തിന്റെ ഏടുകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകും, മൺമറഞ്ഞുപോയവർക്ക് ഏറെ പറയാനുണ്ടായിരുന്നുവെന്ന്. ■

# സ്വർഗകവാടങ്ങൾക്കുമപ്പുറം



ആൻ മരിയ തോമസ്
Class : XII
St. Mary's HSS, Pala

അതൊരു സന്ധ്യാസമയമായിരുന്നു. ചെമ്മാനത്തെ കീറിമുറിച്ച് കടൽപ്പക്ഷികൾ ചില്ലകളിൽ ചേക്കേറുന്നത് തന്റെ അമ്മയുടെ മടിത്തട്ടിലിരുന്ന് അവൻ കണ്ടു. മുത്തുച്ചിപ്പികളും ശംഖുകളും അവന്റെ കണ്ണിലുടക്കി. കാറ്റു തഴുകിയ അവന്റെ മൺവീടിനെ തിരമാലകൾ അടിച്ചിട്ടു. മറിഞ്ഞുകിടക്കുന്ന മൺവീടിന്റെ വെള്ളക്കൊടിയെ നോക്കി ആ ബാലൻ അമ്മയോടു ചോദിച്ചു: ''നമ്മളൊക്കെ മരിച്ചുപോയാൽ എന്താവും അമ്മേ സംഭവിക്കുക?'' അധികം ആലോചനയ്ക്ക് ഇടം കൊടുക്കാതെ അമ്മ അവന് ഉത്തരം നൽകി: ''ഒന്നുകിൽ നമ്മൾ സ്വർഗത്തിൽ ചെല്ലും; അല്ലെങ്കിൽ നരകത്തിൽ പോകും.'' ഉടൻതന്നെ ബാലൻ അടുത്ത ചോദ്യവും ചോദിച്ചു: ''സ്വർഗത്തിൽ പോകാൻ എന്താണമ്മേ ഞാൻ ചെയ്യേണ്ടത്?'' വല്യ തത്ത്വങ്ങളും വിശദീകരണങ്ങളും നല്കാൻ നില്ക്കാതെ ആ ചോദ്യത്തിനും ഒറ്റവാക്യത്തിൽ ഒരുത്തരം അമ്മ നൽകി: ''ജീവിതത്തിലുടനീളം മറ്റുള്ളവരോടു കരുണ കാട്ടുക.''

കാലൊടിഞ്ഞ കുഞ്ഞുകിളിയെ പരിപാലിച്ചും വാടിപ്പോയ ചെടികൾക്കു വെള്ളമൊഴിച്ചും റോഡ് മുറിച്ചു കടക്കാൻ വൃദ്ധനെ സഹായിച്ചും ആ കൊച്ചുബാലൻ അവനു മനസ്സിലായ 'കരുണ' എന്ന ആശയത്തെ അന്നുമുതൽ കൂടെക്കൂട്ടി. കൗമാര-യൗവന കാലങ്ങളെല്ലാം കടന്നു വാർദ്ധക്യത്തിലെത്തിയപ്പോഴും ആ മനസ്സിന്റെ നൈർമല്യം കൂടിക്കൂടി വന്നു.

സമയം രാത്രിയായി. മുറിയിലെ ജനാലകൾ തുറക്കപ്പെട്ടിരുന്നു. ജനാലയിലൂടെ വന്ന കുളിർകാറ്റ് വൃദ്ധനെ മെല്ലെ തലോടിക്കൊണ്ടിരുന്നു. അയാൾ കണ്ണുകൾ ഉയർത്തി നോക്കി. ആകാശത്തിലെ നക്ഷത്രങ്ങൾ എണ്ണമറ്റ മണൽത്തരികൾക്കു സമമായി അവനു തോന്നി. കഴിഞ്ഞുപോയ സായംസന്ധ്യകളെ അയാൾ സ്മരിച്ചു. ആ അമ്മയുടെ മടിത്തട്ടിലിരുന്ന് ആദ്യമായി കടൽ കണ്ട ആ സന്ധ്യ തനിക്ക് എത്രയും പ്രിയപ്പെട്ടതാണെന്ന് അവൻ തിരിച്ചറിഞ്ഞു.

ചിന്താമഗ്നനായ വൃദ്ധൻ ശാന്തമായി കണ്ണുകൾ തുറന്നു. കൈയിലൊരു ചുരുളെഴുത്തുമായി മരണദൂതൻ തനിക്കു മുമ്പിൽ നില്ക്കുന്നത് അദ്ദേഹം കണ്ടു. ദൂതൻ പറഞ്ഞു: ''ഇതു ഞാനാണ്; നിന്നെ സുരക്ഷിതമായി എത്തിക്കാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും പോകുന്നതിനുമുമ്പായി ഒരു ചോദ്യം ചോദിക്കട്ടെ. നിനക്ക് എവിടെച്ചെല്ലണമെന്നാണ് ആഗ്രഹം? എല്ലാവരെയുംപോലെ സ്വർഗമോ അതോ...?''

വൃദ്ധൻ പുഞ്ചരിച്ചുകൊണ്ടു പറഞ്ഞു: ''എവിടേക്കായാലും ഞാൻ വരാൻ ഒരുക്കമാണ്.'' ദൂതൻ വൃദ്ധനെ ആശ്ചര്യത്തോടെ നോക്കി. പുഞ്ചിരി മായാത്ത വദനത്തോടെ വൃദ്ധൻ പറഞ്ഞു: ''നരകത്തെ എപ്രകാരം സ്വർഗമാക്കാമെന്ന് എനിക്കറിയാം.'' ദൂതൻ ചോദിച്ചു: ''എപ്രകാരം?'' വൃദ്ധൻ ഉത്തരം നല്കി: ''കാരുണ്യത്തിലൂടെ...''

ഇരുവരും യാത്ര തുടങ്ങി. വെള്ളിമേഘങ്ങൾക്കിടയിലൂടെയുള്ള യാത്രയിൽ വൃദ്ധനു പ്രായം കുറഞ്ഞുകുറഞ്ഞു വന്നു. ഒടുവിൽ പഴയ ബാലനായും ഒരു ശിശുവായും അവൻ രൂപാന്തരപ്പെട്ടു. മാലാഖമാർ ശിശുവിനെ ശുശ്രൂഷിച്ചു. പുതുതായി നെയ്ത വെള്ളക്കുഞ്ഞുടുപ്പ് അവനെ ധരിപ്പിച്ചു.

മേഘപാദത്തിലൂടെ ഓടിക്കയറിയ അവനെ സുന്ദരിയായ ഒരമ്മ എടുത്തു മടിയിലിരുത്തി. പണ്ട് അവന് അമ്മ കടൽ കാണിച്ചുതന്നതുപോലെ മഞ്ഞുകണങ്ങളിൽ വെയിലേറ്റ, മഴവിൽനിറങ്ങൾകൊണ്ടു വർണാഭമായ ഒരു പ്രഭാതം ആ അമ്മ അവനു കാട്ടിക്കൊടുത്തു. ■



# ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലേക്ക് ജിതിന്റെ മിന്നൽ 'പുഷ് അപ്'



കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ ജിതിൻ ജെ. ജോസ് 'പുഷ് അപ്' അടിച്ചു നേടിയെടുത്തത് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് നേട്ടം. അതും ഒരു കാൽ ഉയർത്തിനിന്നുള്ള പുഷ് അപ്. 1.30 സെക്കൻഡിനുള്ളിൽ 71 പുഷ് അപ് ഒറ്റക്കാലിൽ ചെയ്താണ് ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജിലെ എംബിഎ വിദ്യാർത്ഥിയായ ജിതിൻ റെക്കോർഡിട്ടത്. ഒന്നാം ക്ലാസ് മുതൽ കരാട്ടെ പരിശീലിക്കുന്നുണ്ട്.

കരാട്ടെയിൽ ബ്ലാക്ക് ബെൽറ്റ് നേടിയിട്ടുള്ള ജിതിൻ പരിശീലനത്തിന്റെ ഭാഗമായി പുഷ് അപ് ദിവസവും ചെയ്യുന്നുണ്ട്.

പുഷ് അപ്പിലെ ഗിന്നസ് റെക്കോർഡ് നേട്ടം കണ്ടതോടെയാണ് ഒരു കാൽ ഉയർത്തിനിന്നുള്ള പുഷ് അപ് റെക്കോർഡ് നേട്ടത്തിനായി ശ്രമം നടത്തിയത്. കോട്ടയം ജില്ലയിലെ കാഞ്ഞിരമറ്റം പാറേക്കുളത്ത് ജിജി ജോസഫ് - മിനി ജിജി ദമ്പതികളുടെ മകനാണ്. ഡിഗ്രി വിദ്യാർത്ഥിനികളായ ജിന്നുവും ജീതുവുമാണ് സഹോദരിമാർ.

# ഒക്ടോബറിന്റെ സുഗന്ധം



**ആൽബിൻ ജിജോ**
B Sc Maths,
St. Thomas College, Pala



ഒക്ടോബറിന് പ്രേഷിതന്റെ ഗന്ധമാണ്. ആഗോള മിഷൻ മദ്ധ്യസ്ഥയായ ചെറുപുഷ്പത്തിന്റെ തിരുനാളോടെയാണല്ലോ ഒക്ടോബർ വിരിയുന്നത്. കൂപ്പിയ കൈകളിൽ താങ്ങിനിർത്തപ്പെട്ട ഓരോ ആത്മാക്കളും സുവിശേഷവേലയുടെ ലളിതമായ നിദർശനമാണ്. ചെറിയ കാര്യങ്ങളെ സ്നേഹത്തോടെ ചെയ്തുതീർത്ത കൊച്ചുത്രേസ്യാപ്പുണ്യവതി, സ്നേഹിച്ച് വിശുദ്ധരാവാൻ നമ്മെ ക്ഷണിക്കുന്നു. ഒക്ടോബറിൽ നാം സ്മരിക്കുന്ന നമ്മുടെ സ്വന്തം മദ്ധ്യസ്ഥനാണല്ലോ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. പ്രേഷിതന്റെ മറ്റൊരു മുഖമാണത്. പഞ്ചസാരക്കൂട്ടത്തെ കണ്ടെത്താൻ എളുപ്പമായിരിക്കും. പക്ഷേ, ഒറ്റപ്പെട്ട ഒരു പഞ്ചസാരത്തരി കണ്ടെത്താൻ ഉറുമ്പിനോളം ചെറുതാവണം. ഒറ്റപ്പെട്ടവന്റെ മധുരത്തെ തിരിച്ചറിയാൻ ചെറുതായതുകൊണ്ടാവാം കുഞ്ഞച്ചൻ എന്ന പേര് സ്വർഗം ചാർത്തിക്കൊടുത്തത്.

ജാതിക്കോമരങ്ങളുടെ അധിനിവേശസമയത്ത്, തെറ്റിക്കിടക്കുന്ന ആട്ടിൻകുട്ടിയുടെ പേരു ചൊല്ലി വിളിച്ച ഇടയനാണ് കുഞ്ഞച്ചൻ. സഭയ്ക്കുള്ളിൽ എതിർപ്പുകളുണ്ടായപ്പോഴും തന്റെ മക്കളെ ചേർത്തുപിടിച്ച ആ വൈദികൻ ക്രിസ്തുവിന്റെ പരിമളമായിരുന്നു. ദളിത് സഹോദരങ്ങളുടെ അടുപ്പു കല്ലുകളോളം വലുതായിരുന്നു അദ്ദേഹത്തിന്റെ ബലിപീഠത്തിന്റെ വിശാലത. അവരുടെ കുടിലുകൾ കുഞ്ഞച്ചൻ ദൈവാലയങ്ങളാക്കി. കാസയിലും പീലാസയിലും ഉയർത്തപ്പെട്ടവന്റെ പ്രകാശം കുഞ്ഞച്ചൻ കഞ്ഞിപ്പാത്രങ്ങളിലേക്കു സംവഹിച്ചപ്പോൾ, ചുങ്കക്കാരെയും വിജാതീയരെയും തേടിയിറങ്ങിയ യേശുവിന്റെ രൂപം രാമപുരത്തെ പ്രാന്തപ്രദേശങ്ങളിൽ ജനം കണ്ടു.

കുഞ്ഞച്ചൻ ഒരു വിപ്ലവമാണ്. മതവും വിശ്വാസവും അധികാര, പ്രശസ്തീദാഹങ്ങൾക്കുവേണ്ടി പരിമിതപ്പെടുത്തുന്ന ലജ്ജാവഹമായ ശ്രമങ്ങൾക്കിടയിൽ, സുവിശേഷത്തിനു നിറമില്ലെന്നു പഠിപ്പിച്ചവനായിരുന്നു അദ്ദേഹം.

കുഞ്ഞച്ചന്റെ തുടക്കമിട്ട വിപ്ലവം പൂർത്തിയാക്കാനുള്ള കടമ നമുക്കുണ്ട്. ക്രിസ്തുവിന്റെ ഗന്ധമുള്ള പ്രേഷിതരാകാനുള്ള വിളിയാണത്.

ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകദിനവും ഒക്ടോബറിലാണെന്നതു ശ്രദ്ധേയമാണ്. പ്രേഷിതമാസമാണ് ഒക്ടോബർ. തന്നോടുതന്നെയുള്ള സുവിശേഷപ്രഘോഷണംവഴി ക്രിസ്തുവിന്റെ ഗന്ധമാകാൻ സാധിച്ചാൽ പരിമളം പരത്താതിരിക്കാനാവുമോ?

ഒക്ടോബർ ചോദ്യചിഹ്നമാണ്. കൂദാശകളിലൂടെ ഏല്പിക്കപ്പെട്ട സുവിശേഷപ്രഘോഷണമെന്ന ഉത്തരവാദിത്വത്തെക്കുറിച്ചുള്ള വിശ്വസ്തത വിലയിരുത്തേണ്ട സമയമാണിത്. വി. കൊച്ചുത്രേസ്യായെപ്പോലെ സ്നേഹിച്ചുകൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട്, കുഞ്ഞച്ചനെപ്പോലെ സ്വയം മുറിഞ്ഞുകൊണ്ട് ക്രിസ്തുവിന്റെ സ്വഭാവം ചുറ്റുമുള്ളവരിലേക്കു സംവേദിക്കാനുള്ള ശ്രമവും പ്രാർത്ഥനയും ഉണ്ടാവട്ടെ. ■

കഥ

# പള്ളിക്കൂടത്തിലേക്ക് ഇനി എപ്പോൾ?





**അവന്തിക അഭിജിത്**
Std - VIII, Little Flower H.S.
Chemmalamattom

ഓരഞ്ച...ഞ്ച്..., ഈ..രഞ്ചു പത്ത്, മൂ...വഞ്ചു പതിനഞ്ച്.....

''ഈ പെണ്ണ് പുതപ്പിന്റെ കീഴിൽക്കിടന്നാണോ പട്ടിക പഠിക്കുന്നത്.

സ്കൂളിൽ പോവാനുള്ളതല്ലേ... എണീറ്റുവാ....'' അമ്മ വിളിച്ചെണീൽപ്പിച്ചു.

നല്ല മഞ്ഞുള്ള ദിവസമായിരുന്നു.

പാലുവാങ്ങാൻ പോകുന്ന വഴിയിലെ കാട്ടുചെടികൾക്കിടയിലുള്ള എട്ടുകാലിവലകൾ മുഖത്തു തട്ടി. ദേഹത്തു പറ്റിപ്പിടിച്ച വലകൾ തൂത്തുതുടച്ചു.

അമ്മ ചായയുണ്ടാക്കി. ദോശയും ചമ്മന്തിയും വിളമ്പി.

ഞാൻ ചോറ്റുപാത്രമെടുത്തു കഴുകിവച്ചപ്പോൾ അമ്മ പാത്രം നിറയെ ചോറു വിളമ്പി.

''ചോറ് ഇത്തിരി മതിയമ്മേ... കറികൾ കുറേ വച്ചോ.''

അമ്മ കറികളുടെയൊക്കെ മീതെ ചോറ്റുപാത്രത്തിന്റെ വട്ടത്തിലുള്ള മുട്ടപൊരിച്ചതും വച്ചു.

മേശയിൽനിന്നു സയൻസിന്റെ നോട്ടുബുക്കെടുത്ത് അല്പനേരംകൂടി ഞാൻ വായിച്ചു.

''ഇന്ന് സയൻസിന്റെ പരീക്ഷയുണ്ട്.''

സ്കൂളിൽ പോകാനിറങ്ങിയപ്പോൾ മഴ പെയ്യുന്നുണ്ടായിരുന്നു.

മഴയത്തു പുതിയ കുട ചൂടി കൂട്ടുകാരോടൊത്തു കുശലങ്ങൾ പറഞ്ഞു നടന്നു.

പോയവഴി ഞാൻ ചാണകത്തിൽ ചവിട്ടി.

''അയ്യേ... എടീ... എനിക്കിട്ടൊന്നടിച്ചേടീ. ചാണകത്തിൽ ചവിട്ടിയാൽ റ്റീച്ചറിന്റെ അടിയുറപ്പാ.''

അടിക്കാനൊരവസരമായതു കൂട്ടുകാരികൾ മുതലാക്കി. എല്ലാവരും ചറപറ അടി.

''സാരമില്ല. ചോദിച്ചു വാങ്ങിയതല്ലേ. റ്റീച്ചറിന്റെ കൈയിൽനിന്ന് അടി കിട്ടില്ലല്ലോ.''

വഴിയരുകിൽ തൊട്ടാവാടിച്ചെടികളുടെ ഇലകൾ പുത്തനുണർവ്വോടെ നിൽക്കുന്നു. അവയുടെ പൂക്കൾ പൂത്തിരിപോലെ ചിരി തൂകി.

ആൻസി പറഞ്ഞു: ''തൊട്ടാവാടിച്ചെടിയുടെ അറ്റം ഒറ്റക്കൈകൊണ്ട് ഇലകൾ അറിയാതെ കെട്ടണം. അങ്ങനെ കെട്ടിയാൽ അടി കിട്ടില്ല. ഞാൻ പരീക്ഷിച്ചിട്ടുള്ളതാ.''

ഞാനൊരു പരിശ്രമം നടത്തി.

കൂട്ടുകാരെല്ലാം നോക്കിനിൽക്കെ എന്റെ കൈവിരലിൽ മുള്ളുതറച്ചു.

ഇല അനങ്ങാതെ, അനക്കാതെ തൊട്ടാവാടിത്തുമ്പുകെട്ടി. ചെറിയ ഇലകൾ കൂമ്പി.

ചില ഇലകൾ അറിഞ്ഞതുമില്ല.

ക്ലാസ്റൂമിന്റെ പടിയിൽ കയറിയപ്പോൾ എന്റെ കുടയൊന്നു വട്ടം കറക്കി. കുടയിൽ പറ്റിയിരുന്ന വെള്ളമെല്ലാം ചേമ്പിലയിൽനിന്നു വെള്ളം ഊർന്നു പോകുംപോലെ പോയിരിക്കുന്നു.

കൂട്ടുകാരെയെല്ലാം ഗമയോടെ എന്റെ കുടയുടെ മുകൾഭാഗം കാണിച്ചു.

''ഇതു കണ്ടോ.... എന്റെ കുടയിൽ ഒട്ടും വെള്ളമില്ല. നിങ്ങളുടെ കുട മൊത്തം നനഞ്ഞിരിക്കുന്നു.''

ക്ലാസിൽ റ്റീച്ചർ വന്നു. ഹാജരെടുത്തു.

''എല്ലാം പഠിച്ചു കഴിഞ്ഞല്ലോ? പരീക്ഷാ ബുക്ക് എടുത്തോളൂ.'' റ്റീച്ചർ പറഞ്ഞു.

''സസ്യങ്ങളെ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കാൻ ഉപയോഗപ്പെടുത്തുന്ന സ്റ്റെയിനാണ് --?''

ഞാൻ മേലോട്ടുനോക്കി, എത്ര ആലോചിച്ചിട്ടും ആ ഉത്തരം കിട്ടിയില്ല.

അടുത്തിരിക്കുന്ന വിസ്മയയെ പേന വച്ചൊന്നു തോണ്ടി.

റ്റീച്ചർ വടിയുമായി വന്നു. കൈകൾ താനേ നീണ്ടു.

ഉള്ളംകൈയിൽ ആഞ്ഞൊരടി.

ഞാൻ ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു.

സ്വപ്നത്തിലൂടെയെങ്കിലും ഒരു ദിവസം സ്കൂളിൽ പോകാനായല്ലോ. ■

## ക്വിസ് ഉത്തരങ്ങൾ

- ആൽബർട്ട് ഐൻസ്റ്റിൻ ഗാന്ധിജിയെക്കുറിച്ച്
- സാമുവൽ ടെയ്‌ലർ കോൾറിഡ്ജ്
- വിനോബാ ഭാവെ
- ബചേന്ദ്രി പാൽ
- തിരുവനന്തപുരം പുലിയാർകോണം

കഥ

# അതിരുകളില്ലാത്ത സ്നേഹം



സൂര്യ സന്തോഷ്
VGSM Nursing School
Mysore

അന്ന് നല്ല തണുപ്പുള്ള ഒരു രാത്രിയായിരുന്നു. കഴുത്തിൽ ഒരു തോർത്തു ചുറ്റി, കൈയിൽ ഒരു ലാത്തിയുമായി ഞാൻ നടന്നു. രാത്രി ഏറെയായി. രാത്രിഡ്യൂട്ടി തന്ന സാറിനെ ചീത്തവിളിച്ചുകൊണ്ടാണ് യാത്ര. കൈയിലെ ടോർച്ചിന്റെ പ്രകാശം മങ്ങിത്തുടങ്ങി.

തെരുവുവിളക്കിന്റെ പ്രകാശത്തിൽ അകലെ മരച്ചുവട്ടിൽ ഒരു ആളനക്കം ഞാൻ കണ്ടു. നിമിഷനേരംകൊണ്ട് അവിടെ എത്തി. ഈ സമയം ഒരു പുതപ്പിനുള്ളിലേക്ക് രണ്ടു കാലുകൾ വലിഞ്ഞുകഴിഞ്ഞിരുന്നു. വിറയ്ക്കുന്ന കൈകളോടെ ഞാൻ ആ പുതപ്പ് വലിച്ചു മാറ്റി. ഞാൻ കണ്ട കാഴ്ച ദയനീയമായിരുന്നു. കരഞ്ഞു ചീർത്ത കണ്ണുകൾ, ചുക്കിച്ചുളിഞ്ഞ ശരീരം, ഒന്ന് എണീറ്റുനിൽക്കാൻപോലും ആവാത്ത ഒരു വൃദ്ധയയിരുന്നു അത്.

ഞാൻ ആ അമ്മയോട് സ്നേഹത്തോടെ ചോദിച്ചു: അമ്മേ അമ്മയ്ക്ക് എന്താണു പറ്റിയത്? അമ്മേ എന്ന് സ്നേഹത്തോടെ ഞാൻ വിളിച്ചപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. വർഷങ്ങൾക്കുശേഷം കേൾക്കുന്നതുപോലെയായിരുന്നു അമ്മയുടെ സന്തോഷം.

പിന്നീട് അമ്മ മറുപടി പറയാൻ തുടങ്ങി. ''മകനേ, ഈ പറയാൻ പോകുന്നത് എന്റെ വീട്ടിലെ മാത്രം അവസ്ഥയെക്കുറിച്ചല്ല. ഇക്കാലത്ത് എല്ലാ വീടുകളിലും കണ്ടു വരുന്ന അവസ്ഥയാണ്.'' ഈ വാക്കുകൾ കേട്ടപ്പോൾതന്നെ അമ്മയുടെ ജീവിതം അറിയാൻ എനിക്ക് ആകാംക്ഷ വർദ്ധിച്ചു.

''വർഷങ്ങൾക്കുമുമ്പ് ദൈവം അവനെ എനിക്കു തന്നപ്പോൾ ഞാൻ വളരെയധികം സന്തോഷിച്ചു. അവനെ തലയിലും തറയിലും വെക്കാതെ എന്റെ മാറോടു ചേർത്താണ് ഞാൻ വളർത്തിയത്. അവൻ ജനിച്ചു രണ്ടു വർഷത്തിനുള്ളിൽ എന്നെയും മകനെയും ഒറ്റയ്ക്കാക്കി അദ്ദേഹം ദൈവത്തിനരികിലേക്കു പോയി. ഓരോ വീട്ടിലും അടുക്കളപ്പണിയെടുത്താണ് ഞാൻ അവനെ വളർത്തിയത്. ഒടുവിൽ ഉയർന്ന ജോലിയും കൂട്ടിന് ഒരു ഭാര്യയും വന്നപ്പോൾ അവൻ എന്നെ മറന്നുതുടങ്ങി. പിന്നെ ആ വീട്ടിൽ ഒരു വേലക്കാരിയുടെ സ്ഥാനമായി എനിക്ക്. വീട്ടിൽ ആരേലും വന്നാൽ അമ്മയാണെന്നു പറയാൻ പോലും അവനു മടിയാണ്.'' നിറഞ്ഞു തുളുമ്പുന്ന കണ്ണുകളോടെ ആ അമ്മ പറഞ്ഞു. ''മകനേ, സ്നേഹത്തിന് ഈ നാട്ടിൽ ഇപ്പോൾ ഒരു വിലയും ഇല്ല. കാശുണ്ടെങ്കിൽ ആരും ആകാം. മകന്റെ കുറ്റപ്പെടുത്തലും മരുമകളുടെ ശാസനയും സഹിക്കാൻ വയ്യാതെ ആ വീടു വിട്ട് ഇറങ്ങിയതാണ് ഈ അമ്മ. എങ്ങോട്ടെന്നില്ലാതെ ഇവിടെവരെയെത്തി.''



ഞാൻ ഒരു മടിയും കൂടാതെ ചോദിച്ചു: ''അമ്മ എന്റെകൂടെ പോരുന്നോ?'' ഈ വാക്കുകൾ കേട്ട് ആദ്യം അമ്മ സന്തോഷിച്ചെങ്കിലും പിന്നെ വീണ്ടും ആ സന്തോഷം മങ്ങിപ്പോയി.

''എന്തുപറ്റി അമ്മേ?'' ഞാൻ ചോദിച്ചു. ''ഇല്ല മോനേ, ഞാൻ വരുന്നില്ല. ഞാൻ വരുന്നതിൽ നിനക്കു സന്തോഷമാണെങ്കിലും നിന്റെ കുടുംബത്തിലെ മറ്റാളുകൾക്ക് ഒരിക്കലും അത് നല്ലതായി തോന്നുകയില്ല. ഓരോ വീട്ടിലും എന്റെ മക്കളെപ്പോലെ ആരെങ്കിലും കാണും. മക്കൾ സ്വന്തം കാലിൽ നിന്നു കഴിഞ്ഞാൽ മാതാപിതാക്കളുടെ സ്വത്തിലായിരിക്കും അവരുടെ കണ്ണ്. ഒടുവിൽ അതും കിട്ടിക്കഴിഞ്ഞാൽ കറിവേപ്പിലയ്ക്കു സമമായിരിക്കും ഞങ്ങളെപ്പോലുള്ളവരുടെ അവസ്ഥ.''

കാഹളം മുഴക്കി കൂടണഞ്ഞ കിളികൾ വീണ്ടും പറന്നുയർന്നു. സൂര്യൻ തന്റെ പൊൻതൂവൽ വിടർത്തി. ''മകനേ, നീ പൊക്കോ ഞാൻ ഇനിയുള്ള കാലം ഇങ്ങനെ കഴിച്ചുകൊള്ളാം. ഒരു പ്രാർത്ഥനയേയുള്ളൂ, ദൈവമേ, എന്റെ മകനെ കാത്തോണേ. എന്റെ മകന് ഒന്നും സംഭവിക്കരുതേ.''


''ഇത്രയും ദ്രോഹങ്ങൾ ചെയ്തിട്ടും അമ്മ എന്തിനാ അവനുവേണ്ടി പ്രാർത്ഥിക്കുന്നത്?'' ''എന്തൊക്കെ പറഞ്ഞാലും അവൻ എന്റെ മകനല്ലേ,'' അമ്മ പൊട്ടിക്കരഞ്ഞു. മനസ്സില്ലാമനസ്സോടെ ഞാൻ അമ്മയുടെ അരികിൽനിന്ന് അകന്നു. ഇന്നു വൈകിട്ട് ഞാൻ വരുമ്പോൾ ഈ അമ്മ ഇവിടത്തന്നെ കാണുമെന്ന വിശ്വാസത്തോടെ, നിറകണ്ണുകളുമായി ഞാൻ യാത്രയായി. ■

# പുലരി



റോസ്മി തോമസ്
BSc Maths
BVM College, Cherpunkal

അകലെപ്പുലരിപ്പെണ്ണിൻ പുഞ്ചിരി-
യഴകുവിടർത്തീ മാനത്ത്
മഞ്ഞപ്പൂവുകൾ നിരനിരയായി
ചിരിച്ചുനിന്നൂ മുറ്റത്ത്
കൊഞ്ചും തളിരിനെ കുഞ്ഞിക്കൈയാൽ
തഴുകിയുണർത്തിയിളങ്കാറ്റ്,
പല വർണത്തിൻ പുടവയണിഞ്ഞൊരു
പൂമ്പാറ്റകളുടെ സല്ലാപം.
കുഞ്ഞാറ്റക്കിളിയീണംമൂളാൻ
ഒരുങ്ങിനിന്നൂ മടിയാതെ.
അകലെക്കളകളമൊഴുകും പുഴയും
തിരകളൊരുക്കി താളമിടാൻ.
ആയിരമോണത്തുമ്പികൾ പുലരിയെ
പൊന്നിൻ തൊങ്ങലു ചാർത്തിച്ചു.
പുലരിപ്പെണ്ണിൻ കൂടെ ഞാനും
ഒരുങ്ങിനില്പൂ സ്തുതി പാടാൻ,



# നാരകക്കാളിയും ഞാനും





നയന ഡി.
+2 - Naduvannur HSS
Vakayad, Kozhikodu

പത്തു ദിവസംമുന്നേ ഒരു കറിവേപ്പിന്റെ തണ്ടിന്റെകൂടെ ഇവനെ ഞാൻ കറിയിൽ ഇട്ടേനെ. സൂക്ഷിച്ചു നോക്കിയതു കൊണ്ട് മൂപ്പര് രക്ഷപ്പെട്ടു. ഇല്ലെങ്കിലൊരു 'പുഴുക്കറി' കഴിക്കാമായിരുന്നു.

എന്റെ കൈയിൽ കിട്ടിയതു കൊണ്ട് അവനെയങ്ങനെ വെറുതേ വിടാൻ ഞാൻ തയ്യാറായിരുന്നില്ല. മൂപ്പരെ നിരീക്ഷിക്കാൻതന്നെ തീരുമാനിച്ചു. അങ്ങനെ തത്കാലത്തേക്ക് പുഴുവിനെ ഞാൻ എന്റെ റൂമിന്റെ ജനലിൽ വച്ചു. കുറച്ചുകഴിഞ്ഞ് വന്നുനോക്കിയപ്പോളല്ലേ...? അവനെ കണ്ടില്ല. വീട് അരിച്ചുപെറുക്കി ഞാൻ തപ്പി. എന്നിട്ടോ...? ഒരുകാര്യവും ഉണ്ടായില്ല. പക്ഷേ, അടുത്ത ദിവസം? എന്റെ മുന്നിൽത്തന്നെ ഹാജരായി. അടുത്തു പോയി നോക്കിയപ്പോൾ മനസ്സിലായി അത് പ്യൂപ്പയാവാൻ കയറിക്കൂടിയതാണെന്ന്. മണ്ടൻ പുഴു! സ്വസ്ഥമായിരിക്കാൻ അത് കണ്ടുപിടിച്ച സ്ഥലമേ...

നീണ്ട ഒമ്പതു ദിവസങ്ങൾ കാത്തിരുന്നു.

സാധാരണമായൊരു പ്രഭാതത്തിൽ അതിസുന്ദരനായ ആ പൂമ്പാറ്റയെ കണ്ടുകൊണ്ടാണ് ഞാൻ എണീറ്റുവന്നത്. ഞാൻ കാണുമ്പോഴേക്കും അത് പ്യൂപ്പയിൽനിന്ന് ഒരുവിധം പുറത്തുവന്നിരുന്നു. അതിനെ പിടിക്കാൻ ഞാൻ കൈ നീട്ടി. എന്റെ കൈയിലേക്ക് അതു ചാടിക്കയറി. ഞാൻ ഫോണെടുത്ത് ഒത്തിരി ഫോട്ടോ എടുത്തു. അതിനും എന്റെ ഫോണിനും മടുത്തിട്ടും എനിക്കു മതിയായിട്ടില്ലെന്നു മനസ്സിലാക്കിയ, പൂമ്പാറ്റ എന്റെ കൈയിൽനിന്നു പറന്ന് മുറ്റത്തേക്കു രക്ഷപ്പെട്ടു.

അതിനു വിശക്കുന്നുണ്ടെന്നു കരുതി തേൻ കുടിക്കുവാൻ പൂവിൽ കൊണ്ടുവച്ചു. പക്ഷേ, അതിനു വേണ്ടത് വെയിൽ ആയിരുന്നു. വെയിൽ കൊള്ളാൻ വേണ്ടി പൂമ്പാറ്റ വെയിലടിക്കുന്ന ഒരു ചെടിയിൽ പോയി ഇരുന്നു. എന്നോടു സ്നേഹമുള്ള ആ പൂമ്പാറ്റ തിരിച്ചുവന്ന്, എന്റെ അടുത്തുകൂടി അതിന്റെ സുന്ദരലോകത്തിലേക്ക് പറന്നുപോയി.

സാധാരണ നമ്മുടെ നാട്ടിൽ നാരകക്കാളി എന്ന് അറിയപ്പെടുന്ന പൂമ്പാറ്റകളാണിവ. ഈ വിഭാഗത്തിൽപ്പെടുന്ന ശലഭങ്ങൾ പ്രധാനമായും നാരകച്ചെടികളിലാണു മുട്ടയിടുന്നത്.

ആൺ - പെൺ ശലഭങ്ങൾക്കു നിറത്തിലും പുള്ളിയിലുമെല്ലാം വ്യത്യാസമുണ്ട്. മുട്ടയിട്ട് ഇരുപത്തിയൊന്നു ദിവസം കഴിയുമ്പോഴാണ്. ഇവ പൂമ്പാറ്റയായി മാറുന്നത്.

| | | | | | |
|---|---|---|---|---|---|
| Name | : | നാരകക്കാളി | Kingdom | : | Animalia |
| Phylum | : | Arthropoda | Class | : | Insecta |
| Order | : | lepidoptera | Family | : | Papilionidae |
| Genus | : | Papilio | Species | : | Papolytes |

■



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# അച്ചടക്കം

ചില പദങ്ങളുടെ നിഷ്പത്തി കണ്ടെത്തുക ശ്രമകരമാണ്. മൂലരൂപത്തിൽനിന്ന് ഏറെ അകന്നതാകാം കാരണം. അത്തരം സന്ദർഭങ്ങളിൽ ഊഹിച്ചു പൂർവ്വപദം കണ്ടെത്തുന്ന രീതിയുണ്ട്. ചരിത്രാത്മകവ്യാകരണപഠനങ്ങളിൽ ഈ സമ്പ്രദായം കാണാം. ലിഖിതരേഖകളുടെ അടിസ്ഥാനത്തിലാണ് മിക്കപ്പോഴും ധാരണയിലെത്തുന്നത്. അനുമാനത്തിന്റെ പിന്നിൽ വിശ്വസനീയമായ യുക്തികളുണ്ടാകും.

നിഷ്പത്തി സന്ദിഗ്ദ്ധമായ ഒരു വാക്കാണ് അച്ചടക്കം. അച്ച് + അടക്കം എന്നാണ് പിരിച്ചെഴുതേണ്ടതെന്ന് മലയാള മഹാനിഘണ്ടുകാരനായ ശൂരനാട്ടു കുഞ്ഞൻപിള്ള സങ്കല്പിക്കുന്നു. അച്ച് എന്നാണോ അച്ചം എന്നാണോ പൂർവ്വപദം എന്ന കാര്യത്തിലും സംശയമുണ്ട്. അച്ചം എന്ന വാക്കിന് ഭയം (fear) എന്നർത്ഥം. അങ്ങനെയെങ്കിൽ അച്ചംകൊണ്ടുള്ള അടക്കമാകണം അച്ചടക്കം. അടങ്ങിയൊതുങ്ങി കഴിയുന്ന സ്ഥിതി, ഒതുക്കം, വിനയം മുതലായവയാണല്ലോ അച്ചടക്കത്തിന്റെ സ്വഭാവം. 'അച്ചിൽ അടങ്ങലും' അച്ചടക്കമാകാമെന്നും കുഞ്ഞൻപിള്ള ഊഹിക്കുന്നു (അച്ച് → അച്ചം)*

അച്ചടക്കം എന്ന പദത്തിന്റെ നിഷ്പത്തി മറ്റൊരു വിധത്തിലും അന്വേഷിക്കാം. അഞ്ച് + അടക്കം, സന്ധി ചെയ്താൽ അച്ചടക്കമാകും. പൂർവപദത്തിന്റെ അന്ത്യത്തിലുള്ള അനുനാസികത്തിന് ഖരാദേശം വരാം. അതിൻപ്രകാരം അഞ്ച് – അച്ച് ആകുന്നു (അഞ്+ച് + ച് + അ = അച്ച). ആണ്ട് + പിറന്നാൾ = ആട്ടപ്പിറന്നാൾ, ആണ്ട് + പേറ് = ആട്ടപ്പേറ്. ഇതുപോലെ അഞ്ച് + അടക്കം = അച്ചടക്കം.**

അഞ്ച് ഇന്ദ്രിയങ്ങളുടെ അടക്കമാണ് അച്ചടക്കം. നാവ്, കൈയ്, കാല്, ജനനേന്ദ്രിയം, ഗുദം എന്നിവയാണ് അഞ്ച് കർമ്മേന്ദ്രിയങ്ങൾ. ഇവയുടെ പ്രവർത്തനം യഥാക്രമം സംസാരിക്കൽ, ആദാനപ്രദാനങ്ങൾ, ഗമനം, ആനന്ദിക്കൽ, വിസർജനം എന്നിവയാണല്ലോ. ഇവയെ യഥോചിതം നിയന്ത്രിക്കലാണ് അച്ചടക്കം. അങ്ങനെയെങ്കിൽ അച്ച് + അടക്കം എന്നു പിരിച്ചെഴുതുന്നതിനെക്കാൾ യുക്തിസഹം അഞ്ച് + അടക്കം എന്നു പിരിച്ചെഴുതുന്നതാണ്. ഭയം (അച്ചം) കൊണ്ട് അച്ചടക്കമുണ്ടാകാമെങ്കിലും സ്വയം നിയന്ത്രിത അച്ചടക്കമാണല്ലോ ഏറെ ശ്രേഷ്ഠവും ഫലപ്രദവും; അതിൽ മനസ്സിന്റെ നിയന്ത്രണവും ഉൾപ്പെടുന്നു.

* കുഞ്ഞൻപിള്ള, ശൂരനാട്ട്, മലയാള മഹാനിഘണ്ടു, വാല്യം – 1, കേരള സർവകലാശാല, തിരുവനന്തപുരം, 2016, പുറം – 120

** ഗോപി ആദിനാട്, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന, കൊല്ലം, 2009, പുറം – 334.

# കരുത്താർജിക്കുന്ന കർഷകപ്രക്ഷോഭം

(ഒന്നാം പേജ് തുടർച്ച)

'എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം' എന്നതിനു പകരം കോർപ്പറേറ്റുകളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഇന്ത്യയിലെ ജനസംഖ്യയിൽ ഭൂരിപക്ഷംവരുന്ന കർഷകരുടെ താത്പര്യങ്ങൾ ബലി കൊടുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത് എന്ന ചിന്ത രാജ്യവ്യാപകമായി പടരുന്നതിൽ കർഷകസമരം വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഒരു രാജ്യത്തിന്റെ കാർഷികമേഖലയെയാകെ കോർപ്പറേറ്റുകൾക്കു തീറെഴുതിക്കൊടുത്ത് ജനങ്ങളെ പട്ടിണിയിലാക്കുന്ന കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ്പ്രീണനം ഇവിടെ നടക്കില്ലെന്നുകൂടിയാണ് കർഷകരുടെ സമരം സർക്കാരിനോടു പറയുന്നത്. കർഷകസമരത്തിന്റെ ഫലമായി ഉത്തരേന്ത്യയിൽ കേന്ദ്രസർക്കാരിനെതിരേ വലിയ ജനവികാരം രൂപംകൊള്ളുന്നുണ്ട്. ബിജെപിക്കു ഭരണമുള്ള ഉത്തർപ്രദേശിൽ ഈ അടുത്തുനടന്ന തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ പാർട്ടിക്കു വലിയ തിരിച്ചടി നേരിടുകയുണ്ടായി. ബനാറസ്, വാരാണസി, മഥുര, അയോധ്യ തുടങ്ങി ബിജെപി ശക്തികേന്ദ്രങ്ങളായി അറിയപ്പെടുന്ന മേഖലകളിൽപ്പോലും വൻപരാജയം നേരിട്ടു.

കർഷകസമരം ഒത്തുതീർപ്പാക്കാൻ ഇതുവരെ ഒരു ഡസൻ തവണയെങ്കിലും കേന്ദ്രവും കർഷകസംഘടനകളും ചർച്ച നടത്തിയെങ്കിലും ഒരു തീരുമാനവും ചർച്ചകളിൽ ഉരുത്തിരിഞ്ഞിട്ടില്ല. മൂന്നു നിയമങ്ങളും പിൻവലിച്ചേ തീരൂവെന്ന നിലപാടിൽ കർഷകസംഘടനകൾ ഉറച്ചുനിൽക്കുകയാണ്. ഇതിനിടെ കർഷകസംഘടനകൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ കേന്ദ്രസർക്കാർ ഇടപെടൽ നടത്തിയെങ്കിലും പരാജയപ്പെട്ടു. ചർച്ചകൾ പരമാവധി നീട്ടിക്കൊണ്ടുപോയി സമരം പൊളിക്കാമെന്ന സർക്കാരിന്റെ പ്രതീക്ഷയും പാളി. സമരം ചെയ്യുന്ന കർഷകരെ നക്സലുകളെന്നും ഖാലിസ്ഥാനികളെന്നും ചിത്രീകരിച്ചുകൊണ്ട് സമരത്തെ തകർക്കാനുള്ള ശ്രമങ്ങളുണ്ടായി. കഴിഞ്ഞ റിപ്പബ്ലിക്ദിനത്തിൽ കർഷകർ നടത്തിയ ട്രാക്റ്റർപരേഡിനിടെ ആസൂത്രിത അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട് സമരത്തെ തകർക്കാനുള്ള ശ്രമങ്ങളുണ്ടായി. കൃഷിനിയമങ്ങൾ തത്കാലം മരവിപ്പിക്കാൻ സുപ്രീം കോടതി പല തവണ ആവശ്യപ്പെട്ടെങ്കിലും കേന്ദ്രസർക്കാർ ഇപ്പോഴും നിഷേധാത്മകസമീപനം തുടരുകയാണ്. ഒടുവിൽ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിയമങ്ങൾ നടപ്പാക്കരുതെന്നു പറഞ്ഞ കോടതി വിഷയം പഠിക്കുന്നതിന് നാലംഗസമിതി രൂപീകരിക്കുകയുണ്ടായി. എന്നാൽ, സമിതിയിലെ നാലംഗങ്ങളും ഏതെങ്കിലും രീതിയിൽ പുതിയ കർഷകനിയമങ്ങളെ പിന്തുണച്ചവരാണെന്നും അതിനാൽ, സമിതിയുമായി സഹകരിക്കില്ലെന്നുമാണ് കർഷകസംഘടനകളുടെ നിലപാട്.

കർഷകസമരത്തിന് അന്തർദേശീയതലത്തിലും വലിയ പിന്തുണയാണു ലഭിച്ചുവരുന്നത്. സമരം ചെയ്യുന്ന കർഷകർക്ക് പിന്തുണയുമായി അമേരിക്കയിലും കാനഡയിലുമടക്കം വിവിധരാജ്യങ്ങളിൽ പ്രതിഷേധറാലികൾ സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യ-ഓസ്ട്രേലിയ ഏകദിനമത്സരം നടന്ന സിഡ്നി സ്റ്റേഡിയത്തിലും കർഷകർക്ക് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിഷേധം നടന്നിരുന്നു. ഇന്ത്യയിലെ ഭരണകൂടപക്ഷമാധ്യമങ്ങൾ തമസ്കരിച്ച കർഷകസമരത്തെ അന്തർദേശീയമാധ്യമങ്ങൾ നെഞ്ചിലേറ്റുന്ന കാഴ്ചയാണു കാണുന്നത്.

കേരളം, തമിഴ്നാട്, ബംഗാൾ ഉൾപ്പടെയുള്ള അഞ്ചു സംസ്ഥാനനിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ബിജെപിക്കുണ്ടായ കനത്ത തിരിച്ചടിയുടെ ഒരു കാരണമായി കണക്കാക്കുന്നത് കർഷകസമരമാണ്. ഉത്തർപ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് കനത്ത തിരിച്ചടി നൽകണമെന്ന വാശിയിലാണ് കർഷകസംഘടനകൾ. കേന്ദ്രസർക്കാരും കർഷകസംഘടനകളും തങ്ങളുടെ നിലപാടുകളിൽനിന്നു പിന്നോട്ടുപോകാതെ നിൽക്കുമ്പോൾ ഉടനെയൊരു ഒത്തുതീർപ്പിനുള്ള സാധ്യതകൾ വിരളമാണ്. ഏതായാലും സ്വതന്ത്രേന്ത്യയുടെ ചരിത്രത്തിലെ ഒരു നിർണായകസംഭവമായി കർഷകപ്രക്ഷോഭം മാറുകയാണ്. ■

*കവിത*

പ്രഫ. തോമസ് കണയംപ്ലാവൻ

# ഏകലോകം



ഏകലോകം, സുദീർഘമാം ചരിത്രത്തിൻ ഗർഭത്തിൽ നി-
ന്നേകലോകം പിറക്കുവാൻ സമയമായി!
ഏകസൂര്യനുദിക്കുന്നു, നമുക്കെല്ലാം വെളിച്ചമാ-
യേകവായു ശ്വസിക്കുന്നു മനുഷ്യരെല്ലാം!
ജാതിമതവർണവർഗദേശഭേദം ഗണിയാതെ
സോദരർ നാം ദൈവമക്കളറിഞ്ഞിടേണം.
നമ്മുടേതാം സന്തോഷങ്ങൾ, സങ്കടങ്ങൾ, വേദനകൾ,
നമ്മളൊന്നായ് പങ്കുവച്ചു കഴിയും ലോകം.
യുദ്ധമില്ല, കലഹങ്ങളില്ല, ഭൂവിൽ സമാധാനം
പൂത്തുലയും സ്നേഹത്തിന്റെ വസന്തം മാത്രം!
അതിർത്തികൾ വിസ്തൃതമായ് തീർത്തിടുവാൻ കൊതിയോടെ
അതിനായി രക്തം ചിന്തും രാഷ്ട്രങ്ങളില്ല.
വെറുപ്പിന്റെ ശൈത്യമില്ല; ശത്രുതതൻ വേനലില്ല;
കറുത്ത വാവില്ല; നിത്യപൗർണമി മാത്രം
വാളുകൾ കലപ്പയുടെ കൊഴുവായി മാറിടുന്ന
നാളിലോർക്ക തോക്കുമില്ല, ബോംബുമില്ലല്ലോ.
പരസ്പരം മാനിക്കുന്ന രാഷ്ട്രങ്ങള- ന്നവയുടെ
പരമാധികാരം ഭദ്രം പഞ്ചശീലത്താൽ.
ഐക്യരാഷ്ട്രസംഘടന നമുക്കെന്നു- മൈക്യത്തിന്റെ
സുശക്തമാം പ്രതീകമായ് വിളങ്ങിടുന്നു.
നാമതിനു ശക്തി പകർന്നീടണം, വി- നാവിളംബം
ഏകലോകവ്യവസ്ഥിതി സത്യമായ്ത്തീരും.
നന്മയുടെ സുവിശേഷം ലോകമെങ്ങും പരക്കേണം.
നമ്മളൊന്നായ് മുന്നേറണം മടികൂടാതെ.
അതിനായി പ്രാർത്ഥിക്കുവാനതിനായി പ്രവർത്തിക്കാൻ
ഹൃദയങ്ങളൊരുക്കുവിൻ സഹജന്മാരേ!



*ത്രേസ്യാമ്മ ജോസഫ് രചിച്ച 'ദൈവത്തിൻ കരസ്പർശം' എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനകർമം പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, ഗ്രന്ഥകർത്രിയുടെ ചെറുമകളും കെ.സി.എസ്.എൽ. സംസ്ഥാന ചെയർപേഴ്സണുമായ മരിയ ഷാജിക്കു നല്കി നിർവഹിക്കുന്നു. മക്കളായ സണ്ണി, മിൽബി, റാണി എന്നിവർ സമീപം.*

# ഇന്ത്യയെ ഉന്നം പഠിപ്പിച്ച ദ്രോണാചാര്യർ എൺപതിന്റെ നിറവിൽ

■ ഡോ. വി.സി. അലക്സ്



ദ്രോണാചാര്യ പ്രഫ. സണ്ണി തോമസ്

ഇന്ത്യൻ ഷൂട്ടിങ്ങിനെ ലോകോത്തര നിലവാരത്തിലെത്തിച്ച പ്രഫ. സണ്ണി തോമസ് എൺപതിന്റെ നിറവിൽ. വീട്ടുകാർക്കും സുഹൃത്തുക്കൾക്കും ശിഷ്യഗണങ്ങൾക്കുമൊപ്പം ഓൺലൈനായാണ് പിറന്നാൾ ആഘോഷിച്ചത്.

അഭിനവ് ബിന്ദ്രയും രാജ്യവർധൻ സിങ് രാത്തോഡും വിജയകുമാറും ജസ്പാൽ റാണയും അഞ്ജലി ഭാഗവതും ഗഗൻ നാരങ്ങുമടക്കം രാജ്യം കണ്ട എക്കാലത്തെയും മികച്ച ഷൂട്ടിങ് താരങ്ങളുടെ പരിശീലകനാണ് സണ്ണി തോമസ്. മലയാളിയുടെ സ്വകാര്യ അഭിമാനമായ സണ്ണിസാർ എൺപതാം വയസ്സിലും ചുറുചുറുക്കോടെ ഷൂട്ടിങ്ങിലെ കാര്യങ്ങൾ മറ്റുള്ളവർക്കു പകർന്നു നൽകുന്നു.

അഭിനവ് ബിന്ദ്ര സ്വർണമെഡൽ നേടിയ മുഹൂർത്തമാണ് ജീവിതത്തിലെ ഏറ്റവും സുന്ദരമായ മുഹൂർത്തമെന്ന് സണ്ണി തോമസ് പറഞ്ഞു.

1941 ൽ കോട്ടയം ജില്ലയിലെ തിടനാട് എന്ന ഗ്രാമത്തിൽ കാഥികനായ കെ.കെ. തോമസിന്റെയും മറിയക്കുട്ടിയുടെയും മകനായി ജനിച്ച സണ്ണി തോമസ് കാള കെട്ടിയിലും ഈരാറ്റുപേട്ടയിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം എംഡി സെമിനാരി സ്കൂളിലായിരുന്നു യു.പി. – ഹൈസ്കൂൾ വിദ്യാഭ്യാസം. കോട്ടയം സിഎംഎസിൽ നിന്ന് ഫിസിക്സിൽ ബിരുദവും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും നേടി. തുടർന്ന് തേവര സേക്രഡ് ഹാർട്ട് കോളജിൽ ഇംഗ്ലീഷ് പ്രൊഫസറായി നിയമിതനായി. അവിടെനിന്ന് 1964 ൽ ഉഴവൂർ സെൻറ് സ്റ്റീഫൻസ് കോളജിൽ ഇംഗ്ലീഷ് വിഭാഗം തലവനായി എത്തി. 1997 ൽ വിരമിക്കുന്നതുവരെ അവിടെ തുടർന്നു.

വളരെ ചെറുപ്പം മുതൽ ഷൂട്ടിങ്ങിൽ കമ്പമുണ്ടായിരുന്ന സണ്ണി തോമസ് 1965 ൽ നടന്ന സംസ്ഥാന ഷൂട്ടിങ് മത്സരത്തിൽ രണ്ടു സ്വർണവും രണ്ടു വെള്ളിയും ഒരു വെങ്കലും നേടി. പിന്നീട് 1970 ൽ അഹമ്മദാബാദിൽ വെപ്പൺ ട്രെയിനിങ് സ്കൂളിൽ ഷൂട്ടിങ് കോഴ്സിനു ചേർന്നു.

പിന്നീട് നിരവധി മത്സരങ്ങളിൽ പങ്കെടുത്തു. 1976 ൽ ദേശീയ ചാംപ്യൻ. 1993 ൽ ഇന്ത്യൻ ടീമിന്റെ പരിശീലകനായി.

പിന്നീട് കണ്ടത് ചരിത്രം. നാല് ഒളിംപിക് മെഡലുകളടക്കം (2004, 2008, 2012) നൂറു കണക്കിന് അന്താരാഷ്ട്ര മെഡലുകൾ. 2001 ൽ ദ്രോണാചാര്യ.

ഭാര്യ ജോസമ്മ, മൂന്നു മക്കൾ സനോജ്, സനിൽ, സോണിയ.

സണ്ണിസാർ 2012 ൽ വിരമിച്ച ശേഷം ഇന്ത്യയ്ക്ക് ഒരു ഒളിമ്പിക് മെഡൽപോലും ഷൂട്ടിങ്ങിൽ ലഭിച്ചിട്ടില്ല എന്നുകൂടിയറിയുമ്പോൾ അദ്ദേഹത്തിന്റെ മഹത്ത്വത്തിന് കൂടുതൽ തിളക്കമേറുന്നു.

കവിത

പാപ്പച്ചൻ കടമക്കുടി

# സജ്ജനം

*(ഒന്നാം സങ്കീർത്തനത്തിന്റെ കാവ്യാവിഷ്കാരം)*

ദുഷ്ടർതൻ വാക്കുകൾ സ്വീകരിച്ചീടാതെ
പാപികൾക്കൊപ്പം നടന്നുനീങ്ങീടാതെ
നിന്ദിക്കുവോരുടെ പീഠം കരേറാതെ
മന്നിൽ ജീവിക്കുന്ന മാനവൻ ഭാഗ്യവാൻ.
ആനന്ദമെപ്പൊഴും കർതൃന്യായത്തിലാ-
ണക്കാര്യം രാപകൽ ധ്യാനിച്ചിടുമവൻ.
നീർച്ചാലിൻ ചാരത്തു നട്ടുവളർന്നതായ്
നല്ലവിള യഥാകാലം തരുന്നതായ്
നന്നായിടതൂർന്നിലപൊഴിയാത്തതായ്
നില്ക്കുന്ന മാമരംപോലല്ലോ സജ്ജനം.
സദ്ഫലം നല്കുമവന്റെ പ്രവൃത്തികൾ
കാറ്റിലെ പതിരുപോലാകുന്നു ദുർജ്ജനം.
നേരിടാനാവില്ലാ ദുഷ്ടർക്കു നീതിതൻ
നേർനിയമങ്ങളെ ന്യായവിധികളെ.
നീതിമാന്മാരുടെ വേദിയിൽ പാപിക്കു
കാലുറപ്പിക്കുവാനാവില്ലൊരിക്കലും.
ശിഷ്ടർതൻ പാതകൾ കർത്താവറിയുന്നു,
ദുഷ്ടമാർഗങ്ങളോ നാശത്തിലാഴുന്നു.



ദളം എട്ട്





മോബിൻ മോഹൻ

# വിക്കൻ വാഗ്മിയായ കഥ



"ഇന്നത്തെ കഥ ഡെമോസ്തനിസിനെപ്പറ്റിയാണ്."

ഉണ്ണീരിയമ്മയെ കൗതുകത്തോടെ നോക്കി അമ്മാളു ചോദിച്ചു:

"അതാരാണ് ഉണ്ണിയമ്മേ?"

''അതൊക്കെപ്പറയാം. എന്നാൽ, കഥ തുടങ്ങട്ടെ."

എല്ലാവരും ഉണ്ണീരിയമ്മയെ ശ്രദ്ധയോടെ കേട്ടിരുന്നു.

പുരാതന ഗ്രീസിലെ ഏതൻസിലാണ് ഡെമോസ്തനിസ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ധനികനായ ഒരു ആയുധനിർമാതാവായിരുന്നു. നിർഭാഗ്യവശാൽ ഡെമോസ്തനിസിന് ഏഴു വയസ്സുള്ളപ്പോൾ പിതാവ് മരണപ്പെട്ടു. കുടുംബത്തിന്റെ പൈതൃകസ്വത്തു കണ്ട് ചില ബന്ധുക്കൾ ഡെമോസ്തനിസിന്റെ രക്ഷാകർത്താക്കളായി.

സംസാരവൈകല്യമുള്ള കുട്ടിയായിരുന്നു അവൻ. വിക്കനായിരുന്ന ആ ബാലൻ സംസാരിക്കുന്നതൊന്നും മറ്റുള്ളവർക്കു മനസ്സിലായില്ല. ദുർബലമായ ശരീരമായിരുന്നു അവന്. കൂടാതെ, നിരന്തരം ശല്യപ്പെടുത്തുന്ന ശ്വാസംമുട്ടലും. അതുകൊണ്ടുതന്നെ മറ്റു കുട്ടികൾക്കൊപ്പം കളിക്കാനും കൂട്ടുകൂടാനും അവനു കഴിഞ്ഞില്ല. 'വിക്കൻ' എന്നു വിളിച്ച് മറ്റുള്ളവർ കളിയാക്കുമ്പോൾ അവൻ വല്ലാതെ സങ്കടപ്പെട്ടു. അങ്ങനെ തന്നിലേക്കുതന്നെ ഒതുങ്ങാൻ ആ ബാലൻ തീരുമാനിച്ചു. വിരസവും ഏകാന്തവുമായ ബാല്യവും കൗമാരവും.

യൗവനത്തിലേക്കു കടക്കുമ്പോഴാണ് അവൻ ഒരു വലിയ സത്യം മനസ്സിലാക്കുന്നത്. രക്ഷിതാക്കളായി തന്റെ ഒപ്പം കൂടിയവർ പൈതൃകസമ്പത്തിന്റെ സിംഹഭാഗവും കൈക്കലാക്കിക്കഴിഞ്ഞിരുന്നു. അവർക്കെതിരേ കോടതിയെ സമീപിക്കാൻ ഡെമോസ്തനിസ് തീരുമാനിച്ചു.

അന്ന് ഇന്നത്തെപ്പോലെ വക്കീലന്മാരൊന്നുമില്ല. പുരാതന ഏതൻസിൽ കേസ് കൊടുത്ത ആൾതന്നെ വേണമായിരുന്നു കേസ് വാദിക്കാൻ. തന്റെ സംസാരവൈകല്യം കോടതിമുറിയിൽ ഉണ്ടാക്കുന്ന പൊട്ടിച്ചിരിയെക്കുറിച്ചോർത്ത് അവൻ വ്യസനിച്ചു.

തനിക്കുവേണ്ടി വാദിക്കാൻ ഈ ലോകത്ത് താൻ മാത്രമേയുള്ളൂ എന്ന് അവൻ തിരിച്ചറിഞ്ഞു. ഈ അഗ്നിപരീക്ഷയിൽ തനിക്കു വിജയിച്ചേ മതിയാകൂ. അവൻ ദൃഢനിശ്ചയം ചെയ്തു.

താൻ പറയുന്നത് ആരും കേൾക്കാതെവന്നപ്പോൾ അവൻ കടൽക്കരയിലേക്കു പോയി. അലറിവിളിച്ചു വരുന്ന തിരമാലകളോടു വിക്കോടെ ഉച്ചത്തിൽ അവൻ സംസാരിച്ചു. പകലുകളും രാത്രികളും അവൻ കടൽത്തീരത്തു ചെലവഴിച്ചു. തൊണ്ടപൊട്ടുമാറുച്ചത്തിൽ അവൻ കടലിനെ നോക്കി സംസാരിച്ചു. പതിയെപ്പതിയെ അവന്റെ വിക്ക് മാറിവന്നു. നാവിന്റെ കനം കുറയ്ക്കാൻ കടൽത്തീരത്തെ ഉരുളൻകല്ലുകൾ അവൻ വായിലിട്ടു.

തന്റെ ശ്വാസംമുട്ടലിൽനിന്നു രക്ഷനേടാൻ, ശ്വാസകോശത്തിനു ശക്തി പകരാൻ അവൻ കടൽത്തീരത്തുകൂടി വേഗത്തിൽ നടന്നു. ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് മലമുകളിലേക്ക് ഓടിക്കയറി. പലപ്പോഴും അവൻ തളർന്നുവീണെങ്കിലും ശ്രമം ഉപേക്ഷിക്കാൻ തയ്യാറായില്ല. ഗ്രീസിലെ വലിയ കെട്ടിടങ്ങളുടെ പടികൾ അവൻ ഓടിക്കയറി. അങ്ങനെ കാലങ്ങളോളം നീണ്ട കഠിനാധ്വാനത്തിന്റെ ഫലം ലഭിച്ചു തുടങ്ങി. ആൾക്കൂട്ടത്തോടു സംസാരിക്കുവാനുള്ള ആദ്യശ്രമങ്ങളൊക്കെ പരാജയപ്പെട്ടു. ആ പരാജയങ്ങളിൽ പതറാതെ വീണ്ടും അവൻ കടൽത്തീരത്തു വന്ന് തിരമാലകളോടു സംസാരിച്ചുകൊണ്ടേയിരുന്നു.

''ഞാൻ ഈ ലോകത്തെ ഏറ്റവും വലിയ പ്രഭാഷകനാവും'' അവൻ ഓരോ തിരമാലയോടും പറഞ്ഞു. അവസാനം അതു സത്യമായി.

കോടതിയിൽ തന്റെ വാദങ്ങൾ വിദഗ്ധവും വാചാലവുമായി അവൻ അവതരിപ്പിച്ചു. കേസിൽ ഡെമോസ്തനിസ് ജയിച്ചു. കോടതിയിലെ അവന്റെ സംസാരം ഏതൻസ് മുഴുവൻ ചർച്ച ചെയ്യപ്പെട്ടു. പിന്നീട് ആൾക്കൂട്ടങ്ങളോട് ഡെമോസ്തനിസ് സംസാരിക്കുവാൻ തുടങ്ങി. ഡെമോസ്തനിസിന്റെ പ്രസംഗങ്ങൾ കേൾക്കാൻ ആളുകൾ കൂട്ടംകൂട്ടമായി എത്തി. ജനാധിപത്യത്തെക്കുറിച്ചും ദേശസ്നേഹത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചുകൊണ്ടേയിരുന്നു. ലോകം മുഴുവൻ ഡെമോസ്തനിസ് എന്ന പേര് ഏറ്റുപറഞ്ഞു.

"പ്രഭാഷണം പ്രവർത്തനമായി മാറുന്നില്ലെങ്കിൽ അത് വ്യർത്ഥവും ശൂന്യവുമാണ്" ഡെമോസ്തനിസ് പറഞ്ഞു.

''ഓരോ ഏകാധിപതിയും സ്വാതന്ത്ര്യത്തിന്റെ ശത്രുവാണ്, നീതിയുടെ എതിരാളിയാണ്.'' ഡെമോസ്തനിസിന്റെ വാക്കുകൾ ഭരണകൂടങ്ങളെ വിറപ്പിച്ചു.

ഞാൻ ലോകപൗരനാണ് എന്നു വിളിച്ചുപറഞ്ഞ ഡെമോസ്തനിസ് ലോകചരിത്രത്തിലെ മികച്ച വാഗ്മിയായി മാറി.

''എങ്ങനെയുണ്ട് കഥ?'' ഉണ്ണീരിയമ്മ ചോദിച്ചു.

"കഥ ഉഷാർ." എല്ലാവരും ഒന്നിച്ചാണ് മറുപടി പറഞ്ഞത്.

ഉണ്ണീരിയമ്മ എല്ലാരോടുമായി പറഞ്ഞു:

''പരിമിതികളെ കഠിനാധ്വാനം കൊണ്ട് മറികടക്കുക. വിജയം നിങ്ങൾക്കൊപ്പം ഉണ്ടാവും."

"സനൽസാറേ..." സുമൻ വിളിച്ചു.

"വീട്ടിലേക്കല്ലേ... എന്നാ കേറിക്കോ..."

ഒരു നിമിഷം സനൽ സംശയിച്ചു. അയാൾ ഇരുകൈകളിലെയും സാധനങ്ങളിലേക്കു നോക്കി. അടുപ്പമില്ലാത്തവരുടെ ബൈക്കിനു പിന്നിലിരുന്നു യാത്ര ചെയ്യുന്നത് സനലിനെ സംബന്ധിച്ച് ബുദ്ധിമുട്ടായിരുന്നു. അടുപ്പമുള്ളവരാകുമ്പോൾ അവരോടു ചേർന്നിരുന്നായിരുന്നു യാത്രകൾ. സ്പർശനം അസ്വസ്ഥതയുണ്ടാക്കിയിരുന്നില്ല. പക്ഷേ, അപരിചിതരാകുമ്പോൾ അത്രയ്ക്കു ചേർന്നിരിക്കാൻ കഴിയാറില്ല. എന്തോ അവർക്കും തനിക്കും ഇടയിൽ ഒരു മതിൽ ഉള്ളതുപോലെ സനലിനു തോന്നിയിരുന്നു. അയൽക്കാരനാണെങ്കിലും സുമനോടു മാനസികമായ അടുപ്പം തോന്നിയിരുന്നില്ല. സുമന്റെ കുടുംബവുമായിട്ടുള്ള അതിർത്തിത്തർക്കം തന്നെയാണു പ്രധാന പ്രശ്നം. അതിരുമാന്തി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്ന സ്വഭാവമാണ് സുമന്റെ പിതാവിന്റേത്. സനലിന്റെ തൊടിയിലെ കയ്യാല പൊളിഞ്ഞാണു കിടക്കുന്നത്. അത് എത്ര തവണ കെട്ടിപ്പൊക്കിയാലും ഒരു മഴ വരുമ്പോൾ പൊളിഞ്ഞുവീഴും. സ്വാഭാവികമായി സംഭവിക്കുന്ന ഒന്നല്ല അതെന്ന് എല്ലാവർക്കും അറിയാം. ഓരോ തവണയും കയ്യാല പണിയുമ്പോൾ സനലിന്റെ സ്ഥലം കുറഞ്ഞുകുറഞ്ഞുവരും. പലതവണ അത് ആവർത്തിച്ചപ്പോൾ കേസു കൊടുക്കാതെ നിവൃത്തിയില്ലാതെയായി. സനൽ അത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുകയോ വേണ്ടത്ര ഗൗരവം കൊടുക്കുകയോ ചെയ്യാതായപ്പോൾ സ്മിത അത് ആങ്ങളമാരോടു പറയുകയും അവർ കേസ് കൊടുക്കുകയുമായിരുന്നു. അതുകൊണ്ടുതന്നെ മാനസികമായ അകൽച്ച കൂടുതലാകുകയും ചെയ്തു. അങ്ങനെയുള്ള സുമനാണ് ഇപ്പോൾ തന്നെ ക്ഷണിക്കുന്നത്. സനൽ സംശയിച്ചുനിന്നപ്പോൾ സുമൻ ബലമായി അയാളുടെ ഒരു കൈയിൽനിന്ന് സാധനം വാങ്ങി തന്റെ മുമ്പിലേക്കു വച്ചു.

"കയറിക്കോ. ഒന്ന് സാറ് കൈയിൽ പിടിച്ചോ."

സനൽ മടിച്ചുമടിച്ചു ബൈക്കിനു പിന്നിലേക്കു കയറി. കൈയിലുണ്ടായിരുന്ന സാധനങ്ങളടങ്ങിയ കവർ ഇരുവർക്കുമിടയിൽ വച്ചു. സുമൻ ബൈക്ക് മുന്നോട്ടെടുത്തു. സനൽ പെട്ടെന്ന് പിറകിലേക്ക് ആഞ്ഞുപോയി.

"ചേർന്നിരിക്കു സാറേ. എങ്കിലേ ബാലൻസ് കിട്ടൂ. സാറ് പെണ്ണൊന്നുമല്ലല്ലോ." സുമൻ ചിരിച്ചു. സനൽ സുമനോടു ചേർന്നിരുന്നു.

"സാറിന് ബൈക്കിലിരുന്ന് അധികം ശീലമില്ലാത്തതുകൊണ്ടാ."

സനൽ ഒന്നും മിണ്ടിയില്ല. തനിക്ക് ബൈക്ക് ഓടിക്കാൻ അറിയില്ലെന്നു പരിചയമുള്ളവർക്കെല്ലാം അറിയാവുന്ന കാര്യമാണ്.

"സാറെന്നതാ ഒന്നും മിണ്ടാത്തത്, എന്തെങ്കിലുമൊക്കെ പറയ് സാറേ." സുമൻ ആവശ്യപ്പെട്ടു.

"ഓ എന്നാ പറയാൻ..." സനൽ പിറുപിറുത്തു.

"അതു ശരിയാ. മനസ്സിന് വിഷമം തോന്നുമ്പോ ഒന്നും മിണ്ടാൻ തോന്നുകേലാ. ഞാൻ ഒരു കാര്യം പറഞ്ഞാൽ സാറ് തെറ്റിദ്ധരിക്കുമോ."

"പറഞ്ഞാലല്ലേ അറിയൂ..." സനൽ പ്രതികരിച്ചു.

"ഇങ്ങനെയൊന്നും വിഷമിച്ചിരുന്നിട്ടു കാര്യമില്ല സാറേ.. പോകാനുള്ളവര് പോയി. പക്ഷേ, നമുക്ക് ജീവിച്ചിരുന്നാലല്ലേ പറ്റൂ.. നമുക്ക് സന്തോഷിക്കണം. സന്തോഷിക്കാനുള്ള കാരണം കണ്ടെത്തണം. സാറിന്റെ ഈ വിഷമമെല്ലാം മാറാൻ ഞാനൊരു മാർഗം പറഞ്ഞുതരട്ടെ?"

"എന്തു മാർഗം?" ആകാംക്ഷയൊന്നുമില്ലാതെ സനൽ ആരാഞ്ഞു.

"അതൊക്കെയുണ്ട്." സുമൻ ചിരിച്ചു.

എന്താണെന്ന് സനൽ വീണ്ടും തിരക്കുമെന്ന് സുമൻ കരുതി. പക്ഷേ, അതുണ്ടാകാതിരുന്നപ്പോൾ അവന് ഇച്ഛാഭംഗം തോന്നി.

സുമൻ ആ സംഭാഷണം നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിച്ചില്ല. സനലിന്റെ വീടിനു മുമ്പിലായി ബൈക്ക് നിന്നു.

"താങ്ക്സ്" സുമൻ എടുത്തുകൊടുത്ത സാധനങ്ങളും കൈയിൽ പിടിച്ച് സനൽ അവനെ നോക്കി ചിരിച്ചു. അപ്പോൾ സുമൻ ഒരു പൊതിയെടുത്ത് അഴിച്ച് സനലിനു നേരേ നീട്ടി.

"കണ്ടോ, ഇതാ ഞാൻ പറഞ്ഞ സന്തോഷത്തിന്റെ കാരണം." മദ്യക്കുപ്പിയായിരുന്നു അത്.

"ചാച്ചന് എല്ലാ ദിവസവും വേണം. ഞാൻ കമ്പനികൊടുക്കും. സാറിന് താത്പര്യമുണ്ടെങ്കിൽ വീട്ടിലേക്കു വന്നാ മതി. നമുക്ക് മൂന്നാൾക്കുംകൂടി പൊളിക്കാം."

"നോ താങ്ക്സ്... എനിക്കത് ആവശ്യമില്ല."

സനൽ തീർത്തു പറഞ്ഞു.

"സാറിന് സങ്കടപ്പെട്ടിരിക്കുന്നതാ സന്തോഷം അല്ലേ." സുമൻ വീണ്ടും ഒരു കുരുക്കെറിഞ്ഞു.

"സങ്കടവും സന്തോഷവും തമ്മിൽ അധികം ദൂരമൊന്നുമില്ലെടോ. രണ്ടിനും വലിയ ആയുസുമില്ല. ഞാനിപ്പോ മനസ്സിലാക്കിയ സത്യമാ അത്." സനൽ നെടുവീർപ്പോടെ പറഞ്ഞു.

"ഈ മലയാളം ടീച്ചേഴ്സ് പറയുന്നതു മുഴുവൻ സാഹിത്യമാ. സാധാരണക്കാർക്ക് അതൊന്നും മനസ്സിലാവുകേലാ."

"നല്ല സാഹിത്യം പിറവിയെടുക്കുന്നത് ജീവിതത്തിൽനിന്നാ... അതിന് എഴുത്തിന്റെ ചില അലങ്കാരങ്ങളും ഭാഷയും ഒക്കെ ചേർക്കുന്നുവെന്നേയുള്ളൂ." സനൽ വിശദീകരിച്ചു.

"ആ... എന്നതാണോ..."

"വേണ്ടെങ്കിൽ വേണ്ട.. നിർബന്ധിക്കുന്നില്ല. സാറിന് ഒരു ഓഫർ കിടപ്പുണ്ട്. എപ്പോഴാണെങ്കിലും തോന്നുവാണെങ്കീ മടിവിചാരിക്കാതെ കേറി വന്നാൽ മതി."

ആ വാക്കുകളോട് ഒരുതരത്തിലും സനൽ പ്രതികരിച്ചില്ല.

"എന്നാ ശരി സാറേ, ബൈ." സുമൻ കൈ ഉയർത്തിക്കാണിച്ചു.

മുറ്റത്തേക്ക് എന്തോ ആവശ്യത്തിനു വന്ന രോഷ്നി ആ കാഴ്ച കണ്ടു. സുമന്റെ ബൈക്കിൽ വന്നിറങ്ങുന്ന സനൽ. എന്തോ സനലിനു നേരേ വച്ചുനീട്ടുന്ന സുമൻ. സ്വാഭാവികമല്ലാത്ത രംഗം പോലെ രോഷ്നിക്ക് അത് അനുഭവപ്പെട്ടു. ഈ സുമൻ എന്തു ഭാവിച്ചാണ്? അവനെ സൂക്ഷിക്കണമെന്ന് സനലിനോടു പറയണമെന്ന് അവൾ തീരുമാനിച്ചു.

*** *** ***

സനൽ പൊതിയഴിച്ച് ചൂടു ദോശ ബെഞ്ചമിന്റെ പാത്രത്തിലേക്കിട്ടുകൊടുത്തു.

"എനിക്ക് ദോശ വേണ്ടായിരുന്നു. പൊറോട്ട മതിയായിരുന്നു."

പാത്രത്തിൽ കിട്ടിയതിനെ നോക്കി ബെഞ്ചമിൻ പരിഭവം പറഞ്ഞു.

"ഇന്നലെ പൊറോട്ടയല്ലേ കഴിച്ചത്. എല്ലാ ദിവസവും പൊറോട്ട കഴിച്ചാ വയറ് കംപ്ലയ്ന്റാകും."

"എനിക്ക് ദോശ ഇഷ്ടമില്ല." ബെഞ്ചമിൻ ദേഷ്യത്തോടെ പാത്രം ഒരൊറ്റത്തള്ളു വച്ചുകൊടുത്തു.

സനലിന് ദേഷ്യം വന്നു.

"ബെച്ചൂ..." സനൽ വിളിച്ചു.

"കൂടുതൽ വിളച്ചിൽ എടുക്കാതെ അതെടുത്തു കഴിക്കാൻ നോക്ക്."

"എനിക്ക് വേണ്ടെന്നു പറഞ്ഞില്ലേ." ബെഞ്ചമിൻ അനുസരിക്കാൻ തയ്യാറായില്ല.

"നിന്നോടാ പറഞ്ഞത് എടുത്തുകഴിക്കാൻ." സനലിന്റെ ശബ്ദം ഉയർന്നു.

"എന്നതാ മോനേ ഇവിടെ ബഹളം." അന്നാമ്മ അപ്പോൾ ഡൈനിങ് മുറിയിലേക്കു വന്നു. ദയ പാഠപുസ്തകവുമായി മുറിയിലേക്ക് എത്തിനോക്കി.

"എല്ലാ ദിവസവും ഇങ്ങനെ പലഹാരം മേടിച്ചുകഴിക്കാൻ പറ്റുമോ മോനേ നമുക്ക്. ഇവിടെ നമുക്ക് വല്ലതും ഉണ്ടാക്കാം. നീ ചെറുതായിട്ടൊക്കെ ഒന്നു സഹായിച്ചുതന്നാ മതിയെന്ന് ഞാനെന്നും പറയുന്നതല്ലേ."

അന്നാമ്മ സനലിനോടു ചോദിച്ചു.

"അമ്മച്ചിയൊന്നു മിണ്ടാതിരിക്കുന്നുണ്ടോ." സനൽ അന്നാമ്മയോടു ദേഷ്യപ്പെട്ടു.


"ഒരു ഉപദേശവുമായി വന്നേക്കുന്നു. അവിടെയെങ്ങാനും പോയിരിക്കുന്നുണ്ടോ?"

അന്നാമ്മ പകച്ചുപോയി. ഇത്രയും കാലത്തിനിടയിൽ സനൽ അമ്മയോട് ചെറുതായിപ്പോലും ദേഷ്യപ്പെട്ടിട്ടില്ല. തികഞ്ഞ ആദരവോടും സ്നേഹത്തോടുംകൂടി മാത്രമേ പെരുമാറുകയും ചെയ്തിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ..

സനൽ വീണ്ടും ബെഞ്ചമിനു നേരേ തിരിഞ്ഞു.

"കഴിക്കെടാ. മര്യാദയ്ക്ക് അതെടുത്ത് കഴിക്ക്. കഷ്ടപ്പെട്ട് അദ്ധ്വാനിച്ചു കൊണ്ടുവന്ന് മുമ്പിലോട്ടു വച്ചുകൊടുക്കുമ്പോൾ അവന്റെ അഹങ്കാരം കണ്ടില്ലേ. പിന്നെ വേറെയാര് നിനക്ക് വച്ചുവിളമ്പിത്തരുമെന്നാടാ നീ വിചാരിക്കുന്നെ? നാളെമുതൽ ഇതും വാങ്ങിക്കൊണ്ടുവരുന്നില്ല. നാലു നേരോം ചോറും അച്ചാറും. നിന്നെ മര്യാദ പഠിപ്പിക്കാമോയെന്ന് ഞാനൊന്ന് നോക്കട്ടെ." സനൽ വേഗം ചെന്ന് ഒരു ചൂരൽവടിയെടുത്തുകൊണ്ടുവന്നു. ബെഞ്ചമിന്റെ കണ്ണുകളിൽ ഭയം നിറഞ്ഞു. പപ്പ അവനെ അടിച്ചതായി ഓർമയിൽ പോലും ഇല്ല. വല്ലപ്പോഴുമെങ്കിലും സ്മിതയായിരുന്നു കുട്ടികളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തിരുന്നത്.



ശേഷം 17-ാം പേജിൽ

# ഒമ്പതിലും തോൽക്കാത്ത ഒരുമ






**ആഷ്‌ലി ടെസ് ജോൺ**

**വെ**ടിമരുന്ന് നിറച്ചു തീർന്നുപോയ ഒരു ജീവിതം തിരിച്ചുപിടിക്കാനുള്ള വിഫലമായ ശ്രമത്തിനിടയിൽ, ആശുപത്രിവരാന്തകൾ അമ്പിളിക്കു സമ്മാനിച്ചത് ഏകാന്തതയും ഭയവും മാത്രമായിരുന്നു. പപ്പ ചുമച്ചും കിതച്ചും ആശുപത്രിക്കിടക്കയിൽ കഴിഞ്ഞപ്പോൾ, കൂട്ടിരിക്കാൻ ചെന്ന കൗമാരക്കാരിയായ ആ മകളെ ആസക്തിയോടെ നോക്കിയവരും പ്രലോഭനങ്ങൾ വച്ചുനീട്ടിയവരും നിരവധിയായിരുന്നു. ഒരു അനുജത്തിമാത്രം കൂടപ്പിറപ്പായി ഉണ്ടായിരുന്ന ആ പെൺകുട്ടി അന്നു തീരുമാനിച്ചു – ഞങ്ങളനുഭവിച്ച ഒറ്റപ്പെടലിന്റെ വേദന എന്റെ മക്കൾക്കുണ്ടാവാൻ പാടില്ല. 'ഒത്തിരി മക്കൾ വേണം.'

ഏഴു മക്കളിൽ മൂന്നാമത്തവനായ അമ്പാറനിരപ്പേൽ, പുന്നോലിവീട്ടിൽ ടോമിയും അങ്ങനെ തന്നെ തീരുമാനിച്ചിരുന്നു. കഷ്ടപ്പാടുകൾ ഒത്തിരിയുണ്ടാവും. എങ്കിലും മക്കളുടെ എണ്ണത്തിൽ കോംപ്രമൈസില്ല.

ദർശനങ്ങളിൽ വ്യക്തതയും തീവ്രതയും ഉണ്ടായിരുന്ന ആ രണ്ടുപേർ, പരസ്പരം ആത്മാർത്ഥതയോടെ സ്നേഹിച്ചപ്പോൾ ദൈവം ആ കുടുംബത്തിലേക്കിറങ്ങിവന്നത് ഒന്നും രണ്ടും തവണയല്ല, ഒമ്പതു തവണയാണ്.

കൊവിഡ് സമ്മാനിച്ച കിതപ്പും ക്ഷീണവും അമ്പിളിയുടെ സ്വരത്തിലുണ്ടായിരുന്നെങ്കിലും അധരങ്ങൾ സംസാരിച്ചത്, ഹൃദയത്തിൽനിന്നാണ്:

"ചെറുപ്പത്തിലേ, എന്റെ പപ്പ മരിച്ചു. അയർക്കുന്നത്തിനടുത്ത് നീറിക്കാട് ആയിരുന്നു ഞങ്ങളുടെ വീട്. അമ്മയും അനുജത്തിയും തനിയെയായതുകൊണ്ട് ടോമിയുമായുള്ള വിവാഹശേഷവും അവിടെത്തന്നെ സ്കൂളിൽ ടീച്ചറായി ജോലി തുടർന്നു. പിന്നീട് ആ വീടു വിറ്റ് കുരുവിനാൽ സ്ഥലംവാങ്ങി വീടു പണിതു. പല ഘട്ടമായി പഞ്ചവത്സര പദ്ധതിപോലെയാണു വീടുപണി പൂർത്തിയായത്. കുട്ടികൾ പറയും, ഒരു ട്രെയിൻപോലെയാണ് നമ്മുടെ വീട്, നീണ്ടു നീണ്ട്... അതിനിടയിൽ ടോമിക്കുണ്ടായ രണ്ട് അപകടങ്ങൾ, കുടുംബത്തെ വല്ലാതെ ഉലച്ചു. വീണ്ടും ആശുപത്രിദിനങ്ങൾ... ജോലി ചെയ്ത സ്കൂളിലെ കുട്ടികളും സിസ്റ്റേഴ്സും അയൽപക്കക്കാരും ഇടവകക്കാരും എല്ലാം തുണയായി. നടുക്കടലിൽ മുങ്ങിപ്പോകുമെന്നു വിചാരിക്കുമ്പോഴൊക്കെ ദൈവം അയയ്ക്കുന്ന സ്നേഹദൂതന്മാർ വന്ന് ഞങ്ങളെ സുരക്ഷിതമായി കരയിലെത്തിക്കും." കടലെടുക്കാത്ത ഓർമകളെ നിരത്തിവയ്ക്കുകയാണ് അമ്പിളി.



*കുരുവിനാൽ പുന്നോലിവീട്ടിൽ ടോമിയും അമ്പിളിയും മക്കളോടൊപ്പം*

"ഞങ്ങളുടെ ജീവിതശൈലി ഒട്ടൊന്നു വേറേയാണ്." ടോമി പറഞ്ഞുതുടങ്ങി. "ആഡംബരം ഒട്ടും പ്രിയമില്ലാത്തയാളാണ് ഞാൻ. ഭക്ഷണം, വസ്ത്രം, വീട്, വിദ്യാഭ്യാസം ഇതെല്ലാം മക്കൾക്കു കൊടുക്കണം. അനാവശ്യമായ ആർത്തി ഒന്നിനോടുമില്ല. ഇന്നത്തെ ലോകത്തിന്റെ മനുഷ്യരാകാൻ എളുപ്പമാണ്. മാറിനില്ക്കലാണു ബുദ്ധിമുട്ട്. ഉള്ളതുകൊണ്ടു കഴിയും. നാളെയെപ്പറ്റി അമിതമായി ആകുലപ്പെടാറില്ല. അമ്പിളിയും അങ്ങനെതന്നെയാണ്. കിട്ടുന്നതെല്ലാം ബോണസായി കരുതാനാണിഷ്ടം" സങ്കടങ്ങളുടെ ലുത്തിനിയ പാടാൻ ടോമിച്ചനില്ലെന്നു ചുരുക്കം.

■ വീട്ടുജോലികളും കുട്ടികളുടെ പഠനവും എല്ലാമായി അമ്പിളി മടുക്കില്ലേ? പരാതി പറയാറുണ്ടോ?

"ഏയ്, അമ്പിളിയെപ്പോഴും പോസിറ്റീവാണ്. കൊവിഡ് കഴിഞ്ഞ് ഇന്നാണവൾ ആദ്യമായി നെഗറ്റീവായത്," ചിരിച്ചുകൊണ്ടു ടോമി പറഞ്ഞു. "അമ്പിളിയുടെ അധ്വാനമാണീ കുടുംബം. കുട്ടികളുടെ കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്നത് അവളാണ്. 100ൽ 110 മാർക്കു കൊടുക്കും ഞാനെന്റെ ഭാര്യയ്ക്ക്."

■ അപ്പോ, മക്കളോ? ഇത്രയും പേർ ഒരുമിച്ചാവുമ്പോൾ ഇന്നത്തെ കാലത്ത്, അവർക്കു പരിഭവങ്ങളില്ലേ?

"മക്കൾക്കറിയാമല്ലോ കുടുംബത്തിന്റെ അവസ്ഥ. മൂത്ത കുട്ടികളെല്ലാം അതറിഞ്ഞു പെരുമാറും. കൊച്ചുകുട്ടികൾ കളിപ്പാട്ടങ്ങൾക്കോ മറ്റോ കൊതി പറഞ്ഞാലായി. നേരത്തേ ഞാൻ മദ്യപിച്ചിരുന്നു. അപകടശേഷം അതു പൂർണമായും നിറുത്തി. അല്പം ആരോഗ്യക്കുറവുണ്ട്. എങ്കിലും കൂടുതൽ കുഞ്ഞുങ്ങളുള്ള കോഴി കൂടുതൽ ദൂരത്തിൽ ചികയേണ്ടേ? അധ്വാനിക്കുകയാണ്, ആവുംപോലെ." ടോമി പറഞ്ഞു നിറുത്തിയിടത്തുനിന്ന് അമ്പിളി തുടങ്ങി:

"ഞാനും മക്കളും വൈകിട്ട് പപ്പാ വരാൻ നോക്കിയിരിക്കും, പകലത്തെ വിശേഷങ്ങൾ മുഴുവൻ പറയാൻ. ടോമി കുട്ടികളെ അങ്ങനെയിങ്ങനെയൊന്നും വഴക്കുപറയുകയോ അടിക്കുകയോ ഇല്ല. അതുകൊണ്ടവർ ടോമിയോട് എല്ലാം തുറന്നു പറയും.

പുറത്തുപോയുള്ള ആഘോഷങ്ങളിൽ വലിയ താത്പര്യമില്ല. ഞാനും കുഞ്ഞുങ്ങളും പോകുന്നതിൽ വിരോധവുമില്ല."

സ്ത്രീയും പുരുഷനും പരാതികളില്ലാതെ പരസ്പരപൂരകങ്ങളാവുന്നത് എത്ര സുന്ദരമായ കാഴ്ചയാണല്ലേ?

"ഒൻപതു കുഞ്ഞുങ്ങൾ എനിക്കൊരിക്കലും ഭാരമായി തോന്നിയിട്ടേയില്ല. കൊവിഡ് വന്നു തളർന്നുകിടന്നപ്പോൾ മൂത്തമോൻ അപ്പു (മാത്യു) വീട്ടിലെ എല്ലാക്കാര്യങ്ങളും നോക്കിനടത്തി. ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി കോഴ്സ്, ഫൈനൽ സെമസ്റ്റർ പരീക്ഷയ്ക്കൊരുങ്ങുകയാണവൻ. കുഞ്ഞുങ്ങളെ കൈ കഴുകിച്ച്, ഒരുമിച്ചിരുത്തി അവൻ ഭക്ഷണം വിളമ്പിക്കൊടുക്കും. രണ്ടാമത്തെ മോൻ റോയി വീടൊക്കെ വൃത്തിയാക്കി വയ്ക്കും. ആൻമരിയയും തോമസും ജോസഫും ഏഞ്ചലും ജോർജും കൂടെക്കൂടും. അംഗൻവാടിക്കാരൻ ഡേവിഡും ഒന്നരവയസുകാരൻ മൈക്കിളും മൂത്തവരുടെ ചുവടുപിടിച്ച് നടന്നുകൊള്ളും. കുഞ്ഞുങ്ങളെന്തിനെങ്കിലും വാശിപിടിച്ചാൽ ഞാൻ പറയും അപ്പുച്ചേട്ടനു ജോലി കിട്ടുമ്പോ വാങ്ങിത്തരുമെന്ന്. അപ്പോ അവർ ശാന്തരാകും."

'ഒരുമയ്ക്ക് ഒൻപതു വർക്കത്താ' എന്നു കാർന്നോന്മാരു പറഞ്ഞിരുന്നത് പുന്നോലിൽ വീട്ടിൽ സത്യമാവുകയാണ്.

"പപ്പാ, പത്താമത്തെയാൾ വേണ്ടേ? എന്നാ ഇനി?" 21 വയസ്സുകാരൻ അപ്പു അപ്പനോടു ചോദിക്കയാണ്. വലിയ കുടുംബങ്ങളിൽ വിരിയുന്ന വസന്തത്തിന്റെ സുഗന്ധമളക്കാൻ മറ്റെന്തുവേണം തെളിവിനായി?

■

---

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

# മലയണ്ണാനും ചാമ്പൽമലയണ്ണാനും

■ മാത്യൂസ് ആർപ്പൂക്കര

**മ**ലയണ്ണാൻ ഒരിക്കലും കാടുവിട്ടിറങ്ങാറില്ല. നിലത്തിറങ്ങുന്നതും വളരെ അപൂർവം. വിശ്രമവും സഞ്ചാരവുമൊക്കെ മരങ്ങളിൽത്തന്നെ. മരത്തിലൂടെ അതിവേഗം ഓടാനും ചാടാനും സാധിക്കും. കായും പൂവും പഴവും ഇലയുമൊക്കെയാണ് ആഹാരം. പല്ലും മുൻകാലുകളും ഭക്ഷണം കഴിക്കാൻ സഹായിക്കുന്നു.



അണ്ണാൻവർഗത്തിലെ ഏറ്റവും വലുപ്പവും സൗന്ദര്യവും ഉള്ളവരാണ് മലയണ്ണാൻമാർ. രോമംനിറഞ്ഞ ശരീരത്തിനു വാലുൾപ്പെടെ മൂന്നടി നീളം കാണും. വാലിനു കറുപ്പുനിറമാണ്. വാലിന്റെയറ്റത്ത് ചുവപ്പുകലർന്ന നിറവും ശരീരത്തിന്റെ അടിവശത്ത് ചുവപ്പുനിറവുമുണ്ടാകും. മുതുകിന് ഇളംചുവപ്പുനിറം. നെറ്റിക്കു ചുവപ്പുകലർന്ന തവിട്ടുനിറവും.

മലയണ്ണാൻ ഒറ്റയാൾസഞ്ചാരികളാണ്. വളരെയുച്ചത്തിൽ ശബ്ദമുണ്ടാക്കും. വന്മരങ്ങളിലെ ചില്ലകളിലാണ് കൂടൊരുക്കുക. മിക്കവാറും ഉയരമുള്ള മരത്തിലാവും കൂടിന്റെ സ്ഥാനം. ചില്ലകളുടെ മുകൾഭാഗങ്ങളിലെ കൂട്ടിലേക്കു കടന്നുചെല്ലാൻ ശത്രുക്കൾക്ക് അത്രയൊന്നും സാധിക്കില്ലെന്നതാണു വസ്തുത. കൂടുനിർമാണം പെൺ അണ്ണാൻ ഒറ്റയ്ക്കുതന്നെ. ഇലകളും കനമില്ലാത്ത ചുള്ളികളും മറ്റുംകൊണ്ടാണ് കൂടൊരുക്കുക. അടുത്തടുത്ത മരങ്ങളിൽ ഒന്നിലേറെ കൂടുണ്ടാകും. ശത്രുക്കളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടിയാണിത്.

അണ്ണാന്റെ പല്ലുകൾ എപ്പോഴും വളർന്നുകൊണ്ടിരിക്കും. വളരുന്നതനുസരിച്ചു തേഞ്ഞുപോകാറുമുണ്ട്. പകൽസഞ്ചാരിയാണ് മലയണ്ണാൻ. പുലർച്ചയ്ക്കും സന്ധ്യയ്ക്കുമാണ് തീറ്റതേടൽ. കാട്ടുപരുന്ത്, കഴുകൻ തുടങ്ങിയ പക്ഷികളും കാട്ടുപൂച്ച, വെരുക് മുതലായ ചില മൃഗങ്ങളും മലയണ്ണാനെ വേട്ടയാടാറുണ്ട്.

വിവിധ നിറങ്ങളിൽ കാണപ്പെടുന്ന മലയണ്ണാന്റെ ഭംഗിയൊന്നും ചാമ്പൽമലയണ്ണാനില്ല. അല്പം ചെറുതാണ് ഈ അണ്ണാൻ. സുമാർ ഒന്നരയടി നീളം. അത്രതന്നെ നീളം വാലിനുമുണ്ടാകും. മലയണ്ണാനുമായി നിറത്തിൽ മാത്രമാണ് പ്രധാന വ്യത്യാസം. തുടുത്ത ചുണ്ടുകളും രോമംനിറഞ്ഞ വാലുമുണ്ട്. തലയുടെ ഭാഗത്തും മുതുകിലും വിരലിനറ്റവും കറുപ്പുനിറമായിരിക്കും. വയറിനു ചെമ്പിച്ച നിറവും.

പകൽസഞ്ചാരികളാണ് ഇവ. മലയണ്ണാനെപ്പോലെ വിശ്രമം രാത്രിയിലും. മരത്തിൽനിന്നിറങ്ങാൻ തീരെ മടിതന്നെ. പൂർണമായും സസ്യാഹാരം തേടുന്നവരാണ് ചാമ്പൽമലയണ്ണാന്മാർ.

■

പ്രണയപാഠാവലി



98

ഡോ. ആന്റണി ജോസ്

# വിശുദ്ധ കൗമാരം



വിവാഹപൂർവബന്ധത്തെ പ്രണയത്തിന്റെ യഥാർത്ഥ മാനത്തിൽത്തന്നെ ഒരു പെൺകുട്ടി കാണുന്നു എന്നിരിക്കട്ടെ, അവളുടെ ബോധ-ഉപബോധ-അബോധങ്ങൾവരെയും അനുരാഗമഴ പെയ്തിറങ്ങിയിട്ടുണ്ടാകും. സ്വത്വത്തിൽ ഒപ്പുവച്ചു എന്നർത്ഥം. എന്നാൽ, പിന്നീട് അവൾ കാമുകനാൽ തിരസ്കൃതയാകുന്നുവെങ്കിലോ, അതവൾക്കു തീരാത്ത നൊമ്പരമായി മാറും. പൊക്കിൾക്കൊടി വേർപെട്ട, നിസ്സഹായാവസ്ഥയായിരിക്കുമവൾക്ക്. കുറെക്കാലത്തിനു ശേഷം, സാഹചര്യങ്ങളുടെ സമ്മർദങ്ങൾകൊണ്ടും മറ്റും മറ്റൊരു വിവാഹബന്ധത്തിലേക്കു വരാം. അന്നും അവളുടെ ചുമലിൽ 'വൈകാരികസംതുലനത്തിന്റെ' ഒരു മാറാപ്പ് കണ്ടേക്കാം. ദേഷ്യം, നിരാശ, വഞ്ചനയുടെ ഓർമകൾ, അവശിഷ്ടസ്നേഹം (residual love) ഇതൊക്കെ അതിൽ കുത്തിനിറച്ചിട്ടുണ്ടാകും. ഓളപ്പാത്തികളില്ലാത്ത, ഒരു നീലജലാശയമാകുമോ അവളുടെ ജീവിതം?

ഇനി സ്വത്വസമർപ്പണം നടത്തിയ പുരുഷനാണു തഴയപ്പെടുന്നതെങ്കിലോ? അയാളുടെ സ്ഥിതിയും ഇതൊക്കെത്തന്നെയായിരിക്കും. അവൾക്കു തക്കതായ ന്യായീകരണങ്ങൾ ഇല്ല എന്നർത്ഥമില്ല. മിടുക്കു തെളിയിക്കാനുള്ള 'പ്രൊബേഷൻ' കാലമാണ് അവനു കൊടുത്തത്. തന്റെ ജീവിതപങ്കാളിയാകാനുള്ള 'യോഗ്യത' തെളിയിക്കാനായില്ല. അതുകൊണ്ട് പ്രൊപ്പോസൽ തള്ളി. 'അനുവാദമില്ലാതെ അകത്തു വന്നു, നെഞ്ചിൽ അടച്ചിട്ട മണിവാതിൽ നീ തുറന്നു' എന്നൊക്കെ അവൻ പറയുന്നതാണ്; ഞാനറിഞ്ഞിട്ടില്ല. വിവാഹാർഭ്യർത്ഥനകൾ നിരസിക്കപ്പെടുന്നതിന്റെ ഒരു സാധാരണ പരിസരമാണിത്. താത്കാലികബന്ധങ്ങൾ നിലനിറുത്തുന്നതിൽ സ്ത്രീകൾക്ക് വേറെയും ഉദ്ദേശ്യങ്ങളുണ്ടാകാം. പ്രത്യേക സാഹചര്യങ്ങളിൽ ഒരു സപ്പോർട്ട്, പോർമുഖത്ത് ഒരു മറ, സാമ്പത്തിക ലക്ഷ്യങ്ങൾക്കുള്ള ഒരു കരുതൽനിധി - ഇങ്ങനെ പലതുമുണ്ടാകാം. അവന്റെ ഇംഗിതങ്ങൾ ഏതറ്റംവരെയും സാധിച്ചുകൊടുത്തെന്നുമിരിക്കാം. പക്ഷേ, ഒന്നുറപ്പാണ്; തന്റെ സ്വത്വത്തിൽ ഒരു വാഗ്ദാനവും അവൾ എഴുതിച്ചേർത്തിട്ടില്ല; നൽകിയിട്ടുമില്ല.

ഈയൊരു സ്ഥിതിവിശേഷം, കടുത്ത വെല്ലുവിളികൾ ഉയർത്തുന്നതാണെന്നു മറക്കാതിരിക്കണം. പ്രണയപ്പക അതിന്റെ സകലഭീഷണതയോടുംകൂടി മറനീക്കി പുറത്തുവരാം. "വേറൊരുത്തന്റെ കൂടെപ്പോയി സുഖിക്കുന്നതെന്നു കാണട്ടെ." ഇതൊരു കൊലവിളിയാണ്. നിഷ്കരുണം അവളുടെ കഥ കഴിക്കുകയോ നിത്യ വിരൂപത്വത്തിലേക്കു തള്ളിവിടുകയോ ചെയ്യുകയാണ് അടുത്ത ക്രൂരത! വേറേ ചിലർ കാമുകിയെ ഇല്ലാതാക്കുന്നതോടൊപ്പം സ്വന്തം ജീവൻകൂടി എടുക്കുന്നു!

കാമുകിയെ നശിപ്പിക്കുന്നതിനു പിന്നിൽ കടുത്ത അസൂയയും പ്രതികാരചിന്തയും ഈഗോയ്ക്കേറ്റ മുറിവുമൊക്കെ കാരണമാകാം. എന്നാൽ, ഇരട്ടക്കൊലപാതകത്തിന് ഈ വിശദീകരണം തൃപ്തികരമല്ല. മുദ്രിതവ്യക്തിത്വത്തിന്റെ ശക്തമായ സ്വാധീനമോ വ്യക്തിത്വവൈകല്യമോ മനോരോഗങ്ങൾതന്നെയോ അയാളെ ഇത്തരം ഹീനകൃത്യത്തിനു പ്രേരിപ്പിച്ചിരിക്കാം. ഇക്കൂട്ടരിൽ പലരും 'ഓവർപൊസസിവാ'യി കാണപ്പെടുന്നു. തന്നോടല്ലാതെ മറ്റൊരാളോടു കാമുകി ഇടപെടുന്നതോ സംസാരിക്കുന്നതു പോലുമോ താങ്ങാനാവുന്നില്ല.

ആദ്യകാലത്ത് വലിയൊരു അംഗീകാരമായി അവൾ അതിനെ കണ്ടിരുന്നു. പിന്നീടാകട്ടെ, അത് ശ്വാസം മുട്ടിക്കുന്ന അനുഭവമായി. ഗത്യന്തരമില്ലാതെ വന്നപ്പോൾ നോ പറഞ്ഞു. സ്വത്വം അവൾക്കു തീറെഴുതിക്കൊടുത്തവനു പിന്നെ പിടിവള്ളിയില്ലല്ലോ. അവളെക്കൂടാതെ ഞാനില്ല എന്നെക്കൂടാതെ അവളും വേണ്ട - ഇതാണ് കുറ്റപത്രം.

കൗമാര-യൗവനങ്ങളുടെ കാല്പനികതയിൽ നീരാളിപ്പിടിത്തമിടാവുന്ന ഒന്നാണ് 'താരാരാധന.' താരം ആരുമാകാം; എന്തുമാകാം. ബലഹീനതയിൽ ദമനം ചെയ്യപ്പെട്ട ആവേഗങ്ങൾ ആരിൽക്കൂടി അല്ലെങ്കിൽ എന്തിൽക്കൂടി നിർഭയം പ്രസരിപ്പിക്കപ്പെടുന്നുവോ അത് താരബിംബമാണ്. മോഹഭംഗങ്ങളുടെ നിവൃത്തിയും ഇപ്രകാരമാകുന്നു. ഇതൊക്കെ ചടുലമായ താരമാനങ്ങളാണ്. വിഷാദതാരങ്ങളും കുറവല്ല. നമ്മുടെ അസ്തിത്വദുഃഖത്തോടു സഹാനുഭൂതിയുള്ള അഴലാരണ്യത്തിലെ കുടിപ്പാർപ്പുകാരാണവർ.

ഇവരുടെ 'ഫാനായി' മാറുന്നത് എപ്പോഴും ബോധപൂർവകമായ ഒരു പ്രക്രിയയാകണമെന്നില്ല. എന്നാൽ, അവർക്ക് നാം ഒരു ഇരയാകാനും പാടില്ല. കഥയും പാത്രങ്ങളും സർഗോപാസകരും വീരന്മാരുമെല്ലാം അടങ്ങുന്നതാണ് താരപ്രപഞ്ചം. പ്രതിരോധങ്ങളൊന്നുമില്ലാതെ, അവർ സ്വത്വങ്ങളെ കൈയടക്കാം. ആശയത്തിന്റെ പ്രതിലോമസ്തംഭങ്ങൾ സ്ഥാപിക്കാനും ചൂഷണത്തിലൂടെ വിലപ്പെട്ടവ കവർന്നെടുക്കാനുമുള്ള അജണ്ടകളെ കരുതിയിരിക്കുക.

പ്രണയത്തിലേക്കു ലഹരി കടന്നുവരുന്നത് രണ്ടു വിധത്തിലാണ്. ലഹരിക്കടിപ്പെട്ടവൻ പ്രണയത്തിലേക്കു വരുന്നു. അല്ലെങ്കിൽ പ്രണയിച്ചു തുടങ്ങിയ ശേഷം അതിനു വഴിപ്പെടുന്നു. രണ്ടെണ്ണമടിച്ചിട്ട് അവളെ ഫോൺ വിളിക്കാം എന്നൊക്കെ പറയുന്നവരുണ്ടല്ലോ. ഭാവിജീവിതം തകർച്ചയിലേക്കാണ് എന്നുറപ്പിച്ചു പറയാൻ മടിക്കേണ്ട. ആ ദാമ്പത്യവല്ലരി പൂചൂടുകയോ ഫലദായകമാകുകയോ ചെയ്യുന്നില്ല. കാലക്രമേണ, മൂല്യബോധം കുറ്റബോധത്തിനും സ്വത്വാപചയത്തിനും വഴിമാറുന്നു.

പെൺകുട്ടി ചിരിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നതിൽ ഗൂഢാർത്ഥങ്ങൾ ചികയുന്ന അപൂർവം പുരുഷന്മാരെങ്കിലുമുണ്ട്. ചിലരതിനെ പ്രേമത്തിന്റെ കണ്ണിലൂടെ വ്യാഖ്യാനിക്കാനിഷ്ടപ്പെടുന്നു. സ്ത്രീ സമൂഹജീവിയാണെന്ന കാര്യം പോലും അവർ മറക്കുകയാണ്. അവർക്കില്ലേ ചിരിക്കാനും സംസാരിക്കാനുമുള്ള അവകാശം? ഒരു സ്ത്രീ പുരുഷനെ കുറച്ചുനേരം നോക്കിനിന്നാൽ, അതിൽ കോരിത്തരിക്കാനെന്തിരിക്കുന്നു? അവൾക്കുമുണ്ട് നിരീക്ഷണത്തിനും ധാരണകൾ രൂപീകരിക്കാനുമുള്ള സ്വാതന്ത്ര്യം.

അതുകൊണ്ട് അന്ധമായി, ഏകപക്ഷീയമായി ഉണ്ടാകുന്ന ചില തോന്നലുകളല്ല പ്രണയം. അത്തരക്കാർ 'പ്രണയനിരാസ'ത്തെ അടുത്തറിയുന്നതോടെ സ്ത്രീവിരുദ്ധചിന്താഗതികളാൽ നയിക്കപ്പെടാനാണു സാധ്യത. ■

## പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന് തിളക്കമാർന്ന വിജയം



വീണാ എസ് സുതൻ (റാങ്ക് 57)



ആര്യ ആർ നായർ (റാങ്ക് 113)



എ.ബി. ശില്പ (റാങ്ക് 147)



അച്ചു വിൽസൺ (റാങ്ക് 156)

പാലാ: 2020 സിവിൽ സർവീസ് പരീക്ഷയിൽ 57, 113, 147, 156 ഉൾപ്പെടെ 10 റാങ്കുകൾ നേടി പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് തിളക്കമാർന്ന വിജയം കൈവരിച്ചു. അമ്പത്തിയേഴാം റാങ്ക് നേടിയ വീണാ എസ് സുതൻ ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഇന്റർവ്യൂ കോച്ചിങ് നേടിയത്. 113-ാം റാങ്ക് നേടിയ ആര്യ ആർ നായരും 147-ാം റാങ്ക് നേടിയ എ. ബി. ശില്പയും 156-ാം റാങ്ക് നേടിയ അഞ്ജു വിൽസണും ഇൻസ്റ്റിറ്റ്യൂട്ടിലെ ഫുൾ ടൈം വിദ്യാർത്ഥികളാണ്. ആര്യ കോളജു പഠനത്തോടൊപ്പം ആഡ്-ഓൺ കോഴ്സും പഠിച്ചിരുന്നു. മലയാളം ഐച്ഛിക വിഷയമായി എടുത്ത് എ. ബി. ശിൽപ, അനീസ് എസ്, അജേഷ് എ, നീനാ വിശ്വനാഥ്, അരുൺ കെ. പവിത്രൻ എന്നിവർ യഥാക്രമം 147, 403, 470, 496, 618 റാങ്കുകൾ നേടി. 150-ാം റാങ്ക് നേടിയ മിന്നു പി.എം., 209-ാം റാങ്ക് നേടിയ കെ. പ്രസാദ് കൃഷ്ണൻ എന്നിവരും ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്റർവ്യൂ കോച്ചിങ് വിദ്യാർത്ഥികളാണ്.

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്ത സംരംഭമായി 1998 ൽ പ്രവർത്തനം ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ മുന്നൂറിലധികം വിദ്യാർത്ഥികളെ ഇന്ത്യൻ സിവിൽ സർവീസിലേക്കു നയിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡോ. വി.വി. ജോർജൂകുട്ടി ഒട്ടലാങ്കൽ അറിയിച്ചു. വിജയികളെ മാനേജർ മോൺ. ഫിലിപ്പ് ഞരളക്കാട്ട്, പ്രോ-മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് , ഡയറക്ടർ ഡോ. സിറിയക് തോമസ്, ജോയിന്റ് ഡയറക്ടർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ എന്നിവർ അനുമോദിച്ചു.




15-ാം പേജ് തുടർച്ച

അപ്പോഴെല്ലാം ഇടയിൽ കയറിനിന്ന് കുട്ടികളെ രക്ഷിച്ചെടുക്കുകയായിരുന്നു സനൽ. അങ്ങനെയുള്ള പപ്പയാണ് ഇപ്പോൾ ദേഷ്യപ്പെടുന്നത്. കുട്ടികളെ സംബന്ധിച്ചിടത്തോളം അത് ആദ്യത്തെ സംഭവമായിരുന്നു.

"പപ്പാ." ദയ അവിടേക്കു വന്നു.

"പപ്പയെന്നാത്തിനാ ഇങ്ങനെ ദേഷ്യപ്പെടുന്നെ. ഞാൻ അവനെ ഭക്ഷണം കഴിപ്പിച്ചോളാം."

"നിനക്കു പഠിക്കാനൊന്നുമില്ലേ. ആറേഴു വയസായി. എന്നിട്ടും സ്വന്തമായി വാരിത്തിന്നാൻ അറിയേല. ഇന്നുമുതൽ നീ സ്വന്തമായി ഭക്ഷണം വാരിക്കഴിച്ചോളണം. എന്നിട്ട് പാത്രോം കഴുകിവച്ചോണം."

"അവൻ കൊച്ചല്ലേടാ. പാത്രമൊക്കെ കഴുകിവയ്ക്കാൻ അവനറിയോ."

അന്നാമ്മ ചോദിച്ചു.

"അമ്മച്ചി ഇതിലിടപെടരുത്." സനൽ അന്നാമ്മയ്ക്കു നേരേ ചൂണ്ടുവിരലുയർത്തി.

"ഒരു കൊച്ച്. ഈ കൊച്ചാ നാളെ വളരുന്നെ. കൊഞ്ചിച്ചും ലാളിച്ചും വളർത്തി അവസാനം മണ്ണിനും ചുണ്ണാമ്പിനും കൊള്ളാത്തവനാക്കും എല്ലാരുംകൂടി. എന്റെ വിധി നാളെ എന്റെ മകനുണ്ടാകരുത്. ആരില്ലെങ്കിലും ആരെയും ആശ്രയിക്കാതെ അവൻ ജീവിക്കാൻ പഠിക്കണം. അല്ലാതെ."

സനലിന്റെ വാക്കുകളെ ഇടർച്ച ബാധിച്ചു. അയാൾ ചൂരൽ നിലത്തേക്കു വലിച്ചെറിഞ്ഞ്, കണ്ണുനിറഞ്ഞു കിടപ്പുമുറിയിലേക്കു നടന്നു. അന്നാമ്മ പുതിയൊരാളെ കാണുന്നതുപോലെ സനലിനെ നോക്കിനിന്നു.

ബെഞ്ചമിൻ ശബ്ദമില്ലാതെ കരയുകയായിരുന്നു അപ്പോൾ. ഉറക്കെ കരയാൻ അവനു പേടിയായിരുന്നു. പുതിയൊരു പപ്പയാണു മുമ്പിൽ. അവൻ ഏങ്ങലടിച്ചുകൊണ്ട് ഭക്ഷണപാത്രം മുമ്പിലേക്ക് എടുത്തുവച്ചു. ദയയ്ക്കു സഹിക്കാനായില്ല. അവൾ ഓടിച്ചെന്ന് അവനെ കെട്ടിപ്പുണർന്നു.

"എന്റെ മോൻ കരയാതെ. കരയാതെ." അങ്ങനെ പറയുമ്പോൾ ദയയും കരയുന്നുണ്ടായിരുന്നു.

"അമ്മയില്ലാത്തോണ്ടല്ലേ. നമ്മുക്ക് അമ്മയില്ലാത്തോണ്ടല്ലേ." ബെഞ്ചമിൻ കരഞ്ഞു. കരഞ്ഞുകൊണ്ട് അവൻ ദയയോടു ചോദിച്ചു.


"നമ്മുടെ അമ്മ എന്നാത്തിനാ ചേച്ചി മരിച്ചുപോയെ? അമ്മ മരിച്ചുപോകണ്ടായിരുന്നു. അമ്മ മരിച്ചുപോകണ്ടായിരുന്നു. അല്ലേ ചേച്ചി...അമ്മേ..." ബെഞ്ചമിൻ ഉറക്കെക്കരഞ്ഞു

(തുടരും)




**ഒക്ടോബർ 10**
**ഏലിയ സ്ലീവാ മൂശ**
**ഏഴാം ഞായർ**

**നിയ 11:1–9**
**ഏശ 40:12–17**
**2 കൊറി 2:12–17**
**മത്താ 20:1–16**



# കാണാത്ത കണക്കുകൾ

**അത്യുന്നതന്റെ അതിശയിപ്പിക്കുന്ന മനോഭാവങ്ങളെയും മാനദണ്ഡങ്ങളെയും എത്തിപ്പിടിക്കാനുള്ള അഭിനിവേശവും അധ്വാനവുമാണ് ക്രിസ്തീയ ആത്മീയത. സ്വർഗത്തിന്റെ മാത്രം സ്വന്തമായ കണ്ടുപരിചയിക്കാത്ത കണക്കുകളെയും സാധാരണമല്ലാത്ത സമവാക്യങ്ങളെയും ചേരാത്ത ചേരുവകളെയുമൊക്കെ ചേർത്തുപിടിക്കാനുള്ള ചങ്കൂറ്റത്തിന്റെ പേരാണ് ക്രിസ്തുശിഷ്യത്വം.**



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

**കാ**ൽവരിയിൽ മനുഷ്യപുത്രൻ തൂങ്ങിയ കുരിശ് കാലത്തിനൊരു കണക്കുപുസ്തകമാണ്. മനുഷ്യൻ കാണാത്ത ചില കണക്കുകൾ അതിന്റെ മരപ്രതലത്തിൽ കുറിക്കപ്പെട്ടിട്ടുണ്ട്. ലോകനീതിയെ അതിലംഘിക്കുന്ന പരലോകനീതിയുടെ അത്യുദാത്ത അടയാളമായ സ്ലീവായിൽനിന്നു നീതിനിഷ്ഠയുടെയും നിഷ്പക്ഷതയുടെയും പ്രാരംഭപാഠങ്ങൾ ഹൃദിസ്ഥമാക്കി ജീവിതബന്ധങ്ങളെ കൂടുതൽ ക്രിസ്തീയമാക്കാൻ വചനവായനകൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ഒന്നാം വായനയിലെ ചിന്തകൾ വിശ്വാസജീവിതയാത്രയിൽ 'സ്മൃതി' എന്ന സുകൃതത്തിന്റെ സൗന്ദര്യത്തെയും 'ഓർമ'യുണ്ടാകേണ്ടതിന്റെ ആവശ്യകതയെയുംകുറിച്ചുള്ള ഓർമപ്പെടുത്തലാണ്. വിസ്മൃതിയിൽ ഒരു 'മൃതി'തന്നെ തെളിഞ്ഞുകിടപ്പില്ലേ? മറവിയുടെ മാറാല പിടിക്കരുതാത്ത പലതും മനുഷ്യജീവിതത്തിലുണ്ട്. അവയിൽ സർവപ്രധാനം ദൈവത്തിന്റെ ദാനങ്ങളാണ്. വിമോചനത്തിന്റെ വഴിയിലൂടെ സമ്പൽസമൃദ്ധമായ വാഗ്ദത്ത ദേശത്തേക്കുള്ള ദീർഘയാത്രയിലുടനീളം ശക്തനായ കർത്താവ് കനിഞ്ഞരുളിയ കൃപകളെ വിസ്മരിക്കരുതെന്ന് ഇസ്രായേൽജനത്തിനു കൊടുക്കുന്ന താക്കീത് നമ്മുടെ അനുദിനജീവിതത്തിലെ ദൈവികാനുഗ്രഹങ്ങളെ കണ്ടില്ലെന്നു നടിക്കരുത് എന്നുള്ള മുന്നറിയിപ്പുകൂടിയാണ്. ജീവിതം വെറും പിച്ചപ്പാത്രവും അതിൽ വീണുകിട്ടുന്നവയെല്ലാം ഉന്നതൻ തരുന്ന ഭിക്ഷയുമാണ്. ദൈവത്തോടുള്ള 'സ്നേഹം' എന്ന Abstract Noun നെ അവിടുത്തെ അനുശാസനങ്ങളുടെ അനുവർത്തനത്തിലൂടെ Concrete Noun ആക്കി അനുദിനജീവിതത്തിൽ മാറ്റുന്നവർ വിസ്മൃതിയുടെ വിനാശകരമായ പിടിയിൽപ്പെടുകയില്ല.

രണ്ടാം വായനയിലെ ചിന്തകൾ സത്തയിലും സ്വഭാവത്തിലും അതുല്യനാണ് ദൈവം എന്നുള്ള സത്യത്തെയും അതിനെ വിശ്വാസത്തിന്റെ അരക്കിട്ടുറപ്പിക്കാൻ പര്യാപ്തമായ ചില ചോദ്യങ്ങളെയുംപറ്റിയുള്ളവയാണ്. അവയോരോന്നിനും നാം വ്യക്തിപരമായി കൊടുക്കുന്ന ഉത്തരങ്ങളുടെ മൊത്തത്തുകയാണ് നമ്മുടെ വിശ്വാസം. ദൈവം അനുപമനായതുകൊണ്ടുതന്നെ അവിടുത്തെ ചിന്തകളും ചെയ്തികളും അഗ്രാഹ്യങ്ങളാണ്. ആയതിനാൽ, സൃഷ്ടപ്രപഞ്ചത്തെ ഒന്നാകെ നീതിയുടെ തുലാസിൽ തൂക്കുന്ന സർവേശനു സകലതും വിട്ടുകൊടുക്കാൻ നാം സന്നദ്ധരാകണം. നമുക്കായി ഇനിയും ശിഷ്ടം വച്ചിരിക്കുന്നവ ഏതൊക്കെയാണെന്നു മനസ്സിലാക്കാനും ഒരു പുനഃസമർപ്പണം സാധ്യമാക്കാനും വചനഭാഗം നമ്മെ ക്ഷണിക്കുന്നു.

മൂന്നാം വായനയിലെ ചിന്തകൾ സുതനേശുവിന്റെ സുഗന്ധവാഹകരാകാൻ ക്രിസ്തുശിഷ്യർക്കുള്ള കർത്തവ്യത്തെക്കുറിച്ചാണ്. മാമ്മോദീസാത്തൊട്ടിയിൽ നമുക്കു നല്കപ്പെട്ട പരിശുദ്ധിയുടെയും ദൈവജ്ഞാനത്തിന്റെയും ആദ്യപരിമളം മരണശയ്യവരെ നീളുന്ന നമ്മുടെ വിശ്വാസയാത്രയിൽ കാത്തുസൂക്ഷിക്കുമ്പോഴാണ് നാം കറകളഞ്ഞ ക്രൈസ്തവരാകുക. മാനസികാസ്വസ്ഥതകളും മാറാവ്യാധികളും ദുഃഖങ്ങളും ദുരിതങ്ങളും പാപങ്ങളും പാപപ്രേരണകളും മദ്യവും മായവും മാലിന്യവുമൊക്കെയുള്ള സമൂഹത്തിന്റെ ഭാഗമാകുമ്പോഴും ആദിമസൗരഭ്യം അന്യമായിപ്പോകാതെ 'ക്രിസ്തു മണക്കുന്നവർ' ആകാൻ നമുക്കു സാധിക്കണം. പരിശുദ്ധനായവന്റെ പരിമളമായി പരിണമിക്കാനും പരക്കാനും നാം പരിശ്രമിക്കണം. ദൈവവിശ്വാസത്തിന്റെ സുഗന്ധം ക്രമേണ കെട്ടുപോകുന്ന കുടുംബങ്ങളും വ്യക്തികളുമാകാം മതിയായ മുന്നറിയിപ്പുകളും ബോധവത്കരണവുമൊക്കെ ഉണ്ടായിട്ടും ചില മതവേട്ടക്കാരുടെ നാനാതരത്തിലുള്ള മനുഷ്യക്കെണികളിൽ കുടുങ്ങിപ്പോകുന്നത്.

സുവിശേഷത്തിലെ ചിന്തകൾ മുതലാളിയൊരുവൻ തന്റെ തോട്ടംതൊഴിലാളികളിലെ പിമ്പന്മാർക്കും മുമ്പന്മാർക്കും ദിനാന്ത്യം നല്കുന്ന 'തുല്യവേതന'ത്തിലെ ചില 'അതുല്യ'തകളെക്കുറിച്ചാണ്. ദൈവനീതി ദയയിൽ അധിഷ്ഠിതമാണ്. കാരണം, ദൈവം ദയയാണ്. അലിവാണ് അവിടുത്ത അളവുകോൽ. 'അർഹിക്കുന്നതു കൊടുക്കുക' എന്നതാണ് മാനുഷികനീതിയെങ്കിൽ, 'അനർഹമായതും കൊടുക്കുക' എന്നതാണ് ദൈവികനീതി. അർഹമായതിൽ ആനന്ദിക്കണം. അപ്പോൾ അസൂയയും പിറുപിറുപ്പുകളും അപ്രത്യക്ഷമാകും. നീതിയില്ലായ്മയുടെ ഭീതിയാണ് ഭൂതലമാകെ. വാദി പ്രതിയാക്കപ്പെടുന്ന വിരോധാഭാസമാണ് കൊടികുത്തി വാഴുന്നത്. കൊടിയ കുറ്റവാളികളെപ്പോലും സംരക്ഷിക്കാനും വാദിച്ചു ജയിപ്പിക്കാനുമൊക്കെ ഒത്താശ ചെയ്യുന്ന നിയമസംവിധാനങ്ങളും അവയ്ക്ക് 'ഓശാന' പാടുന്ന അധികാരക്കസേരകളും കരംകോർക്കുന്ന ഈ കരിപുരണ്ട കാലത്തിന്റെ ഏറ്റവും വലിയ ശാപം അനീതിയോട് ആഗോളതലത്തിലുള്ള അകമഴിഞ്ഞ പ്രീതിതന്നെയാണ്. നമ്മുടേതായ ജീവിതസാഹചര്യങ്ങളിൽ നീതി നിറഞ്ഞവരാകാം. ജീവിതവ്യാപാരങ്ങളെ കുറെക്കൂടി കരുണാമയമാക്കാം. മറ്റുള്ളവർക്ക് അവകാശപ്പെട്ടതെല്ലാം അല്പത്വംകൂടാതെ കൊടുക്കാം. ഹൃദയക്കുടുക്കയിൽ 'ദയയുടെ ദനാറകൾ' നിറയ്ക്കാം. നീതിയെന്ന നിധി കളയാതെ കാക്കാം. നില്ക്കുന്നയിടം നീതിപീഠമാക്കാം. അധഃസ്ഥിതിതരുടെ അഭിവൃദ്ധിക്കും അർഹമായ നീതിക്കുംവേണ്ടി ഒരു പുരുഷായുസ്സും പൗരോഹിത്യവും വ്യയം ചെയ്ത വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനെപ്പോലുള്ള പച്ചമനുഷ്യർ നീതിഹത്യക്കെതിരേ അണിനിരക്കുന്നതിനു നമ്മെ തുടർന്നും പ്രചോദിപ്പിക്കണം.

ദൈവരാജ്യത്തിലേക്ക് ആവുന്നത്ര ആത്മാക്കളെ സമ്പാദിക്കുക എന്നതാണ് ക്രിസ്തുവിശ്വാസികളുടെ, വിശേഷാൽ വൈദികസമർപ്പിതരുടെ കാതലായ കടമ. സമർപ്പിതരാരും ഒറ്റയ്ക്കു നാകത്തിലോ നരകത്തിലോ പ്രവേശിക്കില്ല. അവർ വിളിച്ചവരും വിസ്മരിച്ചവരുമായ ഒരു ഗണം പിന്നിലുണ്ടായിരിക്കും. 'എന്തേ തനിച്ച്?' എന്ന പടിപ്പുരചോദ്യത്തിന് അന്ന് ഒരു മറുപടിയും മതിയാകില്ല. അറിഞ്ഞോ അല്ലാതെയോ പിണഞ്ഞ പല ഉപേക്ഷകൾക്കും ഉത്തരം കൊടുക്കേണ്ടിവരും. 'ഞങ്ങളെ ആരും വിളിച്ചില്ല' എന്ന ജനത്തിന്റെ പരാതിയല്ലേ പൗരോഹിത്യ,സന്ന്യാസജീവിതങ്ങളുടെ പരാജയങ്ങളിലൊന്ന്? ഓർക്കണം, അത്യുന്നതന്റെ അതിശയിപ്പിക്കുന്ന മനോഭാവങ്ങളെയും മാനദണ്ഡങ്ങളെയും എത്തിപ്പിടിക്കാനുള്ള അഭിനിവേശവും അധ്വാനവുമാണ് ക്രിസ്തീയ ആത്മീയത. സ്വർഗത്തിന്റെ മാത്രം സ്വന്തമായ കണ്ടുപരിചയിക്കാത്ത കണക്കുകളെയും സാധാരണമല്ലാത്ത സമവാക്യങ്ങളെയും ചേരാത്ത ചേരുവകളെയുമൊക്കെ ചേർത്തുപിടിക്കാനുള്ള ചങ്കൂറ്റത്തിന്റെ പേരാണ് ക്രിസ്തുശിഷ്യത്വം.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**പാദുവ**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**

# മായുകില്ല ആ മധുരശബ്ദം

## എസ്.പി.ബിയുടെ ഓർമകൾക്ക് ഒരാണ്ട്





സുനിൽ പാലാ

എസ്.പി.ബി. എന്ന മൂന്നക്ഷരം മറഞ്ഞുപോയിട്ട് ഒരാണ്ട് പിന്നിട്ടു. എന്നാൽ, ആ പാട്ടുകളൊക്കെ ഇപ്പോഴും ശ്രോതാക്കളിൽ തേൻമഴയായി പെയ്തുകൊണ്ടിരിക്കുകയാണ്...

അപ്രതീക്ഷിതമായ ആ വേർപാടിന്റെ വേദന ആസ്വാദകരിൽ നിന്ന് ഇപ്പോഴും വിട്ടുമാറിയിട്ടില്ല.

എസ്.പി. ബാലസുബ്രഹ്മണ്യത്തിന്റെ പാട്ടുകൾ ഒരു ജനതയുടെ വികാരമായിരുന്നു. ആത്മാവിനോടു ചേർത്ത അനേകം ഗാനങ്ങളാണ് അദ്ദേഹം പാടിയത്.

നാലു പതിറ്റാണ്ടുകൾ തുടർച്ചയായി ആലാപനരംഗത്തു നിറഞ്ഞുനിൽക്കുക, മറ്റൊരു ഗായകനും കഴിയാത്തത്ര റെക്കോർഡുകൾ സ്വന്തമാക്കുക, പാട്ടിനൊപ്പം മറ്റു മേഖലകളിലും കഴിവു തെളിയിക്കുക... ഓർമകളുടെ താരാപഥത്തിൽ ബാലസുബ്രഹ്മണ്യത്തിന് എന്നും സുവർണ തിളക്കമാണ്.

പിന്നണിഗാനരംഗത്തും സ്റ്റേജ് ഷോകളിലും അദ്ദേഹം പാടിത്തീർത്ത സംഗീതമാധുരിയിൽ ലക്ഷക്കണക്കിന് ആരാധകരുടെ സ്നേഹസന്തോഷങ്ങൾ, ദുഃഖങ്ങളൊക്കെ അലിഞ്ഞുചേർന്നിരുന്നു. ഗായകൻ, സംഗീതസംവിധായകൻ, നടൻ, ശബ്ദകലാകാരൻ എന്നിങ്ങനെ തെന്നിന്ത്യയിൽ നിറഞ്ഞാടിയ പ്രതിഭയാണ് എസ്.പി.ബി.

സൂപ്പർ സ്റ്റാർ തലമുറകളുടെ തിളക്കത്തിന് മാറ്റുകൂട്ടിയ ഈ അനുഗൃഹീതശബ്ദം കൊവിഡ് ബാധയ്ക്കു തൊട്ടുമുമ്പുവരെ സജീവമായിരുന്നു.

16 ഇന്ത്യൻ ഭാഷകളിലായി 40,000 ലേറെ പാട്ടുകളാണ് എസ്.പി.ബി. പാടിയത്. ഏറ്റവും കൂടുതൽ സിനിമാപിന്നണി ഗാനങ്ങൾ പാടിയ ഗായകനെന്ന ലോകറെക്കോർഡ് ഇദ്ദേഹത്തിന്റെ പേരിലാണ്.

നാലു ഭാഷകളിലായി ആറു ദേശീയ പുരസ്കാരങ്ങളും 25 തവണ ആന്ധ്രാ സർക്കാരിന്റെ പ്രമുഖ ഗായകനുള്ള അവാർഡും ബാലസുബ്രഹ്മണ്യത്തെ തേടിയെത്തി. പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ നൽകി രാജ്യം ഈ മഹാഗായകനെ ആദരിച്ചു.

ഒറ്റദിവസം 21 പാട്ടുകൾപാടി ബാലസുബ്രഹ്മണ്യം അദ്ഭുതം സൃഷ്ടിച്ചിരുന്നു. 1981 ഫെബ്രുവരി 8 ന് രാവിലെ 9 മുതൽ രാത്രി 9 വരെ കന്നഡ സിനിമയിലെ സംഗീതസംവിധായകനായ ഉപേന്ദ്രകുമാറിനുവേണ്ടിയാണ് എസ്.പി.ബി. 21 പാട്ടുകൾ ഒറ്റ ദിവസം പാടിയത്. പിന്നീടൊരിക്കൽ ഒരു ദിനം 19 പാട്ടുകളും 16 പാട്ടുകളുമൊക്കെ റെക്കോർഡ് ചെയ്ത് ബാലസുബ്രഹ്മണ്യം സംഗീതപ്രേമികളെ അമ്പരപ്പിച്ചിട്ടുണ്ട്.

ബാലസുബ്രഹ്മണ്യത്തിന്റെ ഗാനമാധുരിയെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം ഓർമയിൽ വരുന്നത് 'കേളടി കൺമണി' എന്ന ചിത്രത്തിലെ 'മണ്ണിൽ ഇന്ത കാതൽ' എന്ന പാട്ടാണ്. ഭൂമിയിൽ പ്രണയമുള്ള കാലത്തോളം അനശ്വരമായി നിലനിൽക്കുന്ന ഈ പാട്ട് ബാലസുബ്രഹ്മണ്യത്തിന്റെ ഗാനജീവിതത്തിൽ ഏറെ ആഘോഷിക്കപ്പെട്ട പാട്ടുകളിൽ ഒന്നാണ്. സംഗീതം ശാസ്ത്രീയമായി അഭ്യസിക്കാതെ 'ശങ്കരാഭരണ'ത്തിലെ ശാസ്ത്രീയഗാനങ്ങളെല്ലാം എസ്.പി.ബി. പാടിയത് മറ്റൊരു വിസ്മയമായി.

ആന്ധ്രയിലെ നെല്ലൂർ ജില്ലയിൽ കോനെട്ടമ്മപേട്ടയിൽ 1946ൽ ജനിച്ച എസ്.പി.ബി. കുട്ടിക്കാലത്തുതന്നെ പാടുമായിരുന്നു. എന്നാൽ, ഹരികഥാകലാകാരനായ അച്ഛൻ എസ്.പി. ബാലമൂർത്തിക്കും അമ്മ ശകുന്തളാമ്മയ്ക്കും ബാലസുബ്രഹ്മണ്യനെ എഞ്ചിനീയറായി കാണാനായിരുന്നു ആഗ്രഹം. എഞ്ചിനീയറിങ് പഠനത്തിനിടയിലും നിരവധി പാട്ടുമത്സരങ്ങളിൽ പങ്കെടുത്ത് വിജയിയാകാൻ ബാലസുബ്രഹ്മണ്യത്തിനു കഴിഞ്ഞു.

1966 ൽ 'ശ്രീശ്രീശ്രീ മര്യാദ രാമൻ' എന്ന ചിത്രത്തിൽ പാടിക്കൊണ്ടായിരുന്നു തുടക്കം. ആദ്യം അവസരം നൽകിയത് എം.എസ്. വിശ്വനാഥൻ എന്ന പേരെടുത്ത സംഗീതസംവിധായകനായിരുന്നു. പിന്നീട് 'ശാന്തിനിലയം' എന്ന തമിഴ് ചിത്രത്തിൽ 'ഇയർക്കൈ എന്നും ഇളയ കന്നി' എന്നപാട്ട് എം.എസ്. വിശ്വനാഥൻ ബാലസുബ്രഹ്മണ്യത്തിനു കൊടുത്തു.

പി. സുശീലയ്ക്കൊപ്പമുള്ള ഈ യുഗ്മഗാനം അന്ന് തമിഴ് സിനിമയിലെ മുടിചൂടാമന്നായിരുന്ന എം.ജി.ആറിന് ഇഷ്ടപ്പെട്ടു. 'അടിമപ്പെൺ' എന്ന ചിത്രത്തിനുവേണ്ടി കെ.വി. മഹാദേവന്റെ സംഗീതസംവിധാനത്തിൽ എസ്.പി.ബിയെക്കൊണ്ടു പാടിക്കാൻ എം.ജി.ആർ. തീരുമാനിച്ചു. അടിമപ്പെണ്ണിലെ 'ആയിരം നിലവെ വാ...' വൻ ഹിറ്റായതോടെ ബാലു തമിഴിന്റെ സ്വന്തം പാട്ടുകാരനായി.

ശങ്കരാഭരണത്തിലെ ഗാനങ്ങളിലൂടെ ബാലസുബ്രഹ്മണ്യം തെന്നിന്ത്യയാകെ ഇളക്കിമറിച്ചു.

വൈരമുത്തു എഴുതിയ 'മലരേ മൗനമാ...' എന്ന കേൾവിക്കാരുടെ കണ്ണുനിറച്ച പാട്ട് എസ്.പി.ബിയുടെ ജീവിതത്തിൽ വലിയ വഴിത്തിരിവായി.

തമിഴെന്നോ ഹിന്ദിയെന്നോ കന്നഡയെന്നോ നോക്കാതെ മികച്ച പാട്ടുകൾ ആസ്വദിക്കുന്ന ഭാരതീയർ ബാലസുബ്രഹ്മണ്യത്തിന്റെ മാന്ത്രികശബ്ദവും ഭാവവും എന്നേ മനസ്സിൽ പ്രതിഷ്ഠിച്ചുകഴിഞ്ഞു. സംഗീതാസ്വാദകർ ഉള്ളിടത്തോളം കാലം എസ്.പി. ബാലസുബ്രഹ്മണ്യം എന്ന മഹാഗായകൻ അനശ്വരനാണ്.

# കാലാവസ്ഥാവ്യതിയാനം യുഗാന്ത്യപ്രതിഭാസമോ?

18

പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

"മുംബായ്ചേരിയിൽ തന്റെ രണ്ടു മക്കളെ കഷ്ടപ്പെട്ടു വളർത്താൻ വിഷമിക്കുന്ന ഒരമ്മയുടെ ശ്രദ്ധ അടുത്ത നേരത്തെ ആഹാരത്തെക്കുറിച്ചുള്ളതാണ്. മെഡിറ്ററേനിയൻ കടലിന്റെ മധ്യത്തിൽ ബോട്ടിൽ യാത്ര ചെയ്യുന്ന ഒരഭയാർത്ഥിയുടെ അന്വേഷണം എവിടെയെങ്കിലും കരയുടെ സാന്നിധ്യം കാണുന്നുണ്ടോയെന്നാണ്. ലണ്ടനിലെ ഒരു ഹോസ്പിറ്റലിൽ തിങ്ങിനിറഞ്ഞ ആളുകളുടെ നടുക്കുനിൽക്കുന്ന ഒരു മാറാരോഗിയുടെ അശ്രാന്ത പരിശ്രമം അടുത്ത ഒരു ശ്വാസമെടുക്കാനാണ്. ആഗോളതാപനത്തെക്കുറിച്ചോ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചോ എന്നതിലേറെ ആകുലതകൾ അവർക്കവരുടേതായിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനമെന്നത് ഈ വിഭാഗക്കാരുടെ ഒരു പരിഗണനയേ അല്ലായെങ്കിലും ഇക്കൂട്ടരൊക്കെ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് കാലാവസ്ഥാവ്യതിയാനം ഒരു കാരണമാണ്." 'സാപ്പിയൻസ്' എന്ന തന്റെ ആദ്യപുസ്തകത്തിലൂടെത്തന്നെ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഡോ. യുവൽ നോഹ ഹരാരിയുടെ മൂന്നാമത്തെ പുസ്തകമായ '21 lessons for the 21 st Century' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതിവച്ച വാക്കുകളാണിത്.

ചെറിയവനും വലിയവനും എന്ന വ്യത്യാസമില്ലാതെ, പാശ്ചാത്യരും പൗരസ്ത്യരും എന്ന ഭേദമില്ലാതെ എല്ലാവരെയും ഒരുപോലെ ബാധിക്കുന്ന ഒരാഗോളപ്രതിഭാസമെന്ന രീതിയിലാണ് കാലാവസ്ഥാവ്യതിയാനം എന്ന വിഷയത്തെ നാം കാണേണ്ടത്. അക്ഷരാഭ്യാസമില്ലാത്ത സാധാരണകർഷകർപോലും അവരുടെ കൃഷിയിടങ്ങളിൽ അനുഭവിച്ചറിയുന്ന ഒരു യാഥാർത്ഥ്യമാണ് കാലാവസ്ഥാവ്യതിയാനം. മാനം നോക്കിയും, മൺസൂൺ നോക്കിയും കൃഷിയിറക്കാൻ പറ്റാത്ത ഒരവസ്ഥയുണ്ടിന്ന്. ഓരോ ആണ്ടും നാമാവർത്തിക്കുന്ന ഒരു പല്ലവിയുണ്ട്: 'ഹോ!.. ഈ വർഷത്തെ ചൂട്... മുമ്പെങ്ങുമില്ലാത്ത ചൂടാ...' മഴയെക്കുറിച്ചും നാമിതുതന്നെ പറയും. വെയിലിന്റെ കാഠിന്യവും മഴയുടെ ശക്തിയും ഓരോ ആണ്ടും കൂടിക്കൂടി വരുന്നു. വല്ലപ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരുന്ന വരൾച്ചയും വെള്ളപ്പൊക്കവും അനുബന്ധപ്രശ്നങ്ങളും എല്ലാ വർഷവും ഉണ്ടാകുന്നു. പൊതുവെ നല്ല മഴ ലഭിച്ചിരുന്ന വൃഷ്ടിപ്രദേശങ്ങൾ വരൾച്ചയും മഴ കുറവായിരുന്ന മഴനിഴൽ പ്രദേശങ്ങൾ നല്ല മഴയും സമ്മാനിക്കുന്ന അപൂർവതകൾ സാധാരണമാകുന്നു.

കാലാവസ്ഥാവ്യതിയാനത്തിനു കാരണമായ പ്രതിഭാസത്തെക്കുറിച്ചാണ് കൂടുതൽ മനസ്സിലാക്കേണ്ടത്. ആഗോളതാപനം (ഗ്ലോബൽ വാമിങ്) എന്ന പ്രതിഭാസമാണത്. വളരെ ലളിതമായി, 'ഭൂമിക്കു പനിക്കുന്നു' എന്നു പറയാം. ഭൗമോപരിതലത്തിനു ചൂടു കൂടുന്ന അവസ്ഥ. പ്രപഞ്ചത്തിൽ നടക്കുന്ന സ്വാഭാവികമായ ഒരു പ്രതിഭാസമാണിത്. ഈ പ്രതിഭാസമുള്ളതുകൊണ്ടാണ് മനുഷ്യനുൾപ്പെടെയുള്ള ജീവിവർഗങ്ങൾക്ക് ഭൂമിയിൽ ജീവിതം സാധ്യമാകുന്നത്! അതല്ലെങ്കിൽ ഭൂമിയുടെ താപനില –18 ഡിഗ്രി സെൽഷ്യസ് അതിശൈത്യാവസ്ഥയിലേക്കു താഴ്ന്നുപോകുമായിരുന്നു. അവിടെയാണ് അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളും ഹരിതഗൃഹപ്രഭാവം എന്ന പ്രക്രിയയും പ്രാധാന്യമർഹിക്കുന്നത്. കാർബൺ ഡൈഓക്സൈഡ്, മീഥൈൻ ക്ലോറോഫ്ളൂറോ കാർബൺ, നൈട്രജൻ ഓക്സൈഡുകൾ, ഓസോൺ വാതകം, ജലാംശം എന്നിവ അന്തരീക്ഷത്തിൽ കാണുന്ന ഹരിതഗൃഹവാതകങ്ങളാണ്. സൂര്യപ്രകാശത്തിലെ തരംഗദൈർഘ്യം കൂടുതലുള്ള ഇൻഫ്രാറെഡ് രശ്മികൾ ഭൂമിയിൽ തട്ടി തിരികെ ബഹിരാകാശത്തേക്കു പോകുമ്പോൾ, അന്തരീക്ഷത്തിലുള്ള ഹരിതഗൃഹവാതകങ്ങൾ ഈ രശ്മികളെ ആഗിരണം ചെയ്ത് വീണ്ടും ഭൗമോപരിതലത്തിലേക്കു മടക്കി അയയ്ക്കുന്നതുകൊണ്ട് ഭൂമിയുടെ ചൂടു വർദ്ധിക്കുന്നു. ഈ പ്രതിഭാസത്തെയാണ് ഹരിതഗൃഹപ്രഭാവം (Greenhouse effect) എന്നു പറയുന്നത്.

350 കോടി വർഷംമുമ്പ് ഭൂമിയിൽ ജീവനുണ്ടായി എന്നു കരുതപ്പെടുമ്പോൾ സ്വാഭാവികഹരിതഗൃഹപ്രഭാവം വഴി ജീവൻ നിലനിർത്തുന്നതിനാവശ്യമായ ഊഷ്മാവ് ഭൂമി ക്രമപ്പെടുത്തിവച്ചിട്ടുണ്ട്. ശരാശരി ഭൗമോപരിതല ഊഷ്മാവ് 15 ഡിഗ്രി സെൽഷ്യസ് എന്ന അളവിൽ സംതുലനമായി നിലനിന്നു പോരുന്നു. 350 കോടി വർഷംകാണ്ട് ഈ അളവിലുണ്ടായ വ്യത്യാസം 0.1 – 0.2 ഡിഗ്രി സെൽഷ്യസ് ആയിരുന്നുവെങ്കിൽ കഴിഞ്ഞ അരനൂറ്റാണ്ടിലുണ്ടായ വ്യത്യാസം അദ്ഭുതപ്പെടുത്തുന്നതാണ്, അപകടപ്പെടുത്തുന്നതാണ്. 2021 ആകുമ്പോഴേക്ക് അത് 1 ഡിഗ്രി സെൽഷ്യസിൽ എത്തിനിൽക്കുമ്പോൾ 2050 – 2100 വർഷങ്ങളിൽ 3 – 5 ഡിഗ്രി സെൽഷ്യസ് വർദ്ധന പ്രവചിച്ചിട്ടുണ്ട്, ശാസ്ത്രീയമായിത്തന്നെ. അന്തരീക്ഷ ഊഷ്മാവ് ശരാശരിയിൽനിന്നും 3 ഡിഗ്രി വർദ്ധനയിലേക്കെത്തുമ്പോൾതന്നെ ഭൂമിയിൽ ജീവൻ അസാധ്യമാകും എന്ന IPCC (Inter governmental panel of climate change)യുടെ മുന്നറിയിപ്പ് നമുക്കു മുമ്പിലുണ്ട്.

ഇത്തരം ഒരപകടത്തിലേക്കു ഭൂമിയുടെ താപനില എത്തിക്കുന്നതിലെ പ്രധാന ഉത്തരവാദിത്വം മനുഷ്യർക്കാണെന്നും മനുഷ്യരുടെ വിവേചനരഹിതമായ പ്രവർത്തനങ്ങൾമൂലമാണെന്നും ശാസ്ത്രലോകം അസന്ദിഗ്ധമാംവിധം പ്രഖ്യാപിക്കുമ്പോൾ പ്രിയമുള്ള കൂട്ടുകാരേ, ചില നിയന്ത്രണങ്ങൾക്കു നാം വിധേയരാകേണ്ടതുണ്ട്. പ്രതിരോധത്തിന്റെയും പ്രതിവിധികളുടെയും പിൻവാങ്ങലുകളുടെയും ഒരധ്യായമാണ് നമുക്കു മുമ്പിൽ തുറന്നുവരുന്നത്.

Deepanalam weekly

RNI No : 16998/68
Vol. 54 No. 27 Date of Publication 30 Sept 2021
Annual Subscription Rate ₹300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# St. Antony's

## Institute of Engineering, Pala

ISO 9001:2008 CERTIFIED

**Run by St. Antony's Educational & Charitable Trust**

**Affiliated to National Council of Vocational Training (NCVT), Govt. of India**



**ITI യിൽ ചേരൂ**
**തൊഴിൽ ഉറപ്പിക്കൂ**

**കേന്ദ്രസർക്കാറിനു കീഴിലുള്ള NCVT, കേരള സർക്കാർ ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പും അംഗീകരിച്ച ITI**



- **D/സിവിൽ** - 2 വർഷം - SSLC.
- **ഇലക്ട്രീഷ്യൻ** - 2 വർഷം - SSLC.

## 3 വർഷ എൻജി. ഡിപ്ലോമ

> സിവിൽ > മെക്കാനിക്കൽ > ഓട്ടോമൊബൈൽ > കമ്പ്യൂട്ടർ > ഇലക്ട്രോണിക്സ്

**ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്**

# 04822 212115, 8156873517

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org